# ഇരിട്ടി നഗരസഭ

## നവകേരളത്തിന് ജനകീയാസൂത്രണം



# പതിനാലാം പഞ്ചവത്സര പദ്ധതി

## പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് 2026-27

# ഇരിട്ടി നഗരസഭ
# അടിസ്ഥാന വിവരം

| | |
|---|---|
| നഗരസഭയുടെ പേര് | ഇരിട്ടി |
| ജില്ല | കണ്ണൂർ |
| താലൂക്ക് | ഇരിട്ടി |
| ഏരിയ ( കി മി) | 46 .65 |
| വാർഡുകളുടെ എണ്ണം | 34 |
| ജനസംഖ്യ | 43806 |
| പുരുഷൻമ്മാർ | 21804 |
| സ്ത്രീകൾ | 22002 |
| കുടുംബങ്ങൾ | 10952 |
| ജനസാന്ദ്രത | 887 |
| പട്ടികജാതി കുടുംബങ്ങൾ | 184 |
| പട്ടിക ജാതി ജനസംഖ്യ | 769 |
| പട്ടിക വർഗ്ഗ കുടുംബങ്ങൾ | 384 |
| പട്ടിക വർഗ്ഗ ജനസംഖ്യ | 1064 |
| പുരുഷ സ്ത്രീ അനുപാതം | 1000-1045 |
| സാക്ഷരതാ നിരക്ക് | 97.3 ശതമാനം |
| ബി പി എൽ കുടുംബങ്ങൾ | 3101 |
| നിയമസഭാ മണ്ഡലം | പേരാവൂർ |
| ലോക്സഭ മണ്ഡലം | കണ്ണൂർ |
| നഗരസഭയിൽ ഉൾപ്പെടുന്ന വില്ലേജുകൾ | കീഴൂർ , ചാവശ്ശേരി |

## അതിരുകൾ

| | |
|---|---|
| വടക്ക് | ഇരിട്ടി വളപട്ടണം പുഴ |
| തെക്ക് | തില്ലങ്കേരി, മുഴക്കുന്ന് ഗ്രാമ പഞ്ചായത്തുകൾ , മട്ടന്നൂർ നഗരസഭ |
| കിഴക്ക് | പായം പുഴ |
| പടിഞ്ഞാറ് | മട്ടന്നൂർ നഗരസഭ |

# ഇരിട്ടി നഗരസഭ
## കൗൺസിൽ അംഗങ്ങൾ 2025 - 2030

| ക്രമ നം | വാർഡിന്റെ പേര് | ജനപ്രതിനിധികളുടെ പേര് | ഫോൺ നമ്പർ |
|---|---|---|---|
| 1 | വെളിയമ്പ്ര | നദീറ എ | 7012817972 |
| 2 | വട്ടക്കയം | നവ്യ സി സന്തോഷ് | 9061568060 |
| 3 | എടക്കാനം | ധനിഷ പുതിയവീട് | 9048735906 |
| 4 | കീഴൂർക്കുന്ന് | ഉണ്ണികൃഷ്ണൻ.കെ.കെ | 9645234556 |
| 5 | വള്ള്യാട് | അമൃത.ബി | 8078890478 |
| 6 | നരിക്കുണ്ടം | പി വി ജിഷ | 9847992715 |
| 7 | ഇരിട്ടി | വി.പി. അബ്ദുൾ റഷീദ് | 9544520953 |
| 8 | കീഴൂർ | കെ ശ്രീലേഷ് | 9447853274 |
| 9 | കൂളിച്ചെമ്പ്ര | മുഹമ്മദ് റാഫി ടി എച്ച് | 7025712714 |
| 10 | പയഞ്ചേരി മുക്ക് | ജുമൈല ഫിറോസ് | 9072331850 |
| 11 | പയഞ്ചേരി | പി എ നസീർ | 9447519777 |
| 12 | അത്തിത്തട്ട് | ആർ കെ ഷൈജു | 9446989987 |
| 13 | വികാസ് നഗർ | എം നിഖിലേഷ് | 994670837[illegible] |
| 14 | മീത്തലെപുന്നാട് | വിനീത പി | 9656075737 |
| 15 | പുറപ്പാറ | ഇ കെ ഹാരിഫ ടീച്ചർ | 9207023260 |
| 16 | താവിലക്കുറ്റി | സി വി സുധാകരൻ | 7034423975 |
| 17 | പുന്നാട് ഈസ്റ്റ് | വി രാധ | 9495906987 |
| 18 | പുന്നാട് | പ്രജീഷ് എം | 9633706099 |
| 19 | ഉളിയിൽ | ഷബ്ന ടീച്ചർ | 9207092091 |
| 20 | ആവിലാട് | കെ രാജൻ | 9446093783 |
| 21 | കൂരൻമുക്ക് | ഷംസീർ ടി | 9633596310 |
| 22 | നരയൻപാറ | പി സീനത്ത് | 9544808967 |
| 23 | നടുവനാട് | എ.ലക്ഷ്മി | 9446165118 |
| 24 | നിടിയാഞ്ഞിരം | ശ്രീന എം വി | 9744148963 |
| 25 | ആവട്ടി | സി രജീഷ് | 9447541343 |
| 26 | വളോര | വിനോദ്കുമാർ.വി | 9446657359 |
| 27 | പെരിയത്തിൽ | ഹഫ്സത്ത് കെ | 7994064847 |
| 28 | കട്ടേങ്കണ്ടം | സന്ദീപ് ഇ | 7034029364 |
| 29 | ചാവശ്ശേരി ടൗൺ | രമ്യ സിഎം | 9539248957 |
| 30 | ചാവശ്ശേരി വെസ്റ്റ് | അജേഷ് കെ | 9745432022 |
| 31 | 19–ാം മൈൽ | ഷബ്നാസ് അഷറഫ് | 9605912433 |
| 32 | മണ്ണോറ | അനിത കെ | 9605290682 |
| 33 | പറയനാട് | കെ സോയ | 9544582363 |
| 34 | ആട്ട്യാലം | വി രാജീവൻ | 9446667790 |

## ഉള്ളടക്കം

1)ആമുഖം

2)വികസന മേഖലകളുടെ അവസ്ഥാ വിശകലനം

3)മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ

വിലയിരുത്തൽ

4)വികസന പരിപ്രേക്ഷ്യം

5)വികസന ലക്ഷ്യങ്ങളും പ്രോജക്ട് ആശയങ്ങളും

# ആമുഖം

1961 ലെ സർക്കാർ വിജ്ഞാപന പ്രകാരം 1963 ലാണ് കീഴൂർ ചാവശ്ശേരി പഞ്ചായത്ത് നിലവിൽ വന്നത്. അതിനു മുൻപ് കീഴൂർ, ചാവശ്ശേരി എന്നീ പഞ്ചായത്തുകളായി 1955 മുതൽ നിലവിലുണ്ടായിരുന്നു. 2016 ഓടുകൂടി നഗരസഭയായി മാറുകയും ചെയ്തു.

ചാവശ്ശേരിയിൽ ബ്രിട്ടീഷ് പട്ടാളസേന വന്ന് താവളമുറപ്പിക്കാറുണ്ടായിരുന്നു. ഈ സ്ഥലം പട്ടാളക്കരിയായി അറിയപ്പെട്ടിരുന്നു. ബ്രിട്ടീഷ് തടവുകാരെ പാർപ്പിക്കുന്ന സ്ഥലമായും പിന്നീടുള്ള സ്ഥലം വില്ലേജ് ഓഫീസ് ആയി മാറുകയും ചെയ്തു. ഇവിടങ്ങളിൽ ഇപ്പോൾ ഗവ.ഹയർ സെക്കന്ററി സ്കൂൾ, വില്ലേജ് ഓഫീസും, കെ.എസ്.ഇ.ബി സബ് സ്റ്റേഷനുമായി പ്രവർത്തിക്കുന്നുണ്ട്.

കോട്ടയം രാജവംശത്തിൻറെ അധീനതയിലായിരുന്ന ഈ പ്രദേശം ശക്തമായ ജന്മി കുടിയാൻ ബന്ധങ്ങളാൽ അധിഷ്ഠിതമായിരുന്നു. ഇവരുടെ കീഴിലുള്ള ഭൂപ്രഭുക്കന്മാരും കർഷകരെ കഠിനമായി ചൂഷണം ചെയ്തിരുന്നു. രാജവംശത്തിൻറെ തെക്കെ കോവിലകത്തിൻറെ ആസ്ഥാനമായ ചാവശ്ശേരിയിലായിരുന്നു. ഈ പ്രദേശത്തിൻറെ നോക്കി നടത്തിപ്പും മറ്റും കോവിലകവുമായി ബന്ധപ്പെട്ട ശ്രീകൃഷ്ണ - ശിവക്ഷേത്രങ്ങളും ക്ഷേത്രകുളങ്ങളും പുനരുദ്ധാരണം ചെയ്ത് തലശ്ശേരി ജ്ഞാനോദയ യോഗത്തിൻറെ കീഴിൽ ഇപ്പോഴും പരിപാലിച്ചുപോരുന്നു.

കീഴൂരിടം വാഴുന്നവരും വിശാലമായ ഭൂപ്രകൃതിയുടെ ഉടമസ്ഥരായിരുന്നു. കരിയാടി മലയുടെ അവകാശത്തെ ചൊല്ലി കോട്ടയം രാജാവ് കാരായി പൊക്കൻറെ നേതൃത്വത്തിലും തമ്മിൽ സംഘട്ടനം നടത്തിയിട്ടുണ്ട്. ഇതിൽ കീഴൂരിടം വാഴുന്നവർ ജയിക്കുകയും കരിയാടിമല കീഴൂരിടത്തിൻറെ അധീനതയിൽആവുകയും ചെയ്തു.

തമ്പുരാക്കന്മാരുടെ ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളിൽ ഒന്നും തന്നെ താഴ്ന്ന ജാതിക്കർക്ക് അയിത്ത കുറ്റികൾക്കപ്പുറം പ്രവേശനമുണ്ടായിരുന്നില്ല വ്യത്യസ്ത ജാതിയിലുള്ളവർക്ക് കുളിക്കുന്നതിന് കുളക്കടവുപോലും പ്രത്യേകം പ്രത്യേകമായിരുന്നു. തമ്പ്രാക്കന്മാരുടെ ആജ്ഞകൾ ലംഘിച്ചാൽ മുതലക്കു സമാനമായ ജീവികളെ വളരുന്ന മണ്ണൻ കുണ്ടിൽ തള്ളിയിട്ടും പുകയിട്ടും അട്ടക്കുണ്ടിൽനിർത്തിയും തുടങ്ങിയ അതികഠിനമായ ശിക്ഷാവിധികളായിരുന്നു.

1936 ലെ ക്ഷേത്രപ്രവേശന വിളംബരത്തിൻറെയും 1946 ലെ മറ്റു ക്ഷേത്രപ്രവേശന വിളംബരത്തിൻറെയും മാറ്റൊലികൾ ഇവിടങ്ങളിൽ ഉണ്ടായി. എൻ.വി.കുമാരൻ നായർ, ടി.കെ.നാരായണൻ എന്നിവർ കരിമ്പാലന്മാരെ സംഘടിപ്പിച്ച് ക്ഷേത്ര കുളത്തിലിറങ്ങിയാണ് ഇതിനെതിരെ പ്രതികരിച്ചത്. അക്കാലത്ത് പ്രസിദ്ധമായ മലമ്മക്കാവ് കേന്ദ്രം പുനരുദ്ധരിച്ച് ക്ഷേത്രകമ്മിറ്റി ഉത്സവങ്ങൾ കൊണ്ടാടിയിട്ടുണ്ട്. കീഴൂരിടം രാജഭരണത്തിൻറെ പ്രതീക്ഷമായി കോട്ടയുണ്ടായിരുന്നു. അത് പിന്നീട് കോട്ടക്കുന്ന് എന്ന പേരിൽ അറിയപ്പെടാനും തുടങ്ങി. ഇവിടെയും ഒരു ശിവക്ഷേത്രം നാട്ടുകാരുടെ സഹകരണത്തോടെ പുനരുദ്ധരിച്ച് നടത്തി വരുന്നു.

ഫലഭൂയിഷ്ഠമായ മണ്ണിൽ കനകം വിളയിച്ചിരുന്നു. കായിക സമൂഹവും അതിൻറെ ഫലം അനുഭവിച്ചു കൊണ്ടിരുന്നു. ജന്മിമാരും തമ്മിൽ സംഘർഷം നിലനിന്നിരുന്ന സ്ഥലമായിരുന്നു ചാവശ്ശേരി. എന്നാൽ കീഴൂരിടത്തിൻറെ കീഴിലുള്ള കർഷകരുമായി

ജന്മിമാർക്ക് നല്ല ബന്ധമായിരുന്നു. കോട്ടയം തമ്പുരാനെയും കീഴൂരിടം ജന്മിമാരെയും പോലെ ശക്തരായ ഭൂപ്രഭുക്കന്മാരെയും ഉളിയിൽ മാത്രക്കൻകോയിലോട്ട തറവാട്. എരിഞ്ഞാലിൽ, പുതിയാച്ചെൻ തുടങ്ങിയ കുടുംബങ്ങൾ പുന്നാട് പ്രദേശത്തും ഉണ്ടായിരുന്നു. അന്ന് ജന്മിമാർക്ക് വെച്ചുകാണൽ വാരി, നുരി് പശുവിൻ നെയ്യ്, പച്ചഅരി, പഞ്ചസാരക്കലം, കോഴി എന്നിവ കാണിക്കവെച്ചും മേൽ ചാർത്തു നടത്തി ആതികുടിയാന്മാരെ ഒഴിപ്പിച്ചുമായിരുന്നു പ്രീതിപ്പെടുത്തിയിരുന്നത്. ഈ സമ്പ്രദായങ്ങൾ കുടിയാന്മാർക്ക് നിത്യദുരിതം മാത്രം സമ്മാനിച്ചവരായിരുന്നു.

ബ്രിട്ടീഷ് ഭരണം നിലനിന്നിരുന്ന കാലത്തുതന്നെ വാരം, പുറപ്പാട്, വാശി, നരി, വെച്ചുകാണൽ തുടങ്ങിയ ചൂഷണങ്ങൾക്കെതിരരെ നിരവധി പ്രക്ഷോഭങ്ങൾ നടത്തിയിട്ടുണ്ട്. ജനങ്ങൾക്ക് നേരിട്ട് പരാതി നൽകാൻ അവകാശമുണ്ടായിരുന്നില്ല അധികാരിയുടെ യഥാസ്ഥ് വേണമായിരുന്നു പരാതി ബോധിപ്പിക്കാൻ അക്കാലത്തെ അധികാരികളിലൊരാളായിരുന്നു കോട്ടാ? കുട്ട്യത്തഹാജി. 1930 മുതൽ കർഷക പ്രസ്ഥാനങ്ങൾക്ക് നല്ല പോരാട്ടമുള്ള പ്രദേശമായിരുന്നു നമ്മുടേത്. 1935 മുതൽ കർഷകസംഘം ഇരിട്ടി, കീഴൂർ, പുന്നാട്, ചാവശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ പ്രതിഷേധ പൊതുയോഗങ്ങൾ സംഘടിപ്പിക്കാറുണ്ടായിരുന്നു. ഇതിൻറെ ഫലമായി കൃഷിയിടങ്ങളുടെ തരംതിരിച്ച് ഒന്നാം നമ്പ്രർ നിലം, രണ്ടാം നമ്പ്രർ നിലം, മൂന്നാം നമ്പ്രർ നിലം എന്നാക്കി പാട്ടത്തിന് മാനദണ്ഡം നിശ്ചയിക്കുകയും വാരം 100 സേറിൽ നിന്നും 60 സേറാക്കി കുറക്കുകയും ചെയ്തു.

1939 ൽ യുദ്ധഫണ്ടിലേക്ക് നിർബ്ബന്ധപിരിവ് സർക്കാർ ഫണ്ട് തുടങ്ങിയപ്പോൾ അതിനെതിരെ കേരളപ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയുടെ ആഹ്വാനപ്രകാരം സപ്തംർ 15 ന് മട്ടന്നൂരിൽ നടന്ന പ്രതിഷേധ യോഗത്തിൽ പയ്യടക്കൻ ശങ്കരൻ നമ്പ്യാർ എൻ.കെ.ഗോവിന്ദൻ നമ്പ്യാർ, എൻ.വി.കുങ്കൻ നായർ എന്നിവർ പങ്കെടുക്കുകയും ക്രൂര മർദ്ദനത്തിന് ഇരയാവുകയും ചെയ്തു.

ആദ്യകാലത്ത് പഞ്ചായത്തുകളിൽ നിശ്ചിത വരുമാനക്കാർക്ക് മാത്രമേ വോട്ടവകാശമുണ്ടായിരുന്നുള്ളൂ. പരസ്യമായി കൈപൊക്കി വോട്ടായിരുന്നു നിലവിലുണ്ടായിരുന്നത്. സ്ത്രീകൾക്ക് വോട്ടവകാശം ഉണ്ടായിരുന്നില്ല ഭരണരംഗത്ത് പഞ്ചായത്തുകൾക്ക് സിവിൽ കോടതിയുടെ അധികാരം ഉണ്ടായിരുന്നെങ്കിലും വരുമാനത്തിൻറെ അപര്യാപ്തതമൂലം വികസന പ്രവർത്തനങ്ങൾ വേണ്ടത്ര നടത്തിയിരുന്നില്ല. എന്നാൽ റോഡുകൾക്കും പാലങ്ങൾക്കും പ്രത്യക പരിഗണന നൽകിയിരുന്നു.

കണ്ണൂർ ജില്ലയിലെപാരിസ്ഥിതിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ഒരു നഗരസഭയാണ് ഇരിട്ടി നഗരസഭ. കുന്നിൻപ്രദേശങ്ങൾ ധാരാളമുള്ള ഇരിട്ടി നഗരസഭയെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും മണ്ണിൻറെ ഘട്ടനയും, പരിസ്ഥിതിയിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. നഗരസഭയിലെ ചില മേഖലകളിൽ പരന്ന് കിടക്കുന്ന പാറകൂട്ടങ്ങളും, ഖനനം നടത്തിയുണ്ടാകുന്ന ഗർത്തങ്ങളും ആവാസ വ്യവസ്ഥിതിയിൽ വലിയ മാറ്റങ്ങൾക്ക് കാരണമാവുന്നുണ്ട്. എന്ന് എടുത്ത് പറയേണ്ടതുണ്ട്. ഒരുകാലത്ത് വനനിബിഡമായിരുന്ന കുന്നിൻപ്രദേശങ്ങൾ പാർപ്പിടത്തിനും, ഭക്ഷണം പാകം ചെയ്യുന്നതിന് ഇന്ധനമാക്കിയും ലാഭക്കൊതിയന്മാരുടെ ചൂഷണവും കാരണം ഇന്ന് കാട്ടു മരങ്ങൾ പോലും കാണാനില്ലാത്ത അവസ്ഥയിലെത്തിച്ചു. കരിയാടി, പാലത്താംകുഴി, മഞ്ഞകാഞ്ഞിരം, മാവുള്ളകുന്ന്,

മലമ്മക്കാവ് തുടങ്ങിയ സ്ഥലങ്ങൾ ഉദാഹരണങ്ങൾ മാത്രം. ഇതിനു പുറമെ റബ്ബർ, കശുമാവ് തുടങ്ങിയ തോട്ടവിള കൃഷിയും മാറ്റത്തിനു കാരണമായി. അധികാരവികേന്ദ്രീകരണം പൂർണ്ണമായതും സക്രിയമായതുമായ വികസനം, ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെയാണ് നമ്മുടെ നഗരസഭയിൽ നടപ്പിലായിട്ടുള്ളത് എന്ന് എല്ലാവർക്കും അറിയാമല്ലോ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ 25 വർഷം പൂർത്തിയാകുന്ന സമയമാണിത്. പതിമൂന്നാം പഞ്ചവത്സരകാലത്ത് നഗരസഭയെ സാമ്പത്തിക വളർച്ചയുടെ ഉന്നതങ്ങളിലേക്ക് എത്തിക്കുന്നതോടൊപ്പം സാമൂഹിക നീതിയുടെയും പരിസ്ഥിതി സുരക്ഷയുടെയും മാതൃകയായി മാറാൻ നാം ലക്ഷ്യമിട്ടിട്ടുണ്ട്, മേൽ പറഞ്ഞ പ്രകാരം നമ്മുടെ വികസന പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിന് വിദഗ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും ക്രിയാത്മകമായ ഇടപെടലുകളും സഹായവും നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്, ജനങ്ങളുടെ അകമഴിഞ്ഞ സഹകരണം കൊണ്ടാണ് ലോകം പകച്ചുനിന്ന കോവിഡ് മഹാമാരിയെയും, പ്രകൃതി ദുരന്തങ്ങളെയും, മറ്റ് പകർച്ചവ്യാധികളെയും തരണം ചെയ്യാൻ നമുക്ക് സാധിച്ചത്.

2015 നവംബർ 1 ന് നിലവിൽ വന്ന ഇരിട്ടി നഗരസഭ അതിവേഗം നഗരവത്കരിച്ചുകൊണ്ടിരിക്കുന്ന പ്രദേശമാണ് .കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം യാഥാർഥ്യമായതോടെ നഗരസഭയുടെ വികസന സാധ്യത വളരെ ഏറെയാണ് .വ്യവസായ രംഗത്തും വാണിജ്ജ്യ രംഗത്തും സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തികൊണ്ട്നഗരസഭയിലെ മുഴുവൻ ജനങ്ങൾക്കും തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും അഭ്യസ്ത വിദ്യരായ യുവതീയുവാക്കളുടെ സേവനങ്ങൾ നഗരസഭയ്ക്ക് തന്നെ ലഭ്യമാക്കുന്നതിനും ഉള്ള സാധ്യതകൾ നാം കണ്ടത്തേണ്ടതാണ് .

വീടില്ലാത്ത മുഴുവൻ പേർക്കും വീട് എന്ന പദ്ധതി നഗരസഭയിൽ വളരെ കാര്യക്ഷമതയോടെ നടപ്പിലാക്കാൻ സാധിച്ചത് ഭരണസമിതിയുടെ നേട്ടമായി കാണുകയാണ്. സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതികൾ വയോമിത്രം പദ്ധതി കാർഷിക ഉല്പാദന മേഖലയിൽ ജൈവ കാർഷിക പദ്ധതികൾ,മൃഗപരിപാലന മേഖല,അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി,മാലിന്യ സംസ്കരണം, വിദ്യാഭ്യാസ ആരോഗ്യ മേഖലയിൽ സമഗ്ര പരിഷ്കരണം, നിലാവ് പദ്ധതി.അഗതി ആശ്രയ പദ്ധതികൾ, വിശപ്പ് രഹിത പദ്ധതി, ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് രഹിത നഗരസഭാ പ്രവർത്തനം, പട്ടികജാതി പട്ടിക വർഗ്ഗ ,വനിത ഭിന്നശേഷി വയോ വൃദ്ധരുടെ മേഖലകളിൽ സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട് .

മുഖ്യമന്ത്രിയുടെ പന്ത്രണ്ടിനപരിപാടി നഗരസഭ വളരെ വിജയകരമായി നടപ്പിലാക്കി വരുന്നു,പശ്ചാത്തലമേഘലയിൽ പ്രാദേശിക വികസനത്തിന് ഊന്നൽ നൽകികൊണ്ട് റോഡുകളും കൽവെർട്ടുകളും ഉൾപെടെ പൂർത്തിയാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്, വള്ളിയാട് ഇൻഡോർ സ്റേഡിയം, നഗരസഭാഓഡിറ്റോറിയം, ആധുനിക രീതിയിലുള്ള അറവ്ശാല മൽസ്യ മാർക്കറ്റുകൾ, ഭിന്നശേഷിക്കാർക്കുള്ള ബഡ്സ്സ്കൂൾ, എന്നിവ ഭരണ സമിതിയുടെസജീവ പരിഗണയിലാണ്

നഗരസഭയുടെ സുസ്ഥിര വികസനമാണ് 2024-25 പദ്ധതി വർഷത്തിൽ നഗരസഭ വിഭാവനം ചെയ്യുന്നത്.സാമൂഹിക വികസന രംഗത്ത് നാം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങൾ വർധിപ്പിക്കുന്നതിന് സുസ്ഥിരമായ സാമ്പത്തിയ വളർച്ച ഉറപ്പാക്കേണ്ടതാണ് .ആധുനിക

വൈജ്ഞാനിക മേഖലകകുടെ പിൻവലത്തോടെ ഉൽപ്പാദന വ്യവസ്ഥകളെ പുനരുജ്ജീവിപ്പിക്കുന്നതിനാണ് നാം പ്രാധാന്യം നൽകേണ്ടത്.നഗരസഭയെ വൈജ്ഞാനിക സമൂഹമാക്കി വളർത്തുകയും വിജ്ഞാന അധിഷ്ഠിതമായ സമ്പത് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുക എന്നതാണ് നാം ലക്ഷ്യമിടുന്നത്.ഇന്നേവരെ ആരംഭിച്ചിട്ടുള്ള സാമൂഹിക സാമ്പത്തിക വികസനത്തിന് കാരണമായ ഘടകങ്ങളെ ശക്തിപ്പെടുത്തുകയും ഓരോ വ്യക്തിയുടെയും സാമൂഹിക രീതിയിൽ അധിഷ്ഠിതമായ വികസനം ഉറപ്പുവരുത്തുകയും വേണം.ഈ നേട്ടങ്ങളുടെ തുടർച്ച ഉറപ്പുവരുത്തുന്നതിന് നമ്മുടെ പ്രകൃതി വിഭവങ്ങൾ ശ്രദ്ധയോടെ ഉപയോഗിക്കുകയും മനുഷ്യ വിഭവങ്ങൾ വൻ തോതിൽ വികസിപ്പിക്കുകയും വേണം. പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയുമാണ് മറ്റ് ലക്ഷ്യങ്ങൾ മികവുറ്റ മാനവ വികസന നേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തുക,പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കി കൊണ്ടുള്ള സുസ്ഥിര വികസനം ഉറപ്പാക്കുക കാലാവസ്ഥാ വ്യതിയാനത്തെയും തൽഫലമായി ഉണ്ടാകുന്ന പ്രകൃതി ദുരന്തത്തെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജിക്കാൻ സമൂഹത്തെ സഹായിക്കുക എന്നിവയും പൊതു ലക്ഷ്യങ്ങളിൽ പെടുന്നു.

പിന്നോക്ക വിഭാഗങ്ങൾഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾകൊള്ളുന്ന വികസനമാണ് നാം ലക്ഷ്യമിടുന്നത് .എല്ലാവരുടെയും മൗലിക അവകാശങ്ങളുടെ സംരക്ഷണം,സമഗ്രമായ സാമൂഹ്യ സുരക്ഷ, ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണമായ മോചനം ,മതസൗഹാർദത,സമാധാനം,ഉയർന്ന ഗുണനിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ,ആധുനികവും പരിസ്ഥിതി സൗഹൃദവുമായ സാങ്കേതിക വിദ്യകളുടെ ഉപയോഗം,മാലിന്യ നിർമ്മാർജ്ജനം,തൊഴിൽ ഉപജീവന സുരക്ഷ എന്നിവ പ്രധാന വികസന ലക്ഷ്യങ്ങളിൽ പെടുന്നു, സമഗ്രമായ വികസന സമീപനത്തിലൂടെ ഉന്നത ജീവിത ഗുണതയും സന്തോഷവും അനുഭവിക്കുന്ന ഉയർന്ന ആഹ്ളാദസൂചികയുള്ള ജന സമൂഹമായി മാറ്റാൻ കഴിയുന്ന രീതിയിലാകണം നമ്മുടെ തുടർന്ന് വരുന്ന പ്രവർത്തനങ്ങൾ.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായാണ് വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്, ആസൂത്രണവും നിർവഹണവും ഒൻപതാം പഞ്ചവത്സര പദ്ധതി മുതൽ പ്രാദേശിക ഭരണകൂടങ്ങളിൽ അർപ്പിതമാവുകയും ഒരുപാട് പ്രാദേശിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻസാധിച്ചിട്ടുമുണ്ട്, ഓരോ മേഖലയിലും ലഭ്യമായ ഫണ്ടിന്റെ പരിമിതിയിൽ നിന്നുകൊണ്ട് പരമാവധി വികസന പ്രവർത്തനങ്ങൾ നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്, എങ്കിലും നഗരസഭാ പരിധിക്കകത്ത് ഭൂരഹിതരും ഭവന രഹിതരും അഗതികളും ഇപ്പോഴും അധിവസിക്കുന്നുണ്ട്എന്നത് കൊണ്ട് തന്നെ ഇവർക്കൊക്കെ മുൻഗണന കൊടുത്തുകൊണ്ടും ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും പദ്ധതികൾ ആവിഷ്കരിക്കുകയാണ് പ്രധാനം.

പുതിയ കാലത്തിൻറെ വികസന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വിവിധ വൈജ്ഞാനികമേഖലകളിലെ വിദഗ്ധരുടെയും സന്നദ്ധപ്രവർത്തകരുടെയും പങ്കാളിത്തവും സേവനവും ഉപയോഗപ്പെടുത്തി പ്രാദേശിക ആസൂത്രണം, നിർവ്വഹണം എന്നിവ കാര്യക്ഷമമാക്കി നഗരസഭയുടെ സാമ്പത്തിക വളർച്ച ജനക്ഷേമ പ്രവർത്തനങ്ങൾ എന്നിവ സാർത്ഥ്വമാക്കുക എന്നതാണ് നഗരസഭയുടെ പൊതുസമീപനം. കൂടാതെ വിവിധ വികസന ഏജൻസികൾ വിഭാവനം ചെയ്യുന്ന

വികസന പ്രവർത്തനങ്ങൾ നഗരസഭയുടെ വികസന പ്രവർത്തങ്ങളുമായി ഉദ്ഗ്രഥിക്കുന്നതിന് പ്രാധാന്യം നൽകികൊണ്ട് സാധ്യമായ എല്ലാ സ്രോതസുകളിൽ നിന്നുമുള്ള വിഭവങ്ങൾ ഉപയോഗപ്പെടുത്തി കാര്യക്ഷമമായ വികസനപ്രവർത്തനങ്ങൾ നഗരസഭ നടപ്പാക്കുന്നതാണ്. പുതു വികസന ലക്ഷ്യങ്ങൾ മുൻനിർത്തി മറ്റ് തദേശ സ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുള്ള അനുകരണീയവും, നവീനവുമായ മാതൃകകളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതും കേരള സർക്കാരിൻറെ പൊതുനയത്തിന് അനുരൂപമായതും സഹായകമായതുമായ വികസന ലക്ഷ്യങ്ങളിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് നഗരസഭ ലക്ഷ്യമിടുന്നത്.

വികസന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിക്കൊണ്ട് ലഭിച്ചിട്ടുള്ള പദ്ധതി വിഹിതങ്ങൾക്ക് പുറമെ കേന്ദ്രസംസ്ഥാനാവിഷ്കൃത ഫണ്ടുകളും, പ്രവാസി, സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നുള്ള സഹായം ഉൾപ്പെടെ ഉപയേഗിച്ചുകൊണ്ട് ദീർഘകാല പരിപ്രേഷ്യത്തോടെ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനാണ് ഇരിട്ടി നഗരസഭ ആലോചിക്കുന്നത്. ഈ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹകരണവും സഹായവും ലഭിക്കുമെന്നു തന്നെയാണ് പ്രതീക്ഷിക്കുന്നത്

ആദരപൂർവ്വം

(ഒപ്പ്)

വി വിനോദ് കുമാർ

ഇരിട്ടി

ചെയർപേഴ്സൺ

**05.02.2026**

# വികസന മേഖലകളുടെ അവസ്ഥാ വിശകലനം

## 1. പൊതുഭരണവും ധനകാര്യവും

ഒരു പ്രാദേശിക ഗവൺമെൻറായി പ്രവർത്തിക്കുന്നതിന് നഗരസഭയുടെ വരുമാനം വൻതോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്.ശക്തമായ സാമ്പത്തിക അടിത്തറയിൽ നിന്നുകൊണ്ട് മാത്രമേ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. അതുപോലെ ഭരണ നിർവ്വഹണത്തിന്റെ ഭാഗമായി നിർവ്വഹണ കാര്യാലയങ്ങളിലും സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട് ആവശ്യങ്ങൾ നിർവേറ്റികൊടുക്കുന്നതിന് ഒരു പ്രാദേശിക ഗവൺമെൻറ് എന്ന നിലയിൽ നഗരസഭയ്ക്ക് കഴിയണം . കാര്യാലയത്തിൽ എത്തുന്ന പൊതുജനങ്ങൾക്ക് എത്രയും വേഗം സേവനം ലഭ്യമാക്കുന്ന തരത്തിൽ ആധുനിക കംപ്യൂട്ടർ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം നഗരസഭയെ സംബന്ധിച്ചുള്ള മുഴുവൻ ഡാറ്റകളും റവന്യൂ,റോഡ്,തോട്,കെട്ടിടങ്ങൾ സ്വകാര്യ-പൊതു സ്ഥാപനങ്ങൾ വായനശാലകൾ ഓഫീസുകൾ കളിസ്ഥലങ്ങൾ വനമേഖലകൾ നീർത്തടങ്ങൾ തുടങ്ങിയ എല്ലാ വിവരങ്ങളും സെൻസസ് സംബന്ധിച്ച വിവരങ്ങളും ജനസംഖ്യ ആൺ-പെൺ സംഖ്യ കുട്ടികൾ വൃദ്ധൻമാർ,ഭിന്നശേഷിക്കാർ ഭിന്ന ലിംഗക്കാർ തുടങ്ങിയവരുടെ വിവരങ്ങൾ വിദ്യാഭ്യാസം ചികിത്സാ സൗകര്യങ്ങൾ എന്നീവരുടെയും രേഖപ്പെടുത്തലുകൾ ആവശ്യമാണ് .

സാധാരണക്കാരായ ജനങ്ങൾക്ക് സംശ്യമേന്യ കാര്യങ്ങൾ മനസിലാക്കുന്നതിന് പൗരവകാശ രേഖ പരിഷ്കരിച്ച് പരസ്യപ്പെടുത്തുക. നികുതി സംബന്ധമായ വിവരങ്ങൾ, കെട്ടിട സംബന്ധമായ വിവരങ്ങൾ നികുതി ചുമത്തുന്ന രീതി നഗരസഭയിൽ നിന്ന് ലഭിക്കുന്ന മറ്റ് സേവനങ്ങൾ എന്നിവ നഗരസഭയിലെത്തുന്ന ജനങ്ങൾക്ക് ലഭ്യമാക്കുന്ന രീതിയിൽ വിശ്രമ കേന്ദ്രങ്ങളിൽ പ്രദേശിപ്പിക്കേണ്ടതുണ്ട് നഗരസഭയുടെ മുഴുവൻ ആസ്തികളും സംരക്ഷിക്കപ്പെടണം .കെട്ടിട നികുതി,തൊഴിൽ നികുതി എന്നീവ ശാസ്ത്രീമായി പരിഷ്കരിച്ച് സ്ഥിരം വരുമാനമുള്ള എല്ലാവരിൽ നിന്നും വിഹിതം ഈടാക്കാവുന്നതാണ്.

വിനോദ സഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റാവുന്ന ധാരാളം സ്ഥങ്ങൾ നമ്മുടെ മുൻസിപാലിറ്റിലുണ്ട് പഴശ്ശി റിസർവോയർ പ്രദേശങ്ങൾ ,ഉയർന്ന പ്രദേശ്ശങ്ങളായ അത്തിയിൽ, മുത്തപ്പൻ കരിയാടികുന്ന്, വള്ള്യാട് കുന്ന് എടക്കാനം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും പ്രകൃതി രമണീയത ആസ്വാദിക്കുന്നതിന് പറ്റിയ ദിക്കുകൾ ആണ്. ഫാം ടൂറിസത്തിന് സാധ്യതയുള്ള സ്ഥലങ്ങളുമുണ്ട് ഇവയൊക്കെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തിക്കൊണ്ട് വിനോദനികുതിയിനത്തിൽ സിനിമാശാലകൾക്ക് പുറമേ വരുമാനം കണ്ടെത്താൻ കഴിയും പച്ചക്കറി ചന്ത മത്സ്യമാർക്കറ്റ് ഇവയ്ക്ക് പട്ടണങ്ങളിൽ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ് നിലവിലുള്ള നഗരസഭയുടെ കാർഷിക ആധായം എടുക്കുന്നതിനും ബസ്സ്റ്റാൻറുകളിൽ നികുതി പിരിവ് സമയബന്ധിതമായി ലേലം ചെയ്യുന്നതിനും കഴിയണം വള്ള്യാട്-എടക്കാനം എന്നിവിടങ്ങളിൽ കടത്തുതോണി സംവിധാനം വരുമാനം കൂട്ടുന്നതിനും ജനങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും കഴിയും. റോഡുകളിൽ താൽക്കാലിക കച്ചവടം

നടത്തുന്നവരിൽ നിന്നും മാനാദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ താൽക്കാലിക പെർമിറ്റ് സമ്പ്രദായം ആലോചിക്കാവുന്നതാണ്

നഗരസഭ അതിർത്തിക്കുള്ളിലുള്ള റോഡുകളുടെ ഓവുചാലുകൾ വൃത്തിയാക്കുകയും റോഡുകൾ റിപ്പയർ ചെയ്യുകയും മറ്റു സഞ്ചാര സൗകര്യങ്ങളും ഉണ്ടാക്കേണ്ടതുണ്ട് അതുപോലെ റോഡിൻറെ പരിസരത്ത് താമസിക്കുന്നവരുടെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും റോഡുകളിലേക്ക് മലിനജലം ഒഴുക്കി വിടുകയോ വെള്ളം ഒഴിക്കിവിടുകയോ ചെയ്യുന്നത് കർശ്ശനമായി നിരോധിക്കുകയും പരിസരം വൃത്തിയാക്കി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ് അതുപോലെ കെട്ടിട നിർമ്മാണ സാധനങ്ങളും മറ്റ് വസ്തുക്കളും റോഡുകളിൽ ആഴ്ചകളോളം ഇറക്കി വെച്ച് അസൗകര്യം ഉണ്ടാക്കുന്നത് കാണപ്പെടുന്നുണ്ട് ഇങ്ങനെ ചെയ്യുന്നവർക്കേതിരെ കർശനമായ നടപടികൾ എടുക്കുകയും ആവശ്യമാണെങ്കിൽ ചുരുങ്ങിയ ദിവസത്തേക്ക് ഫീസ് ഈടാക്കിക്കൊണ്ട് സാധനങ്ങൾ ഇറക്കി വെക്കുന്നതിനുള്ള അനുവാദം നൽകുന്നതിനേക്കുറിച്ച് ആലോചിക്കാവുന്നതാണ്.പുഴകളും ,തോടുകളും ,നീർച്ചാലുകളും കയ്യേറുന്നതും തടയേണ്ടതുണ്ട് റോഡുകളിലും പാതയോരങ്ങളിലും ചാഞ്ഞു നിൽക്കുന്ന മരച്ചില്ലകളും വീടിനും കെട്ടിടങ്ങൾക്കും കിണറുകൾക്കും ഭീക്ഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനും നടപടികൾ ഉണ്ടാകണം പ്രളയത്തെ അതിജീവിക്കുന്നതിനും തോടുകൾ ഗതിമാറി ഒഴുകുന്നത് തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാവണം

## അടിസ്ഥാന വിവരങ്ങൾ

### ജീവനക്കാർ

| ക്രമ നം | സ്ഥാപനം | | ജീവനക്കാർ | | |
|---|---|---|---|---|---|
| | | | സ്ഥിരം | താൽക്കാലികം | ആകെ |
| 1. | തദ്ദേശ സ്ഥാപന ഓഫീസിൽ | | 41 | 25 | 66 |
| 2. | ഘടക സ്ഥാപനങ്ങളിൽ | | 184 | 36 | 220 |
| 3. | മറ്റ് സ്ഥാപനങ്ങൾ | സർക്കാർ | | | |
| | | സർക്കാർ ഇതരം | | | |
| ആകെ | | | 225 | 44 | 269 |

### ഘടക സ്ഥാപനങ്ങൾ

| സ്ഥാപനത്തിൻറെ പേര് | | എണ്ണം |
|---|---|---|
| 1 | ഗവ: താലൂക്ക്ഹോസ്പിറ്റൽ | 73 |
| 2 | ഗവ:യൂനാനിഡിസ്പെൻസറി | 2 |

| | | |
|---|---|---|
| 3 | ഗവഃആയുർവ്വേദഡിസ്പെൻസറി | 4 |
| 4 | ഗവഃഹോമിയോഡിസ്പെൻസറി | 2 |
| 5 | വെറ്ററിനറിഹോസ്പിറ്റൽ | 11 |
| 6 | കൃഷിഭവൻ | 3 |
| 7 | ഐസിഡിഎസ്ഓഫീസ് | 15 |
| 8 | ഉളിയിൽഗവയുപിസ്കൂൾ | 27 |
| 9 | ചാവശ്ശേരി ഗവഃഹയർ സെക്കണ്ടറി സ്കൂൾ | 25 |
| 10 | ചാവശ്ശേരിഗവഹൈസ്കൂൾ | 58 |
| ആകെ | | 220 |

## നഗരസഭയുടെ തനത് വരുമാനം സംബന്ധിച്ച വിവരങ്ങൾ

| ഇന വിവരം | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|
| വസ്തു നികുതി | 70949032 | 10326750 | 14529049 | 20580384 | 25230867 |
| പരസ്യ നികുതി | 0 | 131074 | 0 | 14300 | 105200 |
| തൊഴിൽ നികുതി | 3029923 | 3211124 | 3407003 | 3366000 | 3906770 |
| ലൈസൻസ് ഫീസ് | | 589192 | 552805 | 354100 | 1868737 |
| ജനറൽ പർപ്പസ് ഫണ്ട് | 16604799 | 17672901 | 17805680 | 21782400 | 19914000 |
| വിനോദ നികുതി | 0 | 131074 | 0 | 0 | 0 |

## കമ്പ്യൂട്ടർവൽക്കരണം

| സ്ഥാപനം | നെറ്റ് കണക്ടിവിറ്റി | | കമ്പ്യൂട്ടർ | | |
|---|---|---|---|---|---|
| | | | ആവശ്യമായത് | നിലവിലുള്ളത് | ഉപയോഗക്ഷമതയുള്ളത് |
| നഗരസഭ ഓഫീസ് | D-v | | 7 | 21 | 15 |

## കാര്യക്ഷമതാ ഘടകങ്ങൾ

| ക്രമ നം | ഘടകങ്ങൾ | അവസ്ഥ |
|---|---|---|
| 1. | ഫ്രണ്ട് ഓഫീസ് | അസൌകര്യം നേരിടുന്നു |
| 2. | ടോട്ടൽ ക്വാളിറ്റി മാനേജ്മെൻറിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് | പ്രോജെക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| 3. | **ഭൗതിക സൗകര്യങ്ങൾ** | |
| | ജീവനക്കാർക്ക് | അപര്യാപ്തമാണ് |
| | പൊതുജനങ്ങൾക്ക് | അപര്യാപ്തമാണ് |
| 4. | ഓഫീസ് ക്രമീകരണങ്ങൾ | ISO-യുടെഭാഗമായി നടപ്പിലാക്കി വരുന്നു. |
| 5. | ഓഫീസ് ശുചിത്വം | തൃപ്തികരം |
| 6. | റെക്കോർഡ് റൂം | അസൌകര്യം നേരിടുന്നു |
| 7. | പൗരാവകാശരേഖ | നടപ്പു വർഷത്തെ പദ്ധതിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കും |
| | പ്രസിദ്ധീകരണം | നടന്ന് വരുന്നു |
| | പരിഷ്ക്കരണം | ഇല്ല |
| 8. | പ്രദർശന ബോർഡുകൾ | സ്ഥാപിച്ചിട്ടില്ല |
| 9. | ക്വാളിറ്റി സർക്കിൾ | ഇല്ല |
| 10. | പരാതി പരിഹാരം | ഉണ്ട് |
| 11. | നിരന്തര പരിശീലനം | ഉണ്ട് |
| 12. | തുടർച്ചയായ പ്രവർത്തന വിലയിരുത്തൽ | ഉണ്ട് |

| | | |
|---|---|---|
| 13. | ജനാധിപത്യ വേദികളുടെ സജീവത | ഉണ്ട് |
| 14. | ഇ-ഗവേണൻസ് - സോഫ്റ്റ് വെയറുകളുടെ പരിപൂർണ്ണത | ഉണ്ട് |

## ഫയലുകളുടെ തീർപ്പാക്കൽ സംബന്ധിച്ച വിവരങ്ങൾ

| വർഷം | ആകെ ഫയലുകൾ | തീർപ്പാക്കിയവയുടെ എണ്ണം |
|---|---|---|
| 2018-19 | 589 | 412 |
| 2019-20 | 477 | 392 |
| 2020-21 | 443 | 375 |
| 2021-22 | 394 | 318 |
| 2022-23 | 624 | 567 |

## പശ്ചാത്തല സൗകര്യം

| ക്രമ നമ്പർ | ഘടകങ്ങൾ | പര്യാപ്തത |
|---|---|---|
| 1. | കെട്ടിട സൗകര്യം<br>• തദ്ദേശഭരണ സ്ഥാപനം<br>• ഘടക സ്ഥാപനങ്ങൾ | സ്ഥലസൗകര്യം ഇല്ലാത്തതിനാൽ |
| 2. | നിലവിലുള്ള കെട്ടിടങ്ങളിലെ സ്ഥല സൗകര്യം<br>• തദ്ദേശഭരണ സ്ഥാപനം<br>• ഘടക സ്ഥാപനങ്ങൾ | അപര്യാപ്തമാണ്, അക്വയിസേഷൻ,നടപടി സ്വീകരിച്ചുവരുന്നു |
| 3. | കോൺഫറൻസ് ഹാൾ | നിലവിൽ ഉണ്ട് |
| 4. | പുനരുദ്ധാരണം ആവശ്യമായ ആസ്തികൾ<br>• തദ്ദേശഭരണ സ്ഥാപനം<br>• ഘടക സ്ഥാപനങ്ങൾ | താലൂക്ക് ഹോസ്പിറ്റൽ<br>യുനാനി, ഡിസ്പെൻസറി അംഗനവാടികൾ |

# ഉപയോഗക്ഷമമല്ലാതെ കിടക്കുന്ന ആസ്തികളുടെ വിവരങ്ങൾ

| ക്രമ നം. | ആസ്തിയുടെ വിവരം | അളവ്(സ്ക്വയർഫീറ്റ്) | സ്വന്തം/കൈമാറികിട്ടിയത് |
|---|---|---|---|
| 1 | കെട്ടിടങ്ങൾ | 0 | ബാധകമല്ല |
| 2 | ഭൂമി | 0 | ബാധകമല്ല |
| 3 | മറ്റ് ആസ്തികൾ | 0 | ബാധകമല്ല |

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സദ്ഭരണം എന്ന ലക്ഷ്യം മുൻ നിർത്തി 24-2023 നഗരസഭയിൽ നിന്നും നൽകുന്ന .നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് സേവനങ്ങലെക്കുറിച്ചുള്ള വിശദ വിവരങ്ങൾലഉൾപ്പെടുത്തിയ പൊരാവകാശ രേഖ 2024 .പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്ജനുവരി മുതൽ സംസ്ഥാനത്തെ എല്ലാ നഗര ഭരണ സ്ഥാപനങ്ങളിലും വെബ് അധിഷ്ഠിത കെ സ്മാർട്ട് സോഫ്റ്റ് വെയർ സ്ഥാപിച്ചതിന്റെ ഭാഗമായി ഇരിട്ടി നഗരസഭയിലും ഭരണ സേവന രംഗത്ത് വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിക്കുന്നതിന് സാധിക്കുംപൊതുജനങ്ങൾക്ക് . ഓഫീസിൽ എത്താതെ തന്നെ സേവനം ലഭിക്കുന്നതിന് അവസരം ഒരുങ്ങുകയാണ്ഇനി . . മുതൽ ഓഫീസ് പേപ്പർ രഹിതമാവുകയാണ്പൊതുജനങ്ങൾക്ക് എത്രയും വേഗം സേവനം ലഭ്യമാക്കുന്ന തരത്തിൽ ആധുനിക കംപ്യൂട്ടർ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം നഗരസഭയെ സംബന്ധിച്ചുള്ള മുഴുവൻ ഡാറ്റകളും റവന്യു, റോഡ്, തോട്, കെട്ടിടങ്ങൾ സ്വകാര്യപൊതു സ്ഥാപനങ്ങൾ വായനശാലക-ൾ ഓഫീസുകൾ കളിസ്ഥലങ്ങൾ നീർത്തടങ്ങൾ തുടങ്ങിയ എല്ലാ വിവരങ്ങളും ഒറ്റക്ലിക്കിൽ ലഭിക്കുന്നതിനുള്ള ജിഎസ് .ഐ. നഗരസഭ .മാപ്പിംഗ് നടപ്പുവർഷം തന്നെ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത് സേവനങ്ങൾ പൂർണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സമാന്തരമായി കമ്പൂട്ടർ അനുബന്ധ സംവിധാനങ്ങൾ പൂർണമായും സജ്ജീകരിക്കുന്നതിനും അവയുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സംവിധാനമുണ്ടാകണംവേഗതയുള്ള നെറ്റ് വർക്ക് . നഗരസഭ ഓഫീസ് .സംവിധാനവും ഓഫീസിൽ ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട് പൂർണമായും സി സി ടി വി നിരീക്ഷണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിക്കഴിഞ്ഞു. 2025 ൽ നഗരസഭയുടെ പൌരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| | | സേവനം യഥാസമയം ലഭ്യമല്ല | നഗരസഭ | | | | അടിസ്ഥാന സൗകര്യം ലഭ്യമാക്കൽ | √ | | | |
| | | | നഗരസഭ | | | | ശ്രദ്ധക്കുറവ് | √ | | | |

# വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | ‘മേഖല/ ഉപമേഖല‘ | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘലക്കാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്ന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | സേവനം | സേവനം ധ്രുതഗതിയിലാക്കുക | നഗരസഭ പരിധി | സേവനങ്ങൾ നൽകുന്നതിലെ മെല്ലെപോക്ക് | ൈഎ.എസ്.ഒ അംഗീകാരമുള്ള നഗരസഭാ പ്രഖ്യാപനം | | പൗരാവകാശ രേഖ,അദാലത്ത് |
| | | | | | ഡിജിറ്റൽ നഗരസഭ പ്രഖ്യാപനം | | ഡിജിറ്റലൈസേഷൻ |
| | | | | | | | |

# 2. കൃഷിയും അനുബന്ധമേഖലകളും

കാർഷിക മേഖലയ്ക്ക് പ്രധാന്യമുള്ള നഗരസഭയാണ് ഇരിട്ടി നഗരസഭ നാണ്യവിളകൾക്കാണ് മുൻഗണന നെൽകൃഷിയും പാടശേഖരാടിസ്ഥാനത്തിൽ കൃഷി ചെയ്തിരുന്ന മേഖലയായിരുന്നു. 9ാംം പഞ്ചവത്സരക്കാലം മുതൽ കാർഷിക മേഖലയിൽ ഒട്ടനവധി പദ്ധതികൾ കാർഷിക വികസനത്തിന് നടപ്പിലാക്കിയെങ്കിലും റബ്ബർ,വാഴ,പച്ചക്കറികൾ ഒഴികെ മറ്റെല്ലാ വിളവുകളുടെയും വിസ്തൃതി കുറഞ്ഞ് വരുകയാണ് ഉണ്ടായത് നഗരസഭയുടെ വടക്കുഭാഗത്തുകൂടി ഒഴുകുന്ന ഇരിട്ടിപ്പുഴ തെക്ക് പടിഞ്ഞാറ് കളറോഡ് തോട് -ഉളിയിൽ വെളിയമ്പ്രത്തോട് കാളാംത്തോട് നെടിയാഞ്ഞിരം ,മണ്ണോറ ആവട്ടി കീഴൂർ ,പയഞ്ചേരി മിത്തല പുന്നാട്, എന്നിവിടങ്ങളിലൂടെ ഒഴുകുന്ന തോടുകളും കൈതോടുകളും ഒരുകാലത്ത് ജലസമൃദ്ധമായിരുന്നു. ഇന്നത് മഴക്കാലങ്ങളിൽ വെള്ളമൊഴുകുന്നവയായിമാറി. പഴശ്ശി ജലസേചനപദ്ധതിയുടെ ജലസംഭരണിയുടെ ഭാഗം ഒഴിച്ചാൽ മിക്കഭാഗങ്ങളിലും കുടിവെള്ളത്തിന് പോലും ക്ഷാമം നേരിടുന്ന വരൾച്ച പ്രദേശങ്ങളാണ് .ആട്യാലം,നെല്ല്യാട് മണ്ണോറ, കുണ്ടറിഞ്ഞി, കുറവേരി, മൂവ്വാട് വട്ടക്കയം പുളിക്കുണ്ട്, ഹൊസ്സൻകുണ്ട് മലമക്കാവ് ചെറുവയൽ കോട്ടൂർഞ്ഞാൽ ,പുന്നാട്,എടക്കാനം ,അത്തിയിൽ, ചാവശ്ശേരി, കാറാട് തുടങ്ങിയ കുളങ്ങളും പ്രധാന ജലസ്രോതസ്സുകളായിരുന്നു.എന്നാൽ കാലാവസ്ഥ വ്യതിയാനവും മണ്ണ് ജല സംരക്ഷണത്തിൻറെ ആഭാവുമാണ് വെള്ളത്തിൻറെ ക്ഷാമം വർദ്ധിച്ച് വരാൻ കാരണമായിട്ടുള്ളത് .

പാടശേഖരങ്ങളിൽ നിന്നും നെൽകൃഷി കുറഞ്ഞ് വരുന്ന സാഹചര്യമാണുള്ളത് ഭൂമി തരിശായി കിടക്കുന്ന അവസ്ഥയും ഉണ്ടായിരുന്നു. തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതിയിലൂടെ കുറേ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞെങ്കിലും മെച്ചപ്പെട്ടു വരുന്ന സാഹചര്യമല്ല നിലവിലുള്ളത് 1996-97 ൽ 3 വിളകളിലുംകൂടി 273 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 15 ഹെക്ടറാണ് നിലവിലുള്ളത്.

തൊഴിലാളികളുടെ അഭാവം ഉൽപാദനോപാദികളുടെ വിലക്കയറ്റം പ്രായോഗിക യന്ത്ര സാമഗ്രികളുടെ ലഭ്യതകുറവ്, പരിചയക്കുറവ് ,ഉൽപന്ന സംഭരണം,വിപണനം സൗകര്യമില്ലായ്മ ,താങ്ങുവിലകളിലുള്ള പോരായ്മ ജലസേചനക്കുറവ് സമയങ്ങളിലാവശ്യമായ വിത്ത്,വളം തുടങ്ങിയവ ലഭിക്കാതിരിക്കുക. കാർഷിക തൊഴിലിന് അർഹമായ മാന്യതയും അംഗീകാരവും കിട്ടാതിരിക്കുക ,താൽപര്യക്കുറവ് എന്നിവയെല്ലാം പ്രധാന ഘടകങ്ങളാണ്

സാമൂഹിക മാറ്റത്തിന്റെ ഭാഗമായുള്ള നഗരവൽകരണം നെൽകൃഷിയെയും മറ്റു കൃഷികളെയും സാരമായി ബാധിച്ചിട്ടുണ്ട്കൃഷി ഭൂമിയെ ലാഭകരവും ഒപ്പം അധ്വാനകുറവുള്ള. തൊഴിൽ ശ്രോതസ്സുകൾക്കായും ആവശ്യങ്ങൾക്കായും /മറ്റ് വരുമാന ബിസിനസ്സ് : ഉദാ.വിനിയോഗിക്കപ്പെടുന്നു,റിയൽ എസ്റ്റേറ്റ്, ഭവന നിർമ്മാണം

കാലാവസ്ഥാ വ്യതിയാനം മൂലം സമയം തെറ്റി പെയ്യുന്ന മഴ വരൾച്ച എന്നിവയും കൃഷി ചെലവ് ,തൊഴിലാളി ക്ഷാമം, വിപണനം, എന്നിവയും നെൽകൃഷിയെ സാരമായി ബാധിക്കുന്നു, ഇക്കാരണങ്ങളാൽ വയലുകൾ നിരന്തരമായി തരിശശിടുകയും കാലക്രമേണ

രൂപമാറ്റം വരുത്തി ക്രമവിരുദ്ധമായ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കുന്നത് വ്യാപകമായി കാണുന്നു.

**തെങ്ങ്**

തെങ്ങ് കയറ്റ തൊഴിലാളികളുടെ അഭാവം വളരെ രൂക്ഷമാണ് കൂടാതെ വന്യമൃഗ ശല്യം കൂമ്പുചീയൽ ചെന്നീരൊലിപ്പ് ചെമ്പന്ചെല്ലി ആക്രമണം.എന്നിവ വ്യാപകമാണ്.വിദഗ്ധരായ തെങ്ങ് കയറ്റക്കാരെ തെങ്ങിൻറെ കീടരോഗ ബാധകൾ),പരിഹാര മാർഗ്ഗങ്ങൾ എന്നിവയെ പറ്റി അറിയുന്നവർ തെങ്ങ് കയറ്റയന്ത്രം സാർവ്വത്രികമാക്കുക എന്നിവകൊണ്ട് തന്നെ പ്രശ്നങ്ങൾ ഭൂരിഭാഗവും പരിഹരിക്കാവുന്നതാണ് ,നല്ലയിനം തെങ്ങിൻ തൈകൾ ലഭ്യമാക്കണം, ജലസേചന സൗകര്യങ്ങളോടെ ശാസ്ത്രീയ പരിപാലനത്തിന്ആവശ്യമായ സഹായം നൽകണം.

**കിഴങ്ങ് വർഗ്ഗങ്ങൾ**

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഭക്ഷ്യ ദാരിദ്ര്യത്തെ അതിജീവിക്കാൻ സഹായിക്കുന്ന ഏറ്റവും ഫലപ്രദമായ കൃഷിയാണ് കിഴങ്ങു വർഗ്ഗങ്ങളുടേത്എന്നാൽ . രജനങ്ങളുടെ ആഹാ.രക്രമത്തിൽ ഇവയുടെ ഉപയോഗം വളരെ കുറവാണ്ആഒരു ഭക്ഷ്യ വസ്തു എന്ന നിലയിൽ ഇവയുടെ ഗുണഫലങ്ങൾ ജനങ്ങളിൽ എത്തിക്കേണ്ടതുണ്ട് ഇതോടൊപ്പം തന്നെ കൃഷി വ്യാപനവും നടത്തേണ്ടതുണ്ട്.

**കുരുമുളക്**

കാലാവസ്ഥാ വ്യതിയാനവും രോഗങ്ങളുടെ വ്യാപനവും വിലക്കുറവും കൃഷിവ്യാപനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്, ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും ചെയ്ത് കുരുമുളക് കൃഷി വ്യാപകമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.ഏകവിളയെ ആശ്രയിച്ചുള്ള കൃഷി പലപ്പോഴും കർഷകരെ കടക്കെണിയിലാക്കുന്നു കൃഷിയിടത്തിൽ.ഇതിന് പരിഹാരം വിള വൈവിധ്യവൽക്കരണമാണ്.

സ്തമായ വിളകൾവ്യഉൾപ്പെടുത്തി വ്യത്യസ്തമായ ശ്രോതസ്സുകളിൽ നിന്നും വരുമാനം ഉറപ്പാക്കി വിലയിടിവിൽ നിന്നുള്ള ആഘാതം മറികടക്കാൻ സാധിക്കുന്നുഇതിനായി . കശുമാവ് പ്ലാവ് കൊക്കോ ജാതി റംബൂട്ടാൻ മാങ്കോസ്റ്റിൻ മുതലായ ബഹുവർഷ വൃക്ഷ ഇതിലൂടെ കാ. വിളകൾ കൂടി കൃഷിയിടത്തിൽ ഉൾപ്പെടുത്താവുന്നതാണ്ർഷിക വനവൽക്കരണം സാധ്യമാകുന്നതും മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുവാനും ഒപ്പം നമ്മുടെ കൃഷിയിടവും ചുറ്റു പ്രദേശങ്ങളും കാർബൺ ന്യൂട്രൽ വ്യവസ്ഥിതിയിലേക്ക് മുന്നേറാനും സാധിക്കുന്നു.

കർഷകരുടെ കൂട്ടായ്മകളിലൂടെ കൃഷി ചിലവ് കുറക്കുന്നതിനും വിപണനം കണ്ടെത്തുന്നതിനും വില പരിചരണത്തിനും സാധ്യമാണ്ഇതിനായി വിവിധ വിളകളെ . അടിസ്ഥാനമാക്കി കർഷക സമിതികൾ രൂപീകരിച്ച് ആവശ്യമായ പരിശീലനം നൽകേണ്ടതാണ്

**ജൈവ കൃഷി**

ദ്രുതഗതിയിൽ ജൈവ കൃഷിയിലേക്ക് മാറുന്ന പ്രവണത കർഷകർക്ക് ദോഷകരമാണ് എന്നാൽ ക്രമാനുഗതമായി ജൈവ കൃഷിയിലേക്ക് മാറുന്നതാണ് അഭികാമ്യം ഇതിനായി ആദ്യഘട്ടത്തിൽ ജൈവ വളത്തിന്റെ ലഭ്യത വര്ദ്ധിപ്പിക്കുകയെന്നത് സുപ്രധാന

ലക്ഷ്യമാണ് നിലവിലുള്ള കർഷക കൂട്ടായ്മകളെ ത്വരിതപ്പെടുത്തി ജൈവവളം നിർമ്മിച്ച് കർഷകർക്ക്സബ്സിഡിനിരക്കിൽ,നൽകാവുന്നതാണ്,

പച്ചിലകൃഷിയെയുംപ്രോത്സാഹിപ്പിക്കേണ്ടതാണ്,ഈ അടുത്തായി കാണുന്ന രാസവള ദൗർലഭ്യത്തിനും ഇതിലൂടെ പരിഹാരം കാണാവുന്നതാണ്,ഫിഷ് അമിനോ ആസിഡ് ഹരിത കഷായം എന്നീ മികച്ച ജൈവവളങ്ങൾ കർഷക കൂട്ടായ്മകൾ വഴി ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യാവുന്നതാണ്

പഴം പച്ചക്കറി കിഴങ്ങുവിളകളുടെ മൊത്ത വിപണന കേന്ദ്രം ചാവശ്ശേരി, 21മൈൽ എന്നിവിടങ്ങളിൽ വി എഫ് പി സി കെ ഉണ്ടെങ്കിലും ചെറുകിട വില്പനശാലകളുടെ എണ്ണം അപര്യാപ്തമാണ്,കൃഷിവകുപ്പിൻറെ ആഴ്ചചന്ത പദ്ധതിയുടെ ഗുണഫലവും ഒപ്പം നഗരസഭാ പദ്ധതിയും ചേർന്നാൽ മികച്ച നേട്ടം സാധ്യമാണ്.

കാലാവസ്ഥാ വ്യതിയാനം മൂലവും സമുദ്രാന്തര മൽസ്യ ബന്ധനം മൂലവും കടലിലെ മൽസ്യസമ്പത്ത് കുറയുന്ന അവസ്ഥ മുന്നിൽ കണ്ടുകൊണ്ടാണ് ഉൾനാടൻ മൽസ്യബന്ധനം വ്യാപകമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നത് ,നമ്മുടെ ജലാശയങ്ങളെ ഇത്തരത്തിൽ വിനിയോഗിക്കാൻ സാധിക്കുന്നതിലൂടെ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നു, കർഷക കൂട്ടായ്മകൾ രൂപീകരിച്ചുകൊണ്ട് ഈ മേഖലയിൽ ഇടപെടുന്നതാണ് അഭികാമ്യം, വനാമി ചെമ്മീൻ കൃഷി ശുദ്ധജല മൽസ്യങ്ങളുടെ കേജ് കൾച്ചർ കുളങ്ങളിലെ ശുദ്ധജല മൽസ്യകൃഷി എന്നീ മേഖലകളിൽ മികച്ച സാധ്യതകൾ കാണുന്നു.

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം വന്യ മൃഗങ്ങളുടെ ശല്യം ഒരു പരിധിവരെ ഒഴിവാക്കുന്നതിന് തേനീച്ച കൃഷി വ്യാപിപ്പിക്കാവുന്നതാണ്,പ്രത്യേക കൃഷിയിടമില്ലാതെ തന്നെ വീടുകളിൽ കൂൺ കൃഷി ചെയ്യാവുന്നതാണ് ആയുർവേദ . മരുന്നുകളുടെ നിർമ്മാണത്തിന് അത്യാവശ്യമായ ഔഷധ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

## വിവിധ കാർഷിവിള സമ്പ്രദായം

| വിളകൾ | ആകെ വിസ്തീർണം( ഹെക്ടർ) | ഉൽപ്പാദനം | ഉൽപ്പാദന ക്ഷമത |
|---|---|---|---|
| നെല്ല് | 33.5 | 101.8MT | 3 MT |
| തെങ്ങ് | 1300 | 13650000NUTS | 14000 |
| വാഴ | 220 | 5500000KG | 30000 |
| പച്ചക്കറി | 175 | 4375 MT | 25000 |
| മരച്ചീനി | 20 | 688000 KG | 34470 |
| മറ്റ് കിഴങ്ങ് വർഗ്ഗങ്ങൾ | 10 | 220 MT | 22000 |
| സുഗന്ധ വ്യഞ്ജന വിളകൾ | 20 | 160 MT | 8000 |

| | | | |
|---|---|---|---|
| ഔഷധ സസ്യം | 3 | 1.5 MT | 500 |
| റബ്ബർ | 200 | 320 MT | 1600 |
| മറ്റുള്ളവ | | | |

## കർഷകരുടെയും കർഷക തൊഴിലാളികളുടെയും വിവരങ്ങൾ

| ക്രമ നമ്പർ | വിഭാഗം | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|
| 1 | കർഷകരുടെ എണ്ണം | 4600 | 2350 | 6950 |
| 2 | കർഷക തൊഴിത്തൊഴിലാളികളുടെ | 2560 | 2430 | 4990 |
| 3 | സ്വന്തംഭൂമിയുള്ള കർഷകർ | 4100 | 1600 | 5700 |
| 4 | പാട്ട കൃഷി ചെയ്യുന്ന കർഷകർ | 320 | 190 | 510 |

**പരിഹാരമാർഗ്ഗങ്ങൾ :-**

1) പാടശേഖര സമിതികളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക, താഴെ പറയുന്ന പ്രവർത്തനങ്ങൾ ഇത്തരം സമിതികളിലൂടെയാണ് നടപ്പിലാക്കുക
2) പ്രദേശത്തിന് യോജിക്കുന്ന തരത്തിലുള്ള യന്ത്രവൽക്കരണം ഇതിലൂടെ അധ്വാനവും കൃഷിച്ചെലവും വൻതോതിൽ കുറക്കുവാൻ സാധിക്കുന്നു.
3) നെല്ലിന്റെ മൂല്യ വർധനവിലൂടെ മികച്ച ആദായം നേടിയെടുക്കുക
4) പാടശേഖരങ്ങളിലേക്ക് നീരൊഴുക്ക് ക്രമീകരിക്കുന്ന തോടുകളുടെ അറ്റകുറ്റപണികൾ യഥാസമയം പൂർത്തിയാക്കുക പാടശേഖരത്തിലെ എല്ലാ ഭൂഉടമകളും കൃഷിയിറക്കേണ്ടതാണ്,ചെയ്യാൻ സാധിക്കാത്തവർ മറ്റുള്ളവർക്കായി കൃഷി ഭൂമി പാട്ടവ്യവസ്ഥയിൽ വിട്ടുനൽക്കുക,
5) മൂന്നാം വിളയായി നെൽവയലുകളിൽ വൻപയർ ,ചെറുപയർ ,ഉഴുന്ന് ,എള്ള് ,നിലക്കടല, മധുരക്കിഴങ്ങ് കൂർക്ക എന്നിവ കൃഷി ചെയ്തു അധികവരുമാനം കണ്ടെത്താവുന്നതാണ്.
6) വിള വൈവിധ്യ വൽക്കരണത്തിന്റെ ഭാഗമായി സുഗന്ധ നെല്ലിനങ്ങൾ (ജീരകശാല) എന്നിവയും പരിഗണിക്കാവുന്നതാണ് (ഞവര രക്തശാലി) ഔഷധ നെല്ലി നങ്ങൾ
7) തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഒരു ലേബർ ബേങ്ക് രൂപീകരിക്കേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

- ❖ നെൽകൃഷി സമ്പൂർണ്ണമായി യന്ത്രവൽകരണം നടത്തണം അതിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുക.


- ❖ അടുക്കളത്തോട്ടം പച്ചക്കറി കൃഷിക്കും നെൽകൃഷിക്കും തൊഴിലുറപ്പ് സ്കീം പ്രയോജനപ്പെടുത്തുക.
- ❖ കുരുമുളക് കൃഷി സംരക്ഷണത്തിന് പദ്ധതി.
- ❖ ചാവശ്ശേരി വില്ലേജിൽ 2ാാം വിള നെൽകൃഷി ചെയ്ത സംരക്ഷിച്ച് വരുന്ന ഒളയം വയൽ ജലസേചന സൗകര്യത്തിന് പഞ്ചായത്ത് കുളം ഉപയോഗിക്കാൻ ആവശ്യമായത് ചെയ്യുക.
- ❖ വിളകൾക്ക് വന്യജീവി സംരക്ഷണ സഹായങ്ങൾ ചെയ്യുക.
- ❖ തെങ്ങ് കയറ്റം പോലുള്ള പദ്ധതികൾക്ക് പരിശീലനസേന ഏർപ്പെടുത്തുക.
- ❖ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നെൽകൃഷിയിൽ പ്രയോജനപ്പെടുത്തുക.
- ❖ തരിശ്ശ് ഭൂമി മുൻസിപ്പാലിറ്റിയും കൃഷിഭവനവും സംയുക്തമായി ഏറ്റെടുത്ത് ഗ്രൂപ്പ് ഫാമിങ്ങ് നടത്തുക.
- ❖ കർഷകരുടെ സമിതി രൂപികരിച്ച് കാർഷിക ഉല്പന്ന സംഭരണ വിപണനം ചെയ്യുന്നതിന്ന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
- ❖ നല്ലയിനം തൈകൾ ലഭ്യമാക്കുന്നതിന് വേണ്ടി കാർഷിക നേഴ്സറികൾ മുൻസിപ്പാലിറ്റിയുടേയും കൃഷിഭവൻറേയും സംയുക്താഭിമുഖ്യത്തിൽ നിർമ്മിക്കുക.
- ❖ തേനീച്ച കൃഷിക്ക് പ്രോത്സാഹനം ചെയ്യുക.മണ്ണ് ജലസംരക്ഷണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുക

| ഭൂമിയുടെ കിടപ്പ് | വിസ്തൃതി |
|---|---|
| കുന്നിൻതട്ട് | 273 ഹെ |
| നല്ല ചെരിവുള്ള പ്രദേശം | 786 ഹെ |
| ചെരിഞ്ഞ പ്രദേശം | 1145 ഹെ |
| താഴ്വാരം | 1798 ഹെ |
| സമതലം | 563 ഹെ |

## ഭൂപ്രകൃതിയും വിഭവങ്ങളും

ഉത്തര കേരളത്തിൽ കണ്ണൂർ ജില്ലയുടെ കിഴക്കൻ മലയോര മേഖലയായ വളപട്ടണം പുഴയുടെ ഭാഗമായ ഇരിട്ടി പുഴയുടെ തെക്കു ഭാഗത്തായി 45.65 ചതുരശ്ര കി.മീറ്റർ വിസ്തൃതിയിൽ കുന്നുകളും വയലുകളും തോടുകളും അരുവികളും ഇടകലർന്ന ബഹുവിളകൾ കൊണ്ട് ഹരിതാഭമായ പ്രദേശമാണ് ഇരിട്ടി നഗരസഭ. കീഴൂർ, ചാവശ്ശേരി എന്നീ വില്ലേജുകൾ പൂർണ്ണമായും പായം വില്ലേജിലെ എടക്കാനം ദേശവും ചേർന്നതാണ് ഇത്. നഗരസഭയുടെ മദ്ധ്യഭാഗത്തുകൂടി അന്തർ സംസ്ഥാനങ്ങളെ യോജിപ്പിക്കുന്ന തലശ്ശേരി കൂർഗ്ഗ് റോഡ് കടന്നുപോകുന്നുണ്ട്. വടക്ക് ഇരിട്ടി പുഴയും തെക്ക് മുഴക്കുന്ന്, തില്ലങ്കേരി പഞ്ചായത്തുകളും കിഴക്ക് പായം പഞ്ചായത്തും പടിഞ്ഞാറ് മട്ടന്നൂർ നഗരസഭയും നമ്മുടെ നഗരസഭക്ക് അതിരിടുന്നു. നഗരസഭയുടെ എല്ലാ ഭാഗങ്ങളിലും ജനവാസമുണ്ട്. ഉയർന്ന കുന്നിൻ തട്ടുകളും, ചെരിവുള്ള പ്രദേശം, താഴ്വാരം, സമതലം എന്നിങ്ങനെ പ്രദേശത്തെ

ഭാഗിക്കപ്പെടുന്നു. കശുമാവ്, റബ്ബർ, കുരുമുളക്, തെങ്ങ്, കവുങ്ങ്, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, നെൽ്, വാഴ, പച്ചക്കറികൾ, പയറ്, സുഗന്ധ വിളകൾ, കിഴങ്ങു വർഗ്ഗ ൾ എന്നിവ കൃഷി ചെയ്തുവരുന്നു. തരിശുരഹിത കേരളം, സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ജനങ്ങൾ കൃഷിയിലേക്ക് തിരിഞ്ഞെങ്കിലും വന്യമൃഗ ശല്യം കാരണം വിളവുകൾ നശിപ്പിക്കപ്പെട്ടതിനാൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി നഗരസഭയിൽ നടപ്പിലാക്കേണ്ടതുണ്ട്.




**കാലാവസ്ഥ.**

കാലവർഷം ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലാണ് ലഭിക്കുന്നത്. എടവപ്പാതിയും തുലാവർഷവുമാണ് പ്രധാനപ്പെട്ട കാലവർഷങ്ങൾ. ഒക്ടോബർ മുതൽ ജനുവരി വരെ ശൈത്യകാലമാണ്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കടുത്ത ചൂടിനേയും നേരിടുന്നു. ഓരോ വർഷം കഴിയുമ്പോളും ഈ കാലയളവിൽ ശക്തമായ വരൾച്ചയെ നേരിടേണ്ടി വരുന്നു. 30 ശതമാനത്തോളം ജനങ്ങളിൽ കുടിവെള്ളക്ഷാമം ഈ സമയത്ത് അനുഭവിക്കേണ്ടി വരുന്നു. ചുരുക്കം ചിലകാലങ്ങളിൽ വേനൽമഴ ലഭിക്കാറുണ്ട്. എന്നാൽ വരൾച്ചക്കും കുടിവെള്ളക്ഷാമത്തിനുമുള്ള ശാശ്വത പരിഹാരം ഉണ്ടാവണം 2016-ൽ നമുക്ക് എടവപ്പാതിയുടെ 34 ശതമാനവും തുലാവർഷത്തിൽ 63 ശതമാനവും കുറഞ്ഞ മഴയാണ് ലഭിച്ചത്. കൂടിയ ചൂട് 40 ഡിഗ്രി സെൽഷ്യസും കുറഞ്ഞത് 20 ഡിഗ്രി സെൽഷ്യസുമാണ്.

## ഭൂവിനിയോഗം

മുനിസിപ്പാലിറ്റിയിലെ ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾതാഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|
| 1 | ആകെ ഭൂവിസ്തൃതി | 4565 |
| 2 | കൃഷിക്ക് അനുയോജ്യമായ വിസ്തൃതി | 4460 |
| 3 | കൃഷി ചെയ്യുന്ന വിസ്തൃതി | 4150 |
| 4 | വന വിസ്തീർണ്ണം | -0 |
| 5 | തരിശ് ഭൂമി | 69 |
| 6. | കൃഷിയോഗ്യമായത് | 283 |
| 7. | കൃഷിയോഗ്യമല്ലാത്തത് | 32- |

| | | |
|---|---|---|
| 8 | മേച്ചിൽപുറങ്ങൾ | -0 |
| 9 | കാർഷികേതര ഭൂമി | 105 |
| 10 | നെൽവയലുകൾ | 78 |
| 11. | കൃഷി ചെയ്യുന്ന വിസ്തീർണ്ണം | 15 |
| 12 | കൃഷിയോഗ്യമാണെങ്കിലും ചെയ്യാത്തവ | 28 |

നഗരസഭയുടെ വടക്ക് ഭാഗത്തുകൂടി ഒഴുകുന്ന ഇരിട്ടിപ്പുഴ, തെക്ക് പടിഞ്ഞാറ് ഒഴുകുന്ന കളറോഡ്തോട്, തെക്കുഭാഗത്തുള്ള അത്തപുഞ്ചത്തോട്, ഉളിയിൽ വെളിയമ്പ്ര തോട്, കാളാന്തോട്, നിടിയഞ്ഞരം, മണ്ണോറ, ആവടി, കീഴൂർ, പയിഞ്ചേരി എന്നീ കൈത്തോടുകളും ഉൾപ്പെടുന്ന ജലപ്രകൃതിയിൽ പ്രകൃതി ദത്തമോ മനുഷ്യ നിർമ്മിതമോ ആയ കുളങ്ങളും അവയുടെ പങ്ക് നിർവഹിക്കുന്നുണ്ട് ആട്ട്യാലം, നെല്ലിയാട്ട്കുളം, മണ്ണോറ, കുണ്ടറഞ്ഞി, കുറുവേരി, മൂവാട്ട്, ആലക്കാട്, വട്ടക്കയം, കുളിക്കുണ്ട്. നൊസ്സൻകുണ്ട്, മലമക്കാവ്, ചെറുവയൽ, കോട്ടുറഞ്ഞാൽ, പുന്നാട്, എടക്കാനം, അത്തിയിൽ മുതലായ എണ്ണിയാലൊടുങ്ങാത്ത കുളങ്ങളും നഗരസഭയുടെ ജലപ്രകൃതിക്ക് മുതൽക്കൂട്ടുതന്നെ. ഇവയെതന്നെ ജലസമൃദ്ധങ്ങളാണെന്ന് തെറ്റിദ്ധരിക്കേണ്ട. നഗരസഭയെ ഉയർന്ന പ്രദേശങ്ങളിൽ ഒരു കാലത്ത് സമൃദ്ധമായി ഉണ്ടായിരുന്ന ഹരിത വനങ്ങൾ കൃഷി ഭൂമിയ്ക്കും, ഇന്ധനാവശ്യത്തിനും വേണ്ടി നശിപ്പിച്ചതും പിന്നീട് പെയ്ത്ത വെള്ളത്തെ സംരക്ഷിക്കുന്ന സംവിധാനങ്ങൾ സ്വീകരിക്കാത്തതും മേൽപ്പറഞ്ഞ സ്രോതസ്സുകളിലെ ജലസമൃദ്ധിയ്ക്ക് ഉണ്ടാക്കിയ ദോഷം ചെറുതല്ല സ്വാഭാവിക സ്രോതസ്സുകൾ മഴക്കാലത്ത് രൗദ്രഭാവം കൊള്ളും വേനൽക്കാലത്ത് വരൾച്ചയുടെ രാക്ഷസീയ ഭാവം പ്രദർശിപ്പിച്ചും നമ്മെ അമ്പരപ്പിക്കുന്നു.

പഴശ്ശി ജലസേചന പദ്ധതിയുടെ ജലസംഭരണ പ്രദേശമായിരുന്നിട്ടു പോലും, വർഷന്തോറും വറ്റികൊണ്ടിരിക്കുന്ന തോടുകളും, കിണറുകളും, കുളങ്ങളും കീഴൂർ - ചാവശ്ശേരി പ്രദേശങ്ങളിൽ സർവ്വസാധാരണമായി കൊണ്ടിരിക്കുകയാണ്. ഇത്തരം ഒരവസ്ഥ കാർഷികാടിത്തറയിൽ കെട്ടിപൊക്കിയ നഗരസഭയുടെ സമ്പദ്ഘടനയെ മാത്രമല്ല ബാധിക്കുക, നഗരസഭ നിവാസികളുടെ ദൈനനംദിന സ്വൈര്യ ജീവിതത്തെയുമാണ്. ഇത് വിദൂരഭാവിയിൽ സൃഷ്ടിക്കാൻ പോകുന്ന സാമൂഹ്യ അരക്ഷതാവസ്ഥ എത്ര ഭീകരമായിരിക്കും എന്ന് പ്രത്യേകം പറയേണ്ടതില്ല

അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി ആട്ട്യാലത്ത് കുളം നവീകരിച്ചു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച കുടുവെള്ള പദ്ധതിയുടെ പ്രവത്തി അവസാന ഘട്ടത്തിലാണ്. തെളിനീർ ഒഴുകും നവകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തോടുകളുടെയും പൊതുജലാശയങ്ങളുടേയും ഗുണനിലവാരവും ശുചിത്വവും ഉറപ്പ് വരുത്തി ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നഗരസഭയിൽ ആരംഭിച്ചു.

## ഭൂപ്രകൃതി

കുന്നുകളും, പുഴകളും, അരുവികളും, നീരുറവകളും ഇടകലരുന്ന ഹരിതാഭയാണ് ഇരിട്ടി നഗരസഭയുടെ ഭൂപ്രകൃതിക്ക് പ്രത്യേക സൗന്ദര്യം നൽകുന്നത്. ഉയർന്ന കുന്നിൽ തട്ടുകളും, അവയുടെ ചരിവുകളും, നെൽവയലുകളുമടങ്ങുന്ന സമതലങ്ങളും ചേർന്നതാണ് ഭൂപ്രദേശം. ഭൂമിയുടെ സ്വഭാവമനുസരിച്ച് അഞ്ചു ഭാഗങ്ങളായിട്ട് ഇരിട്ടി നഗരസഭയെ തരം തിരിക്കാൻ സാധിക്കും.

1. കശുമാവും റബ്ബറും പ്രധാന വിളകളായി കൃഷി ചെയ്യുന്ന 273 ഹെക്ടർ വിസ്തൃതി വരുന്ന

കുന്നിൻ തട്ടുകൾ

2. നല്ല ചരിവുള്ള 786 ഹെക്ടർ പ്രദേശത്ത് കശുമാവിനോടും റബ്ബറിനോടുമൊപ്പം തെങ്ങ്,

കുരുമുളക് എന്നിവയും കൃഷി ചെയ്തു വരുന്നു.

3. 1125 ഹെക്ടർ വിസ്തൃതിയിൽ താരതമ്യേന ചെരിവ് കുറഞ്ഞ പ്രദേശം. തെങ്ങ്, കവുങ്ങ്, കുരുമുളക്, റബ്ബർ, കശുമാവ് എന്നിവ കൃഷി ചെയ്യുന്നു.
4. താഴ്വാരങ്ങളികളിൽ. മേൽപറഞ്ഞ വിളകൾക്ക് പുറമേ മരച്ചീനി, ഇഞ്ചി, മഞ്ഞൾ മുതലായവയുണ്ട്. 1798 ഹെക്ടറാണ് താഴ്വാരങ്ങളുടെ വിസ്തൃതി.
5. നെല്ലിനും പച്ചക്കറികൾക്കും വിളപ്രദേശമൊരുക്കുന്ന 583 ഹെക്ടർ വിസ്തൃതിയുള്ള സമതല പ്രദേശമാണ് അവസാനത്തേത്.

പഴയകാലത്ത് ചിലയിടങ്ങളിൽ ചതുപ്പ് നിലങ്ങളുണ്ടായിരുന്നുവെങ്കിലും ഭൂമി ശാസ്ത്രപരമായ മാറ്റം കാരണം ചതുപ്പ് നിലങ്ങളുണ്ടായിരുന്നതിൻറെ ലക്ഷണങ്ങൾ പോലും ഇപ്പോൾ കാണാനില്ല. നെൽകൃഷിയ്ക്ക് അനുയോജ്യമായിരുന്ന 320.94 ഹെക്ടർ ഭൂമി യാതൊരു ദീർഘവീക്ഷണവുമില്ലാതെ നാണ്യ വിളകൾക്കുവേണ്ടി മാറ്റിയതു കാരണം 1964-65 കാലഘട്ടങ്ങളിൽ തന്നെ പഞ്ചായത്തിലെ (ഇന്നത്തെ നഗരസഭ) നെൽ വയലുകൾ നേർ പകുതിയായി (155 ഹെക്ടർ) ചുരുങ്ങിയത് ഒരു വൻ നഷ്ടം മാത്രമല്ല നഗരസഭയുടെ ഭക്ഷ്യ സുരക്ഷയ്ക്ക് വൻ ഭീഷണിയുമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇന്ന് നഗരസഭയുടെ കുറഞ്ഞൊരു പ്രദേശം പുറമ്പോക്കും കൃഷിയോഗ്യമല്ലത്ത തരിശും, കൃഷിയോഗ്യമായ തരിശുമായി അവശേഷിക്കുന്നുണ്ട്. കൃഷിയോഗ്യമായ തരിശുഭൂമി കൃഷിക്ക് ഉപയോഗപ്രദമാക്കാനും, പുറമ്പോക്ക് ഭൂമികളിൽ നഗരസഭയുടെയോ, ഗുണഭോക്തൃ സമൂഹങ്ങളുടെയോ നേതൃത്വത്തിൽ ഭക്ഷ്യവിളകൃഷി ചെയ്യാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

## മണ്ണിന്റെ ഘടന

ചെങ്കൽ കലർന്ന മണ്ണാണ് ഭൂരിഭാഗം പ്രദേശങ്ങളിലും. അതിവൃഷ്ടി കാരണം മേൽമണ്ണ് നഷ്ടപ്പെട്ട ജൈവാംശം കുറഞ്ഞ മണ്ണാണ് കുന്നിൻ പ്രദേശങ്ങളിൽ. മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ കുറച്ചൊക്കെ നടത്തിയത് താഴ്വാരങ്ങളിലാണ്. സമതലങ്ങളിൽ മണൽ കലർന്ന കളിമണ്ണും കാണപ്പെടുന്നു. സമതല പ്രദേശങ്ങളിൽ വയൽ ഉൾപ്പെടെ അമ്ലസ്വഭാവമുള്ള മണ്ണാണ് ഉള്ളത്. ഇത് ജഒ 4.86.3നുമിടയിൽ ആണ്. അമ്ലത്വം നിർവ്വീര്യമാക്കുന്നതിന് ആവശ്യമായ ഡോളോമൈറ്റ്, കുമ്മായം മുതലായവ മണ്ണിൽ ചേർത്ത് കൊടുക്കേണ്ടത് ഉല്പാദനക്ഷമത കൂട്ടുന്നതിന് അനിവാര്യമാണ്. ജൈവവസ്തുക്കൾ ചേർത്ത് ഉല്പാദനം വർദ്ധിപ്പിക്കുകയും മണ്ണിൻറെ ഘടന നിലനിർത്തുകയും ചെയ്യേണ്ടതാണ്. ഈ രംഗത്ത് യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കണം.

നഗരസഭയുടെ 2023-24, 2024-25 വാർഷിക പദ്ധതികളിൽ ഉൾപ്പടുത്തി മണ്ണിന്റെ ജൈവ ഘടനയും പോഷകത്വവും വർദ്ധിപ്പിക്കുന്നതിനായി കുമ്മായ വിതരണവും ജൈവവളം വിതരണവും നടപ്പിലാക്കിയിട്ടുണ്ട്.

## പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| | നെൽകൃഷി | ബണ്ട് ബലപ്പെടുത്തൽ,ചാലുകൾ വൃത്തിയാക്കൽ | നെൽകർഷകർ | | | | ഫണ്ട് ലഭ്യത കുറവ് | എഞ്ചിനിയറിങ്ങ് വിഭാഗത്തിന്റെ ഇടപെടൽ ആവശ്യം | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

# വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | 'മേഖല/ ഉപമേഖല' | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്ന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | കശുമാവ്/കൊക്കോ കൃഷി | തരിശു നിർമ്മാർജ്ജനം,പുതിയ വരുമാന മാർഗ്ഗങ്ങൾ | | ഉൽപ്പാദനം കുറവ് | ഉൽപ്പാദനം ഇരട്ടിയാക്കൽ | കൃഷി വ്യാപനം തരിശു നിർമ്മാർജ്ജനം | മേൽത്തരം തൈ വിതരണം |
| | ഔഷധ സസ്യ കൃഷി | ഇടവിളകൃഷി കാർഷിക വരുമാനം വർദ്ധിപ്പിക്കുക | | വളരെ കുറവ് | ഉൽപ്പാദന വർദ്ധനവ് | കൃഷി വ്യാപനം കാർഷിക വരുമാനം വർദ്ധിപ്പിക്കുക | വിത്തു വിതരണം,സംഭരണ സംവിധാനം ഉറപ്പാക്കൽ |

പേര്

കൺവീനർ

# 3. മൃഗസംരക്ഷണവും ക്ഷീരവികസനവും

1 .പാൽ ഇൻസറ്റീവ് നഗരസഭാ പരിധിയിലുള്ള ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർ വളരെയധികം ദുരിതമനുഭവിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.കാലിത്തീറ്റയുടെ ക്രമാനുഗതമായ വർദ്ധനവും തീറ്റപ്പുല്ലിൻറെ അപര്യാപ്തതയും വില വർദ്ധനവും മൂലം പരമ്പരാഗതമായി ഈ മേഖലയിൽ പശു പരിപാലനം നടത്തി ഉപജീവനം കഴിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം എന്ന നിലയിൽ പാലിന് നൽകുന്ന ഇൻസറ്റീവ് നിലവിൽ ലിറ്ററിന് 3 രൂപ നിരക്കിൽ നൽകുന്നുണ്ട് ആയത് ഫണ്ടിൻറെ അപര്യാപ്തതമൂലം വർഷം മുഴുവനായുള്ള ദിവസത്തേക്ക് നൽകുന്നുമില്ല പലപ്പോഴും ആറിമാസത്തേക്കും ഏട്ടു മാസത്തേക്കുമാണ് നഗരസഭയിൽ നിന്നും അനുവദിക്കുന്നത് ആയത് ഒരു സാമ്പത്തിക വർഷം മുഴുവനായുള്ള ദിവസം കണക്കാക്കിയും ഒരു ലിറ്റർ പാലിന് 5 രൂപ നിരക്കിലും ഇൻസറ്റീവ് നൽകാനാവശ്യമായ തുക വകയിരുത്തേണ്ടതാണ്.

2 എല്ലാ ക്ഷീര കർഷകരേയും അയ്യൻങ്കാളി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തണം. നിലവിൽ രണ്ട് പശുവും 10 ലിറ്റർ പാലും അളക്കുന്നവർക്കാണ് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തുന്നത് ആയത് ഒരു പശുവും 10 ലിറ്റർ പാലും അളക്കുന്നവരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തണം..

3. ക്ഷീര സഹകരണ സംഘങ്ങൾവഴി ക്ഷീരകർഷകർക്കാവശ്യമായ വൈക്കോൽ(കച്ചി) സബ്സിഡി നിരക്കിൽ നൽകാനാവശ്യമായ സത്വര നടപടി സ്വീകരിക്കണം

4.നിലവിൽ ക്ഷീരകർഷകർക്ക് സംഘങ്ങൾ മുഖേന ജില്ലാ പഞ്ചായത്ത് റിവോൾവിംഗ് ഫണ്ട്(പലിശ രഹിത വായ്പ അനുവദിച്ചു വരുന്നുണ്ട് നഗരസഭയായതിനാൽ ഇരിട്ടി നഗരസഭകളിലുള്ളവർക്ക് ലഭിക്കുന്നില്ല.പ്രസ്തുത രീതിയിലുള്ള റിവോൾവിംഗ് ഫണ്ട് നഗരസഭയിൽ നിന്നും ക്ഷീരകർഷകർക്ക് സംഘങ്ങൾ വഴി നൽകണം.

5. കന്നുകുട്ടിപരിപാലനത്തിന് നിലവിൽ പരിമിതമായ ഫണ്ട് മാത്രമേ വകയിരുത്തുന്നുള്ളൂ ആയതിനാൽ ഒരു വാർഡിൽ ഒന്നോ രണ്ടോ കർഷകർക്ക് മാത്രമേ അതിൻറെ അനുകൂല്യം ലഭിക്കുന്നുള്ളു.ആയത് വർദ്ധിപ്പിച്ച് മേഖലയിലെ മുഴുവൻ കർഷകർക്കും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

6.ചാവശ്ശേരി വെറ്റനറൽ സബ്സെൻററിന് നിലവിൽ സ്ഥലമില്ലാത്ത അവസ്ഥയാണ്.ചാവശ്ശേരി വില്ലേജ് ഓഫീസിനു സമീപത്തുള്ള റവന്യുവകുപ്പിൻറെ സ്ഥലം പ്രസ്തുത സബ്സെൻററിന് ലഭിക്കുന്നതിനാവശ്യമായ നിയമ പരമായ നടപടികൾ സ്വീകരിച്ച് സംസ്ഥാന സർക്കാറിൽ നിന്നും നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

7. ആടും കൂടും പദ്ധതി എല്ലാ വിഭാഗങ്ങൾക്കും അനുവദിക്കുക

നിലവിൽ ആടും കൂടും പദ്ധതി ചില നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമാണ് ചില വിഭാഗങ്ങൾക്ക് മാത്രമായിട്ടാണ് ലഭിക്കുന്നത് ആയത് മാനദണ്ഡങ്ങൾ നിശ്ചയിക്കാതെ മുഴുവൻ വിഭാഗങ്ങൾക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

8 മുട്ടക്കോഴി വിതരണം

മുട്ടക്കോഴി വിതരണം നിലവിൽ വാർഡിൽ 10 വീതം ആളുകൾക്ക് മാത്രമേ നൽകുന്നുള്ളൂ. ആയത് കോഴിയും കൂടും 20 എണ്ണം വീതമാക്കി വർദ്ധിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കണം.

9. ക്ഷീരകർഷകർക്ക് മിനറൽ മിക്സ്ചർ (കാത്സ്യപ്പൊടി) സംഘങ്ങൾക്ക് മുഖേന മുഴുവൻ കർഷകർക്കും സൗജന്യമായി നൽകുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തണമെന്നും നടപ്പു സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കേണ്ടതുണ്ട്

10. ക്ഷീര സംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് കറവ യന്ത്രം സബ്സിഡി നിരക്കിൽ നൽകുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുക.

11. തൊഴുത്ത് നിർമ്മാണം. ക്ഷീര കർഷകർക്ക് നിലവിൽ തൊഴുത്ത് ഇല്ലാത്തവർക്കും പുതുക്കി നവീന രീതിയിൽ നിർമ്മിക്കുന്നതിനും 50 ശതമാനംസബ്സിഡിയോടുകൂടിയ പണം അനുവദിക്കണം

12 വെറ്റിനറി ആശുപത്രി മുഖേന നൽകുന്ന മരുന്ന് നിലവിൽ 100000 രൂപ വരെ മാത്രമേ ഒരു സാമ്പത്തിക വർഷം അനുവദിക്കുന്നുള്ളു.ആയത് 5 ലക്ഷം രൂപയേങ്കിലും ചുരങ്ങിയത് വകയിരുത്തണം

13 കറവപശുക്കളുടെയും ആട് പോത്ത്,എന്നിവയുടെയും ഫാമുകൾ ആരംഭിച്ച് ശാസ്ത്രീയമായ രീതിയിൽ വളർത്തുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സബ്സിഡി ആനുകൂല്യങ്ങളോടുകൂടി നൽകുന്നതിനും,അത്തരം ആളുകളെ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ ഫണ്ടുകൾ വകയിരുത്തി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

2022-23 ആകെ 44,89,200 രൂപയുടെ പദ്ധതികൾ മേഖലയിൽ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികളുടെ ഗുണഭോക്തൃ പട്ടിക തയ്യാറായി നിർവ്വഹണം ആരംഭിച്ചു. മുട്ടക്കോഴി വിതരണം, പാലുല്പാദന സബ്സിഡി, കന്നുകുട്ടി പരിപാലനം, പേവിഷ നിയന്ത്രണ പരിപാടികൾ എന്നിവയ്ക്കാണ് തുക വകയിരുത്തിയിട്ടുള്ളത്.

ഗരസഭയുട കീഴിലുള്ള വെറ്ററിനറി പോളിക്ലിനിക്ക് വഴിയാണ് മൃഗ സംരക്ഷണ ക്ഷീര വികസന പദ്ധതികൾ നഗരസഭ നടപ്പിലാക്ക **2023-24** വർഷത്തിൽ ലക്ഷം രൂപയുടെ **58.36** പദ്ധതികളാണ് നടപ്പിലാക്കുന്നത്ഇരിട്ടി നഗരസഭയെ സമ്പൂർണമായും പാൽ . ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ദീർഘകാല ലക്ഷ്യം മുൻ നിർത്തി ക്ഷീര ധാതു ലവണ മിശ്രിതം ,കാലിത്തീറ്റ വിതരണം ,കർഷകർക്ക് പാൽ ഉൽപ്പാദന സബ്സിഡി വഹണത്തിന്റെ അന്തിമ ഘട്ടത്തിലാണ്നഗരസഭയെ സമ്പൂർണ മുട്ടഉൽപ്പാദന . ,വർഷത്തിൽ ജനറൽ **24-2023** സ്വയംപര്യാപ്ത നഗരസഭ എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഓളം കുടുംബങ്ങൾക്ക് **800** പട്ടിക വർഗം എന്നീ വിഭാഗങ്ങളിലായി ,പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഒരു ഉപജീവന മ .മുട്ടക്കോഴികളെ വിതരമം ചെയ്തിട്ടുണ്ട്ാർഗ മെന്ന നിലയിൽ പെണ്ണാടുകളേയും വിതരണം ചെയ്തുകഴിഞ്ഞു.

# പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയം ... | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | മൃഗ സംരക്ഷം | തീറ്റ വസ്തുക്കളുടെ വില വർദ്ധന | നഗരസഭയിലെ ക്ഷീര കർഷകൻ | | * | | ആവശ്യത്തിന് തീറ്റ ലഭ്യമല്ലാത്തത് | തീറ്റ ഉൽപാദക കേന്ദ്രം സ്ഥാപിക്കുക | | തീറ്റയുടെ ഗുണ നിലവാര ലഭ്യത ഉറപ്പാക്കുക | ക്ഷീര കർഷകർക്ക് വൈക്കോൽ, ചോളം എന്നിവ ലഭ്യമാക്കുക |
| 2 | മൃഗ സംരക്ഷം | ശാത്രീയ പാൽ ഉൽപാദനം | നഗരസഭയിലെ ക്ഷീര കർഷകൻ | * | | | തൊഴുത്ത് നിർമ്മിക്കാൻ ധനസഹായം ലബയമല്ലാത്തത് | തീറ്റ പുൽകൃഷി വ്യാപിപ്പിക്കുക | | | ക്ഷീര സംഘങ്ങളുടെ സഹായം |
| 3 | മൃഗ സംരക്ഷം | പാൽ വിപണനം | നഗരസഭയിലെ ക്ഷീര കർഷകൻ | | * | | അധികമായി ഉൽപ്പാദിപ്പിക്കുന്ന പാൽ വിപണനം ചെയ്യൽ | ശാത്രീയ തൊഴുത്ത് നിർമ്മിക്കാൻ സഹായം നൽകുക | | | |
| 4 | മൃഗ സംരക്ഷം | തൊഴിൽ ലഭ്യത വർദ്ധന | നഗരസഭയിലെ ക്ഷീര കർഷകൻ | * | | | തൊഴിൽ ലഭ്യത കുറവ് | വപണന കേന്ദ്രങ്ങൾ | | | |
| 5 | മൃഗ സംരക്ഷം | രോഗ നിയന്ത്രണം | നഗരസഭയിലെ ക്ഷീര കർഷകൻ | | * | | തെരുവ് നായകളെ നിയന്ത്രിക്കൽ | മുട്ടകോഴി ഇറച്ചി കോഴി വളർത്തൽ യൂണിറ്റുകൾ | | എ.ബി.സി സെൻററുകൾ സ്ഥാപിക്കുക | |

# വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | 'മേഖല/ ഉപമേഖല' | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘക്കാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | മൃഗ സംരക്ഷണം | പോഷകാഹാരം മെച്ചപ്പെടുത്തൽ | 1) പാൽ ഉൽപ്പാദന വർദ്ധനവ് 2)മുട്ട ഉൽപ്പാദന വർദ്ധനവ് 3)മാംസ ഉൽപ്പാദന വർദ്ധനവ് | 1) 4 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദനം 2) 3 ലക്ഷം മുട്ട ഉൽപ്പാദനം | 1) 9 ലക്ഷം ലിറ്റർ പാൽ ഉൽപ്പാദനം 2) 9 ലക്ഷം മുട്ട പ്രതി വർഷം ഉൽപ്പാദനം | കറവ പശുക്കളെ വിതരണം ചെയ്യൽ, അടിസ്ഥാന സൗകര്യം ഒരുക്കൽ | 2) 4500 കോഴികളെ പ്രതിവർഷം വിതരണം ചെയ്യുക |
| 2 | മൃഗ സംരക്ഷണം | അടിസ്ഥാന സൗകര്യ വികസനം ഉൽപ്പാദനം | 1) വിപണന സൗകര്യം 2)പാൽ സംഭരണ ശേഷി വർദ്ധിപ്പിക്കൽ 3)പാൽ | 1) 180 പേർക്ക് തൊഴുത്തുണ്ട് 2) – 3) – | 200 പേർക്ക് ശാത്രീയ തൊഴുത്ത് നിർമ്മിക്കുക | 200 പേർക്ക് തൊഴുത്ത് | 200 പേർക്ക് കാലിതൊഴുത്ത് നിർമ്മാണ പദ്ധതി രൂപീകരിക്കുക |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | മൃഗ സംരക്ഷണ മേഖലയിലെ തൊഴിൽ ലഭ്യത | | | ഇല്ല | ക്ഹീര സംഘടനയുമായി ബന്ധപ്പെട്ട് പാൽ ഉൽപ്പനം ഇറച്ചികോഴി വളർത്തൽ യൂണിറ്റ് സ്ഥാപിക്കുക, എഗ്ഗർ നഴ്സറി സ്ഥാപിക്കുക | | |
| 4 | ജന്തുജന്യരോഗ്ങ്ങളുടെ നിയന്ത്രണം | | | ഇല്ല | പേവിഷ നിർമ്മാരജ്ജനം, തെരുവ് നായ നിയന്ത്രണം | | 2500 തെരുവ് നായ വന്ധീകരിക്കൽ |

## തൊഴിലുറപ്പ് പദ്ധതി മേഖല : അവസ്ഥാ വിശകലനം

# അടിസ്ഥാന വിവരങ്ങൾ

## പൊതുവിവരങ്ങൾ

| വിവരം | ജനറൽ | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| തൊഴിൽ കാർഡ് നൽകിയിട്ടുള്ള കുടുംബങ്ങളുടെ എണ്ണം | 3277 | 30 | 98 | 3405 |
| തൊഴിൽ കാർഡിലുള്ള തൊഴിലാളികളുടെ എണ്ണം | 3843 | 40 | 102 | 3985 |
| സജീവ തൊഴിൽ കാർഡുകളുടെ എണ്ണം | 1213 | 30 | 95 | 1338 |
| സജീവ തൊഴിലാളികളുടെ എണ്ണം | 1372 | 30 | 98 | 1500 |

**ലേബർ ബഡ്ജറ്റ്**

| വിവരം | യൂണിറ്റ് | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | എണ്ണം | 14718 | 48191 | 40721 | 73247 | 5108 |
| | ശരാശരി | 28 | 55 | 60 | 75 | 14 |
| പട്ടികജാതി വിഭാഗത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | എണ്ണം | 540 | 870 | 1100 | 1420 | 300 |
| | ശരാശരി | 28 | 55 | 60 | 75 | 14 |
| പട്ടികവർഗ്ഗ വിഭാഗത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | എണ്ണം | 800 | 1200 | 1240 | 1600 | 600 |
| | ശരാശരി | 28 | 55 | 60 | 75 | 14 |
| വനിതകൾ -സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | എണ്ണം | 12620 | 45451 | 35720 | 68143 | 4200 |
| | ശരാശരി | 28 | 55 | 60 | 75 | 14 |
| ആകെ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | എണ്ണം | 1300 | 1785 | 1800 | 1810 | 1300 |
| | ശരാശരി | | | | | |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനം | | 28 | 55 | 60 | 75 | 14 |

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികൾക്ക് ലഭിച്ച ശരാശരി വേതനം | **4019678** | **9533438** | **15739934** | **18780394** | **5362499** |
| നൂറ് തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച തൊഴിലാളികളുടെ എണ്ണം | **0** | **14** | **65** | **102** | **0** |
| ആകെ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | **1100** | **1202** | **1202** | **1338** | **1300** |
| ആകെ തൊഴിൽ ലഭിച്ച തൊഴിലാളികളുടെ എണ്ണം | **1110** | **1320** | **1320** | **1810** | **1500** |
| തൊഴിൽ ചെയ്ത അംഗപരിമിതരുടെ എണ്ണം | **0** | **0** | **0** | **0** | **0** |

ചെലവ് സംബന്ധിച്ച വിവരം

| | **2018þ19** | **2019þ20** | **2020þ21** | **2021þ22** | **2022þ23** |
|---|---|---|---|---|---|
| ആകെ ചെലവഴിച്ച തുക (രൂപ) | **4549367** | **10053827** | **16257023** | **18780394** | **7316808** |
| കൂലിയിനത്തിൽ ചെലവഴിച്ച തുക (രൂപ) | **4019618** | **9533438** | **15739934** | **16581663** | **5362499** |
| സാധന സാമഗ്രി ഇനത്തിലും വിദഗ്ധ(രൂപ) | **0** | **0** | **0** | **1505759** | **1765903** |
| തൊഴിലാളികൾക്കുമായി നൽകിയ വേതനം (രൂപ) | **4019618** | **9533438** | **15739934** | **16581663** | **5362499** |
| മെറ്റീരിയൽ ചെലവ് | **0** | **0** | **0** | **1505759** | **1765903** |

## സൃഷ്ടിക്കപ്പെട്ട ആസ്തികൾ

| **{Ia \w.** | **BkvXnIÄ** | | **F®w** |
|---|---|---|---|
| **1** | കിണറുകൾ | | ഇല്ല |
| **2** | കുളങ്ങൾ | | ഇല്ല |
| **3** | കോഴിക്കൂട് | | ഇല്ല |
| **4** | ആട്ടിൻകൂട് | | ഇല്ല |
| **5** | തൊഴുത്ത് | | ഇല്ല |
| **6** | കക്കൂസുകൾ | | ഇല്ല |
| **7** | കിണർ റീ ചാർജിംഗ് | വ്യക്തികൾ | ഇല്ല |
| | | പൊതു സ്ഥാപനങ്ങൾ | ഇല്ല |
| **8** | വച്ചുപിടിപ്പിച്ച മരങ്ങൾ | | |

| | | | |
|---|---|---|---|
| 9 | നിലവിലുള്ളവ | | |
| | അങ്കണവാടി കെട്ടിടങ്ങൾ | എണ്ണം | വിസ്തീർണ്ണം |
| 10 | | | ഇല്ല |
| 11 | കളിസ്ഥലങ്ങൾ | | ഇല്ല |
| 12 | പാട്ടകൃഷി നടപ്പിലാക്കിയ കൃഷിഭൂമി | 6 | ഏക്കർ 7 |

## മണ്ണ് ജല സംരക്ഷണ മേഖല

### അടിസ്ഥാന വിവരങ്ങൾ

## വിവിധ ചെറു നീർത്തടങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| നീർത്തടത്തിൻറെ പേര് | വിസ്തീർണ്ണം (ഹെ.) | ഉൾപ്പെടുന്ന പ്രദേശങ്ങൾ | ഉൾപ്പെടുന്ന സ്വയംഭരണ സ്ഥാപനങ്ങൾ | ഉൾപ്പെടുന്ന ജില്ലകൾ |
|---|---|---|---|---|
| വെളിയമ്പ്ര- | 449.1 | 19,20,23 | | |
| 1-വിളക്കോട് | | വാർഡുകൾ | | |
| വെളിയമ്പ്ര- | 328.5 | 1,2,3വാർഡുകൾ | | |
| 2-വിളക്കോട് | | | | |
| വെളിയമ്പ്ര- | 375.1 | 27,33,23 | | |
| 3-വിളക്കോട് | | വാർഡുകൾ | | |
| വെളിയമ്പ്ര- | 639.6 | | | |
| 4-വിളക്കോട് | | വാർഡുകൾ 1,4 | | |
| | 693.3 | | | |
| വെളിയമ്പ്ര- | | 5,6,7,8,9,13 | | |
| 5-വിളക്കോട് | 357 | വാർഡുകൾ | | |
| വെളിയമ്പ്ര- | | 10,11,12 | | |
| 6-വിളക്കോട് | | വാർഡുകൾ | | |
| | 818.9 | | തില്ലങ്കേരിഇരിട്ടി , | |
| കാവുംപടി- | | 14,15,16,17,18 | | |
| പടിക്കച്ചാൽ | 393.8 | വാർഡുകൾ | | |
| | | | മട്ടന്നൂർ | |
| ചാവശ്ശേരി - | 407.4 | 25,28,29,30,31,32 | | |
| ബേരത്തിൽ | | | തില്ലങ്കേരി | |
| | | 21,22,24,26 | | |
| തില്ലങ്കേരി | 45.8 | | മട്ടന്നൂർ | |
| | | 33 | | |
| ഏളന്നൂർ | | | | |
| | 156.5 | | മട്ടന്നൂർ | |
| നാലാംകേരി- | | 31,33 | | |
| ഒണങ്ങലോട് | | | | |

# 4 പ്രാദേശിക സാമ്പത്തിക വികസനം

# ചെറുകിടവ്യവസായം,സൂക്ഷ്മസംരംഭങ്ങൾ,സഹകരണം

ഇരിട്ടി മുനിസിപ്പാലിറ്റിയിലെ മൊത്തം തൊഴിൽ മേഖലയും വ്യവസായ മേഖലയും പരിശോധിച്ചാൽ ഈ മേഖലയുടെ അവസ്ഥ വളരെപരിതാപകരമാണ് പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായങ്ങളുടെയും ചെറുകിട വ്യവസായങ്ങളുടെയുംകാര്യത്തിൽ കാര്യമായ മുന്നേറ്റം ഉണ്ടായിട്ടില്ല,2011 ലെ സെൻസെസ്സ് പ്രകാരം മാത്രമാണ് വ്യവസായ മേഖലയിൽ പണിയെടുക്കുന്നത്ഈ നൂറ്റാണ്ടി .ന്റെ ആരംഭത്തിൽ തന്നെ പരമ്പരാഗത വ്യവസായങ്ങളുടെയും ചെറുകിട വ്യവസായങ്ങളായ പട്ടിക 1 കൈത്തറി, കള്ളുചെത്ത്, എണ്ണയാട്ടൽ , അവിലിടി, തുടങ്ങിയവയും ഓലക്കുട, മൺപാത്രം, പായ, കുട്ട, മുറം, തുടങ്ങിയ കുടിൽ വ്യവസായങ്ങളും നിലനിന്നിരുന്നുരണത്തോട് കൂടി അവിലിടി പോലുള്ള ണരവത്കയന്ത്ര കൈത്തറി മൺപ്പാത്ര നിർമ്മാണം 2023-24 രമ്പരാഗത വ്യവസായങ്ങൾ നശിക്കുകയുംപതുടങ്ങിയവ രൂക്ഷമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു നാമമാത്രമായ തൊഴിലാളികൾ മാത്രമേ ഈ രംഗത്തുള്ളൂദശാബ്ദങ്ങൾക്കു മുമ്പ് തന്നെ നമ്മുടെ മുനിസിപ്പൽ പ്രദേശത്ത് കല്ല് കൊത്ത് ഒരു ... തൊഴിലായിരുന്നെങ്കിലും വ്യാവസായികാടിസ്ഥാനത്തിൽ വികസിച്ചത് കാൽനൂറ്റാണ്ടിനിപ്പുറമാണ്കരിങ്കൽ. ഒരുകാലത്ത് നമ്മുടെ പ്രദേശത്തെ.വ്യവസായത്തിന്റെ ചരിത്രവും ഇതുതന്നെയാണ് തൊഴിൽ ശക്തിയുടെ ഗണ്യമായ വിഭാഗംപണിയെടുക്കുന്നമേഖലയാണിത്.

വ്യവസായമായി ചെങ്കൽ കരിങ്കൽ വ്യവസായം മാറിയിരുന്നുഎന്നാൽ ദശാബ്ദമായി ഈ മേഖലയിൽ വന്ന. യന്ത്ര വൽക്കരണത്തിന്റെഭാഗമായി തൊഴിൽ നഷ്ടപ്പെടുകയും നാമമാത്രമായ തൊഴിലാളികൾ മാത്രം ഈ രംഗത്ത് നിലനിൽക്കുകയും ചെയ്യുന്നുഎന്നാൽ ഗതാഗതം., കയറ്റിറക്ക് വിൽപ്പന ഏജന്റ്മാർ എന്നീ തലങ്ങളിൽ കുറെപേർക്കെങ്കിലും പരോക്ഷമായി തൊഴിൽ ലഭിക്കുന്നുണ്ട്മുമ്പ് ആയിരക്കണക്കിന് . തൊഴിലാളികളെ വെച്ച് ചെങ്കൽ ഖനനം നടത്തിയതിന്റെ പത്തിരട്ടിയിലധികം ചെങ്കല്ലുകൾ യന്ത്ര കൊത്ത് എന്നാൽ.വഴി ഈ മേഖലയിൽ നിന്ന് ഖനനം ചെയ്യുന്നുണ്ട്തൊഴിൽ നൽകുന്നത് കൂടുതലും അന്യ സംസ്ഥാന തൊഴിലാളികൾക്കാണ്നമ്മുടെ നഗരസഭയിലെ തൊഴിൽ സേനയുടെ ഗണ്ണ്യമായ പങ്ക് . കരിങ്കൽ ഖനന മേഖലയിലും ഇത് തന്നെയാണ് സ്ഥിതി.അന്യസംസ്ഥാന തൊഴിലാളികളിലാണ് കരിങ്കൽക്രഷറുകളും ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്., കൂടാതെ ക്രഷറിന്റെ ഉല്പന്നങ്ങളായ കരിങ്കൽ പൊടി മുതലായവ കെട്ടിട നിർമ്മാണ രംഗത്ത് (എം സാൻഡ്) ആറ്റുമണലിന്റെ ലഭ്യത കുറവ് ഒരു പരിധിവരെ ഇവയുടെ ആവശ്യം .വ്യാപകമായി ഉപയോഗിച്ച് വരുന്നു .വർധിക്കുന്നു

കെട്ടിട നിർമ്മാണത്തിലുണ്ടായിട്ടുള്ള വൻതോതിലുള്ള മാറ്റങ്ങൾ ഇത്തരം കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഫർണ്ണിച്ചർ യൂണിറ്റുകളുടെയും വർദ്ധനവിന് കാരണമായിട്ടുണ്ട്, മരവ്യവസായവും ഇതനുസരിച്ച് വളർന്നുവന്നുകെട്ടിടനിർമ്മാണ രംഗത്ത് മരത്തിന് പകരമായി സിമെന്റ് കമ്പി അലൂമിനിയം . .തുടങ്ങിയവയും ഉപയോഗിച്ച് വരുന്നു

പരമ്പരാഗത വ്യവസായമായ കള്ള് ചെത്ത് നമ്മുടെ പ്രദേശത്ത് കുറഞ്ഞു വരുന്നുതൈങ്ങുകളിൽ . ഉൽപ്പാദനം കുറവാണെങ്കിലും ജലലഭ്യതയുള്ള പ്രദേശത്തെ തെങ്ങുകളിൽ നീര ഉൽപ്പാദനവും കള്ളു ചെത്തും പ്രോത്സാഹിപ്പിച്ചാൽ കർഷകർക്ക് അതൊരു വരുമാനമായി തീരും, ചെറുകിട വ്യവസായ മേഖലയിലെ അസംഘടിത സ്വഭാവം വേതന നിരക്കിൽ ഗണ്യമായ അന്തരത്തിന് കാരണമായിട്ടുണ്ട്പ്രധാന . ചെറുകിട വ്യവസായങ്ങളായ ഫ്ളവർ മില്ല്, മൺപാത്ര നിർമ്മാണം പപ്പട നിർമ്മാണം പേപ്പർ ബാഗ്തുണി സഞ്ചി ബേക്കറി യൂണിറ്റുകൾ ഫർണ്ണിച്ചറുകൾ റെഡിമെയ്ഡ് വസ്ത്ര യൂണിറ്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതും വലിയ വിഭാഗം ജനങ്ങൾക്ക് തൊഴിൽ നൽകാൻ കഴിയുന്നതുമാണ്. ഈ രംഗത്ത് ഒരേ തൊഴിൽ ചെയ്യുന്നവരിൽ തന്നെ ലിംഗ വ്യത്യാസം മാനദണ്ഡമാക്കി വേതന വിവേചനം നിലനിൽക്കുന്നുണ്ട് വ്യവസായ മായ മൺപാത്ര നിർമ്മാണവും പനമ്പ് നെയ്ത്ത് ,കൈത്തറി മുതലായവയും ഈ രംഗത്തേക്ക് പുതുതായി ആളുകൾ കടന്നുവരാത്തതിനാൽ പ്രതിസന്ധി നേരിടുകയാണ്, 2011 ലെ സെൻസസ് പ്രകാരം ഈരംഗത്ത് 703 തൊഴിലാളികളാണുള്ളത്, സ്ത്രീ പ്രാതിനിധ്യം . മാത്രമാണ് 1 ൽ 3 വ്യവസായ മേഖലയിലെ വനിതാ പങ്കാളിത്തം പൊതുവെ കുറവാണ്നമ്മുടെ മുനിസിപ്പാലിറ്റിയിൽ ആകെ . സ്ത്രീ . ശതമാനം മാത്രമാണ് 29 ഇത്.ആണ് 188 ആണ് സ്ത്രീ പങ്കാളിത്തം 65518 തൊഴിലാളികളുടെ എണ്ണം ശതമാനം 11 ആണ് എന്നാൽ വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം 1:4 പുരുഷ അനുപാതം കാർഷിക രംഗത്ത് ജോലി ചെയ്യുന്ന സ്ത്രീകളുടെ തൊഴിൽ സുരക്ഷയില്ലാത്തത് കാരണം കെട്ടിട നിർമ്മാണ 58 രംഗത്തേക്ക് വന്നതിനാൽ %പേർ ഈ രംഗത്തുണ്ട്.

**മുനിസിപ്പാലിറ്റിയിലെ വ്യവസായ സ്ഥാപനങ്ങളിലെ നിലവിലുള്ള പ്രശ്നങ്ങൾ**

അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ്, വിദഗ്ധ തൊഴിലാളികളുടെ അഭാവം,പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ നിലവിൽ അനുഭവപ്പെടുന്ന പ്രധാന പ്രശ്നങ്ങളാണ്. മുഖ്യ കാർഷികോൽപ്പന്നങ്ങളായ കശുവണ്ടി, തേങ്ങ, റബ്ബർ, പഴവർഗ്ഗങ്ങൾ, എന്നിവവ്യവസായ രംഗത്ത് ഉപയോഗപ്പെടുത്തുന്നില്ല.

1. തദ്ദേശീയ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ ഇന്നവേഷൻ ചാലഞ്ച് നടപ്പിലാക്കുന്നതും എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിക്കുകയും
2. നഗരസഭയിൽ വ്യവസായ പാർക്ക്.
3. യുവസംരഭകർക്ക് പ്രത്യക പരിശീലനം.
4. സ്റ്റാർട്ടപ്പ് പദ്ധതിയിൽ വിദഗ്ദ പരിശീലനം.
5. സംരഭകർക്ക് സാങ്കേതിക സഹായം നൽകുന്ന പദ്ധതി.
6. നഗരസഭയിലെ സംരഭകർക്ക് മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതി.
7. പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ്.

| ക്രമനം | വ്യവസായ യൂണിറ്റുകൾ | എണ്ണം |
|---|---|---|
| 1 | ഹോളോ ബ്രിക്സ് | 15 |
| 2 | ഫ്ളോർ മില്ല് | 12 |
| 3 | ടെയിലറിംഗ് യൂണിറ്റ് | 9 |

| | | |
|---|---|---|
| 4 | ബേക്കറി നിർമ്മാണം | 19 |
| 5 | ഓട്ടോമൊബൈൽ സർവ്വീസ്/റിപ്പയർ | 34 |
| 6 | സോപ്പ് നിർമ്മാണം | 2 |
| 7 | കോട്ടൺവേസ്റ്റ് നിർമ്മാണം | 3 |
| 8 | മരവ്യവസായം | 15 |
| 9 | മൺപാത്ര നിർമ്മാണം | 3 |
| 10 | കരകൗശലവസ്തുക്കളുടെ നിർമ്മാണം | 4 |
| 11 | റെഡിമെയ്ഡ് ഗാർമെൻറ്സ് | 30 |
| 12 | ബാഗ് നിർമ്മാണം | 5 |
| 13 | ഓൺലൈൻ സർവ്വീസ് യൂണിറ്റ് | 22 |
| 14 | സിമൻറ്കട്ട നിർമ്മാണം | 2 |
| 15 | കാറ്ററിംഗ് യൂണിറ്റ് | 2 |
| 16 | ഭക്ഷ്യസംസ്കരണം | 17 |
| 17 | സ്റ്റോൺ ക്രഷർ | 33 |

# വികസന പരിപ്രേക്ഷ്യം ഫോറം 7

| ക്രമ നമ്പർ | 'മേഖല/ ഉപമേഖല' | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘലക്കാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്ന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | വ്യവസായം/ ഉൽപ്പാദനം | വ്യവസായം/ഉൽപ്പാദനം മേഖലകളിൽ സ്തീ സാനിധ്യം കൊണ്ടുവരിക | | 5 വ്യവസായ മേഖല, | 50 വ്യവസായ മേഖല, | വനിതകൾക്ക് സ്വയം പര്യാപ്തത | |
| 2 | നിർമ്മാണം | ഉൽപ്പാദനം മേഖലകളിൽ വർദ്ധനവ് കൊണ്ടുവരിക | | 38 ഉൽപാദന മേഖല | 150 ഉൽപാദന മേഖല | വനിതകൾക്ക് സ്വയം പര്യാപ്തത | വനിതകൾക്ക് സ്കിൽ പരിശീലനം നൽകുക |

# 5. ദാരിദ്ര്യലഘൂകരണം,ചേരി പരിഷ്ക്കരണം.

നഗരസഭാപരിധിയിലുള്ള സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസ പരവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിൻറെ ക്ഷേമവും ഉന്നമനവും ഉറപ്പുവരുത്തുന്ന വിധത്തിൽ ഇവരെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് എത്തുക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിൽ വരേണ്ടതുണ്ട്.ആശ്രയ,പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടെയുള്ള ദരിദ്രകുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സ്വയം തൊഴിലിലൂടെ അവരെ സ്വയം പര്യാപ്തതയിലെത്തിക്കുന്നതിന് ഒരു പരിധിവരെ ഇതുവരെ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്.കുടുംബശ്രീ സംവിധാനം നിലവിൽ വന്നതോടുകൂടി ദാരിദ്ര്യ ലഘൂകരണ രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട് .

കുടുംബശ്രീ സംവിധാനം നിലവിൽ വന്നതോടുകൂടി ദാരിദ്ര്യ ലഘൂകരണ രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.സ്ത്രീകൾ സാമൂഹികമായും സാമ്പത്തികമായും ശാക്തീകരിക്കപ്പെടുകയും തൊഴിലുറപ്പ് പദ്ധതിയിലൂടെ ഭൂരുഭാഗം ദാരിദ്ര്യ കുടുംബങ്ങൾക്കും അധിക വരുമാനം ലഭിക്കുകയും അതുവഴി സാമ്പത്തിക ഭദ്രത കൈവരിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

താഴെത്തട്ടിലുള്ള ഗ്രാമീണ ജനവിഭാഗങ്ങളുടെ ക്ഷേമവും ഉന്നമനവും ഉറപ്പിക്കുന്നതരത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത്. പാർപ്പിടം, ശുദ്ധജലം, ജീവനോപാദികൾ എന്നിവയിലധിഷ്ഠിതമായിരിക്കണം. ദാരിദ്ര്യലഘൂകരണ പ്രവർത്തന ങ്ങൾ. സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്ന ലൈഫ്മിഷനുകളുടെ പ്രവർത്തനം ഈ മേഖലയിൽ പ്രാവർത്തികമാക്കേണ്ടതാണ്

കുടുംബശ്രീ സംവിധാനം **2002** മുതൽ **1860** രജിസ്ട്രേഷൻ നമ്പർ പ്രകാരം കീഴൂർ ചാവശ്ശേരി സി.ഡി.എസ് ആയും **2015** നവംബർ **1** മുത. ഇരിട്ടി നഗരസഭ സി.ഡി.എസ് ആയും പ്രവർത്തിച്ചു വരുന്നു.**368** കുടുംബശ്രീ അയൽക്കൂട്ടങ്ങളിലായി **6680** വനിതകൾ അംഗങ്ങളാണ് കൂടാതെ **7** ഭിന്നശേഷി അയൽക്കൂട്ടവും **57** വയോജന അയൽക്കൂട്ടവും നിലവിലുണ്ട് .കാർഷിക മേഖല,തൊഴിൽ മേഖലകൾ നഗരസഭ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ കുടുംബശ്രീയുടെ പങ്ക് വളരെ വലുതാണ്. അഗതികൾക്ക് ആശ്രയമായി ആശ്രയ പദ്ധതി ,കുട്ടികൾക്ക് ബാലസഭ സാമ്പത്തിക ഉന്നമനത്തിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള കാർഷിക ജെ.എൽ.ജികൾ ,സംരംഭങ്ങൾ ഉത്സവ ചന്തകൾ എഫ്.എഫ്.സി എം.കെ.എസ്.പി തുടങ്ങി വിവിധയിനം പ്രവർത്തനങ്ങൾ സി.ഡി.എസ് ൻറെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. വിവിധ സർവ്വേകൾ കുടുംബശ്രീ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ കാലത്ത നഗരസഭയുമായി യോജിച്ച് നിരവധി പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.നഗരസഭ പദ്ധതി വഴി **45000** മാസ്കുകൾ തയ്യ്ച് നഗരസഭാതലത്തിൽ വിതരണം ചെയ്തു.റേഷൻകടവഴിയുള്ള കിറ്റ് വിതരണം ,തുണി സഞ്ചി വിതരണം തുടങ്ങിയവ ഏറ്റെടുത്ത് നടപ്പിലാക്കി.

കാർഷിക തലത്തിൽ ജെ.എൽ.ജികൾക്ക് പരിശീലനം ജെ.എൽ.ജി ഇൻസെൻറീവ്,പുതിയ ജെ.എൽ.ജി രൂപീകരണം തുടങ്ങിയവ നടത്തിയിട്ടുണ്ട്.

ബാലസഭ കുട്ടികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കാര്യശേശി വർദ്ധിപ്പിക്കുന്നതിനും എല്ലാ വാർഡുകളിലും ബാലസഭകൾ രൂപികരിച്ച് പ്രവർത്തിച്ചു വരുന്നു.

നാടിനെ അറിയാൻ ,നാടിനെ അറിയാൻ ബാലസഭ മൈഗ്രോ ഗ്രീൻ ചലഞ്ച് ലോക്ക്ഡൗൺ കലോത്സവം ചക്ക മരം നടീൽ ഓൺ ലൈൻ ഓണഘോഷ പരിപാടി പ്രസംഗ മത്സരങ്ങൾ ക്വസ് മത്സരങ്ങൾ ബാലസഭ ശാസ്ത്രോത്സവംതുടങ്ങി വിവിധ പരിപാടികൾ ബാലസഭ കുട്ടികളെ ഉൾപ്പെടുത്തി നടത്തിയിട്ടുണ്ട്.ബാലസഭ കുട്ടികളുടെ സൈക്കിൾ റാലി നടത്തി സൈക്കിളിംഗ് നടത്തു ന്നു.കുട്ടികൾക്ക് ബോളിബോൾ പരിശീലനം കുടുംബശ്രീ മിഷൻറ് നേതൃത്വത്തിൽ നടത്തി വരുന്നു.ബാലസഭ കുട്ടികൾക്ക് നഗരസഭ തലത്തിൽ പരീശിലനം നൽകണം.

## എൻ.യു.എൽ.എം

ഓരോ വ്യക്തികളുടെയും തൊഴിൽ മനോഭാവത്തിനും താൽപര്യത്തിനും അനുസ്യൃമായി തൊഴിൽ സാധ്യത കണ്ടെത്തുന്നതിനും കുടുംബശ്രീ കുടുംബാംഗങ്ങൾക്കും തൊഴിലും തൊഴിൽ പരിശീലനവും നടപ്പിലാക്കുന്ന പദ്ധതിയാണ് ചഡഘങ.2020 ഏപ്രിൽ മുതൽ ഈ പദ്ധതി നടപ്പിലാക്കിയ 58 സംരംങ്ങൾ നിലവിലുണ്ട്. കുടാതെ കുടുംബശ്രീ സി.ഇ എഫ് ഫണ്ട് വഴി 6 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.സംരംഭങ്ങളുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് ഇരിട്ടി സപ്ലൈക്കോ ഔട്ട് ലറ്റ് ആരംഭിച്ചിട്ടുണ്ട് ഇരിട്ടി മാർക്കറ്റിംഗ് കിയോസ്ക്കും കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അഗ്രി കിയോസ്ക്കും പ്രവർത്തിച്ചു വരുന്നു. അതോടൊപ്പം ഉല്പന്ന വിൽപ്പനയ്ക്ക് വേണ്ടി മാസ ചന്തകളും നാട്ടു ചാന്തകളും നടത്തി വരുന്നു. കുടിൽ വ്യവസാങ്ങളെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള പദ്ധതികൾ ദാരിദ്ര്യലഘൂകരണത്തിൻറെ ഭാഗമായി നടപ്പിൽ വരുത്തേണ്ടതുണ്ട്.

## ഹരിത കർമ്മസേന.

ദാരിദ്ര്യ ലഘൂകരണത്തിൻറെ ഭാഗമായി കുടുംബശ്രീ വഴി ഹരിതകർമ്മസേന 2017 ഡിസംബർ മുതൽപ്രവർത്തനം ആരംഭിച്ചു.36 അംഗങ്ങളാണ് നിലവിലുള്ളത് ഇവർ നഗരസഭ പരിധിയിലൂടെ വീടികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ ശേഖരിച്ച് 2021 ഏപ്രിൽ 1 മുതൽ നഗരസഭയുമായി കരാറിൽ ഏർപ്പെട്ട ഗ്രീൻവോംസ്ഇക്കോസോലുഷൻസ് എൽ.എൽ.പി എന്ന സ്വകാര്യ ഏജൻസിക്ക് കൈമാറുന്നു.

## ജൈവവള നിർമ്മാണം

നഗരസഭയുടെ അത്തിത്തട്ടിലെ മാലിന്യ സംസ്കരണത്തിൽ എത്തിക്കുന്ന ജൈവ അജൈവ മാലിന്യങ്ങൾ കുടുംബശ്രീയുടെ കീഴിലുള്ള 10 സ്ത്രീകൾ ഉൾപ്പെടുന്ന യുണിറ്റ് ജൈവമാലിന്യംവേർതിരിച്ച് വിൻ്ടോ കംപോസ്റ്റ് രീതിയിൽ ജൈവവളമായി മാറ്റുന്നു. ഈ സംരംഭത്തിലൂടെ 10 കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചു.

ഇരിട്ടി നഗരസഭ സി.ഡി.എസ് മുഖേന നാളിതുവരെ രൂപികരച്ച സംരംഭങ്ങൾ

1. തെരുവോര കച്ചവടക്കാർക്ക് വെൻഡിങ് മാർക്കറ്റുകൾ
2. ആലംബഹീനരായവർക്ക് നൈറ്റ് ഷെൽട്ടറുകൾ
3. നഗരസഭയിലെ പ്രവാസികളായ മലയാളികൾക്കളെ ഉൾപെടുത്തി ഇൻവെസ്റ്റ്മെന്റ് മീറ്റുകൾ സംഘടിപ്പിക്കൽ
4. സംരംഭകത്വ പരിശീലനങ്ങൾ, സംരംഭകത്വറിഫ്രഷ്മെന്റ്കോഴ്സുകൾ, സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് മേളകൾ, സബ്സിഡികൾ നൽകൽ
5. യുവസംരഭകർക്ക് പ്രത്യക പരിശീലനം.
6. വിശപ്പ് രഹിത നഗരസഭ
7. സ്റ്റാർട്ടപ്പ് പദ്ധതിയിൽ വിദഗ്ദ പരിശീലനം
8. സ്നേഹിത കോളിംഗ് ബെൽ പദ്ധതി.
9. പുരുഷ സ്വാശ്രയ സംഘത്തിന് വയബിലിറ്റി ഫണ്ട്.
10. ഡയരക്ട് മാർക്കറ്റിംഗ് യൂണിറ്റിന് വയബിലിറ്റി ഫണ്ട്.
11. അലങ്കാര മൽസ്യകൃഷിക്ക് സബ്സിഡി.
12. നഗരസഭ കേന്ദ്രീകരിച്ച് സൂപ്പർ മാർക്കറ്റ്.
13. നാപ്കിൻ & അപ്പാരൽ യൂണിറ്റ്
14. വനിത സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുക.
15. എൽ.ഇയഡി ബൾബ്, പേപ്പർ ബേഗ്, പ്രസ്സ് യൂണിറ്റ്, സോളാർ പാനൽ നിർമ്മാണ യൂണിറ്റ്, തയ്യൽ പരിശീലനം, മെഴുകുതിരി, സോപ്പ് നിർമ്മാണം, കുട, ബേഗ് നിർമ്മാണം, നോട്ട് ബുക്ക് എന്നീ പരിശീലനങ്ങൾക്ക് ഫണ്ട്അനുവദിക്കുക.

## ആശ്രയ

ദാരിദ്ര്യ ജനവിഭാഗങ്ങളുടെ സുസ്ഥിതിക്ക് അവർക്കാവശ്യമായ ഭക്ഷണം,വസ്ത്രം,ചിക്തസ എന്നിവ ലഭ്യമാക്കുക ഏതൊരു ഭരണകൂടത്തിൻറെ യും ഉത്തരവാദിത്വവുമാണ്.ഇരിട്ടി നഗരസഭ സി.ഡി.എസ് വഴി അശ്രയ അഗതി രഹിത കേരളം പദ്ധതിയിലുള്ള 117 കുടുംബങ്ങൾക്ക് എല്ലാ മാസവും പോഷകാഹാരത്തിന് ക്രിത്യമായി നൽകി വരുന്നു.പദ്ധതി നടത്തിപ്പിനായി , ചലഞ്ച് ഫണ്ടായി 2504042 രൂപ നഗരസഭയ്ക്ക് ലഭിച്ചിടട്ുണ്ട്.അതിൽ 2021 ഡിസംബർ വരെ 1818102 രൂപ ,ചിലവഴിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിക്ക് ചലഞ്ച് ഫണ്ട് ഇനത്തിൽ 490054രൂപ ലഭികുകയും അതിൽ 331809കചിലവഴിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

ബാങ്ക് വായ്പ സമയബന്ധിതമായി ലഭ്യമാക്കാത്തതുകൊണ്ട് പുതിയ സംരഭങ്ങൾ തുടങ്ങുന്നതിന് പ്രതികൂലമായി ബാധിക്കുന്നു.സഹകരണബാങ്കുകളിൽ നിന്നും ലിങ്കേജ് സംരംഭം ലോൺ എടുക്കുന്നവർക്ക് പലിശ സബ്സിഡി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക ആശ്രയ നോഡൽ ഓഫീസറായി മെഡിക്കൽ ഓഫീസർ ചുമതലഎൽക്കാത്തതിനാൽ ആശ്രയ ഗുണഭോക്താക്കൾക്ക് ചികിത്സ നൽകാൻ സാധിക്കുന്നില്ല.

## നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

1.ആശ്രയ ഗുണഭോക്താകൾക്ക് വീട് വെച്ച് നൽകുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുക.

2.വീട് റിപ്പയർ ചെയ്ത് താമസ്യയോഗ്യമാക്കുന്ന പദ്ധതി വേണം.

3. മാലിന്യസംസ്കരണം ജൈവപച്ചക്കറി, തുണിസഞ്ചി നിർമ്മാണം, കൺസട്രക്ഷൻ യൂണിറ്റ് എന്നിവയ്ക്ക് പ്രധാന്യം നൽകുന്ന പദ്ധതി.

4 പി.എം.എ വൈ, ആശ്രയ വീട് നിർമ്മാണം കുടുംബശ്രീ കൺസ്ട്രക്ഷൻ യൂണിറ്റ് നൽകാനുള്ള പദ്ധതി ആസൂത്രണം ചെയ്യുക.

അതി ദാരിദ്ര നിർമ്മാർജനത്തിന്റെ ഭാഗമായി നഗരസഭയിൽ സർവ്വേ നടത്തി കണ്ടെത്തിയ കുടുബങ്ങളിൽ നിന്നും 81 കുടുംബങ്ങളെ വിവധ പദ്ധതികളിൽ ഉൾപ്പെടുത്തി വിവധ ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് സാമൂഹ്യ അവസ്ഥ ഉയർത്താൻ സാധിച്ചു.

# പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം,വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | സംരംഭ മേഖല | ബാങ്ക് വായ്പ ലഭ്യമാക്കൽ | നഗരസഭ പരിധി അയൽക്കൂട്ടം | | | | ബാങ്കുകൾ സംരംഭകർക്ക് സമയബന്ധിതമായി വായ്പകൾ ലഭ്യമാക്കുന്നില്ല | ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചു വിഷയത്തിന്റെ ഗൗരവം ചർച്ച ചെയ്യുക | | | |

# 6. സാമൂഹ്യനീതി

സാമൂഹ്യ നീതി ഉറപ്പു വരുത്തണമെങ്കിൽ വരുമാനത്തിൻറെ പുനർ വിതരണവും, ഭൂസ്വത്ത് തുല്യമായി പങ്കെയ്ക്കലും അടങ്ങുന്ന മനുഷ്യാവകാശ തത്വങ്ങളിൽ ഉറപ്പിച്ച ഒരു സാമ്പത്തിക സമത്വവാദത്തിൻറെ താങ്ങ് ആവശ്യമാണ്. ഇത്തരം ഒരു നയം, പൂർണ്ണമായ ഒരു അവസര സമത്വത്തിലേക്കാണ് നയിക്കുന്നത്. നീർത്തട വികസനത്തിലും വിഭാവനം ചെയ്യുന്നത് ഇതു തന്നെയാണ്. നീർത്തടത്തിലെ ഓരോ നിവാസിയുടേയും ജീവിതം സമ്പുഷ്ടമാക്കാൻ ഏതെല്ലാം ഘടകങ്ങൾ അവനെ സഹായിക്കുന്നവോ അവയുടെയെല്ലാം വികസനവും സുസ്ഥിരതയും അവൻറെ കാഴ്ചപ്പാടോടു കൂട്ടി വായിച്ച് ആസൂത്രണം ചെയ്യുമ്പോൾ എല്ലാവരോടും, അത് പിന്നോക്കക്കാരനായാലും, മുന്നോക്കക്കാരനായാലും, ആദിവാസി-ഗോത്ര സമൂഹങ്ങളായാലും സ്ത്രീ പുരുഷ ഭേദമന്യേ മുഴുവൻ പേരോടും നീതി പുലർത്തുന്നതായിരിക്കും. ചുരുക്കത്തിൽ കേൾക്കപ്പെടാത്തവനെ കേൾക്കുകയും, കാണപ്പെടാത്തവനെ കാണുകയും, എത്തപ്പെടാത്തവനിൽ എത്തുകയും ചെയ്യുന്ന ഒരു പ്രക്രിയയിലൂടെ മാത്രം സ്ഥാപിച്ചടുക്കാവുന്ന ഒന്നാണ് സാമൂഹ്യനീതി. നീർത്തട വികസനത്തിലാവുമ്പോൾ അതിന് ആഴവും പരപ്പും വർദ്ധിക്കുന്നു.

## ജനപങ്കാളിത്തം

സുസ്ഥിര വികസനത്തിൻറെ ഏറ്റവും പ്രായോഗികമായ ഉപകരണം ജനപങ്കാളിത്തമാണ്. ജനപങ്കാളിത്തം മൂന്ന് തരത്തിൽ വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുണ്ട്. പങ്കാളിത്തമില്ലായ്മ, ഭാഗീക പങ്കാളിത്തം, അകൃത്രിമ (വാസ്തവമായ) പങ്കാളിത്തം. ആദ്യത്തേതി? ബാഹ്യ ശക്തികൾ ഗ്രാമീണർക്ക് വേണ്ടി തിരുമാനമെടുത്ത് നടപ്പിലാക്കുമ്പോൾ യഥാർത്ഥ ഗുണഭോക്താക്കൾ പൂർണ്ണമായും മാറി നില്ക്കുന്നു. രണ്ടാമത്തേതി? ഗ്രാമീണ ജനതയെ തീരുമാനമെടുക്കുന്നതിൽ നിന്ന് ഒഴിവാക്കി, ഇടപെടാൻ മാത്രം അനുവദിക്കുന്ന ഒരവസ്ഥയാണ്. ഇവിടെ ജനങ്ങളെ നാം കാണുന്നത് ഞലരലശ്ശഴളിറ-? മാത്രമാണ്. മൂന്നാമത്തേതാണ് യഥാർത്ഥ പങ്കാളിത്ത പ്രക്രിയ. ജനങ്ങളെ തീരുമാനമെടുക്കൽ പ്രക്രിയയിലും, ആസൂത്രണത്തിലും, നിർവ്വഹണത്തിലും, പരിപാലനത്തിലും, പരിപോഷണത്തിലും, സുസ്ഥിരത ഉറപ്പു വരുത്തുന്നതിലും പൂർണ്ണമായി ഉൾപ്പെടുത്തി നിർവ്വഹണ പ്രക്രിയയിലെ ഗതി നിയന്ത്രണമടക്കം ഗുണഭോക്താക്കളുടെ മേൽ നോട്ടത്തിലും നിയന്ത്രണത്തിലും പദ്ധതി നടപ്പാക്കുമ്പോഴാണ് പൂർണ്ണമായ ജനപങ്കാളിത്തെ ഉണ്ടാവുക.

ഇരിട്ടി നഗരസഭയിലെ 33 വാർഡുകളിലും താമസിക്കുന്ന വയോജനങ്ങൾഭിന്നശേഷിക്കാർ ട്രാൻസ്ജെൻഡർ ,അഗതികൾ കിടപ്പു രോഗികൾ എന്നിങ്ങനെ വിവിധങ്ങളായ വിഭാഗങ്ങളെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി നഗരസഭ വ്യത്യസ്തങ്ങളായ പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്.

ഭിന്നശേഷിക്കാരായി വിവിധതരത്തിൽ ബുദ്ധിമുട്ടുകളനുഭവിക്കുന്ന എണ്ണൂറോളം ആൾക്കാർ നഗരസഭ പരിധിയിലുണ്ട് ഇവർക്കായി വിദ്യാഭ്യാസ സ്കോളർഷിപ്പുകളും, ഉപകരണങ്ങളും, മുചക്രവാഹനങ്ങളും പദ്ധതികളിലുൾപ്പെടുത്തി നൽകി വരുന്നുണ്ട്.കൂടാതെ വയോജനങ്ങൾക്ക് ഉ‌ൗന്നുവടി 100 പേർക്ക് നൽകിയിട്ടിണ്ട്.

കീഴൂർക്കുന്ന്, വളോരഎന്നിവിടങ്ങളിൽ വയോജന കേന്ദ്രങ്ങളും,വാർഡുതലത്തിൽ വയോമിത്രം ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.ഇത്തരത്തിൽ ഇവരുടെ ഉന്നമനത്തിനായി നഗരസഭ ഇനിയും പ്രതിജ്ഞബന്ധമായി മുന്നോട്ടു പോകുന്നതാണ്.

വയോജനങ്ങൾക്കുള്ള വയോമിത്രം ക്ലിനിക്കിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ, കോക്ലിയർ ഇംപ്ലാൻറ് കഴിഞ്ഞവരുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള ധനസഹായം, എന്നീ പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ ഭിന്നശേഷി സൗഹൃദങ്ങളായ ഒഫീസുകൾ സ്ഥാപിക്കുന്നതിനും നഗരസഭാ ഓഫീസിൽ തന്നെ മുകൾനിലയിലെത്തിച്ചേരാൻ ഒരു റാമ്പ് ഉണ്ടാക്കുന്നതും 14-ാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

കൂടാതെ ഇത്തരം ആളുകൾക്ക് ഉപകാര പ്രദങ്ങളായ വിവിധ പരിപ്പാടികളും നഗരസഭാ നടപ്പിൽവരുത്തുന്നുണ്ട്. (പെൻഷനുകൾ ,മരുന്ന്)

1. വയോജന ക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
2. ബഡ്സ് സ്കൂൾ സ്ഥാപിക്കുക
3. ബഡ്സ് റിഹാബില്റ്റേഷൻ സെൻറർ സ്ഥാപിക്കുക.
4. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ചികിത്സാ കേന്ദ്രം.
5. നിർദ്ധനരായ ഭിന്നശേഷിക്കാർക്ക് പോഷകാഹാരം
6. വയോജനങ്ങൾക്ക് കലാകായിക മത്സരങ്ങൾ നടത്തുക.
7. അംഗ പരിമിതർക്ക് കലാകായിക മത്സരങ്ങൾ.
8. സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും ആരോഗ്യ പാർക്കുകൾ.
9. ഭിന്നശേഷിക്കാരായ കുട്ടികളുടെ മാതാപിതാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം.
10. കുട്ടികൾക്ക് പഠന വൈകല്യ പ്രീ ഡിഡക്ഷൻ ക്യാമ്പ്.
11. കുടുംബശ്രീ വഴി ജീവിതശൈലി രോഗ നിർണ്ണയം.
12. നഗരസഭ റിലീഫ് വാൻ.
13 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുക

ഇരിട്ടി നഗരസഭ പരിധിയിൽ താമസിക്കുന്ന ഭിന്നശേഷിക്കാർ ,അഗതികൾ കിടപ്പു രോഗികൾ എന്നിങ്ങനെ വിവിധങ്ങളായ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി നഗരസഭ വ്യത്യസ്തങ്ങളായ പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട് . ാർഷിക പദ്ധതിയിൽ ഭിന്നശേഷിക്കാർക്കായി , -2023 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ,സാധാവീൽ ചെയർ ,ഇലക്ട്രോണിക്സ് വീൽ ചെയർ ,ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പും ഉപകരണ വിതരണവും ,സ്കോളർഷിപ്പ് കോക്ലീയാർ ഇംപ്ലാന്റ് റിപ്പയർ തുക കൈമാറൽഭിന്നശേഷി സംഗമം എന്നിങ്ങനെ , വയോജനങ്ങൾക്കായി നടപ്പു .പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരികയാണ് വാക്കർ ,കട്ടിൽ വിതരണം ,വയോജന സംഗമം ,വർഷത്തിൽ ശ്രവണ സഹായി വിതരണം .വിതരണം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## സാമൂഹ്യനീതി അവസ്ഥാ വിശകലനം

## അടിസ്ഥാന വിവരങ്ങൾ

### ഭിന്നശേഷിയുള്ളവർ

| വിഭാഗം | | 0-6 വയസ്സ് | | 6-14 വയസ്സ് | | 14-19 വയസ്സ് | | 19-45 വയസ്സ് | | 45-60 വയസ്സ് | | 60-80 വയസ്സ് | | 80 വയസിന് മുകളിൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | **F** | **M** | **F** | **M** | **F** | **M** | **F** | **M** | **F** | **M** | **F** | **M** | **F** | **M** | **F** | **M** |
| **1** | അന്ധത | - | - | - | **1** | - | - | - | **4** | **6** | **4** | **1** | **6** | - | - | **7** | **15** |
| **2** | കാഴ്ച്ചക്കുറവ് | **1** | **1** | **4** | **4** | **7** | **9** | **26** | **41** | **15** | **19** | **1** | **7** | **8** | **9** | **62** | **90** |
| **3** | കുഷ്ഠരോഗം മാറിയവർ | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| **4** | കേൾവിഇല്ലാത്തവർ / കേൾവികുറവ് ഉള്ളവർ | **1** | **2** | **4** | **3** | **2** | **1** | **9** | **10** | **12** | **8** | **6** | **5** | **1** | **1** | **35** | **30** |
| **5** | ഉയരക്കുറള്ളവർ | - | **1** | **2** | **1** | - | - | **7** | **4** | **2** | - | - | - | - | - | **11** | **6** |
| **6** | ബുദ്ധിപരമായി വെല്ലുവിളിനേരിടുന്നവർ | - | **4** | **4** | **7** | **7** | **3** | **28** | **32** | **9** | **7** | **3** | **3** | - | - | **51** | **56** |
| **7** | നടക്കാൻ പ്രയാസം ഉള്ളവർ | - | **5** | **1** | **12** | **3** | **4** | **23** | **29** | **10** | **21** | **16** | **17** | **2** | **4** | **55** | **92** |
| **8** | മാനസികരോഗം | - | - | - | - | - | **1** | **14** | **16** | **22** | **15** | **9** | **4** | - | - | **45** | **36** |
| **9** | ഓട്ടിസം | - | - | - | **2** | - | - | - | **1** | - | **1** | - | **1** | - | - | | **5** |
| **10** | സെറിബ്രൽ പൾസി | - | **1** | **4** | **3** | - | - | **4** | **4** | **1** | **6** | - | **1** | - | - | **9** | **15** |
| **11** | തീവ്രമായ ഞരമ്പ് സംബന്ധമായ രോഗമുള്ളവർ | - | - | - | - | - | - | **4** | **2** | **4** | **2** | **3** | **2** | - | - | **11** | **6** |
| **12** | പഠന വൈകല്യം പോലുള്ളത് | - | **1** | **2** | **6** | **1** | **4** | | **1** | - | - | - | - | - | - | **3** | **12** |
| **13** | മൾട്ടിപ്പ്ൾ സിറോസിസ് | - | - | - | **1** | - | - | **3** | **4** | - | - | - | - | - | - | **3** | **5** |
| **14** | ഭാഷസംസാരവൈകല്യം / ഉള്ളവർ | **3** | **8** | **1** | **2** | **2** | **4** | **20** | **14** | **5** | **2** | **2** | | **3** | **1** | **36** | **29** |
| **15** | മസ്കുലാർ ഡിസ്ട്രോഫി | - | - | - | **1** | - | - | - | - | - | **1** | - | - | - | - | **4** | **1** |
| **16** | ഗുരുതര വിളർച്ച | - | - | **1** | - | - | - | - | - | - | **1** | - | - | - | - | **1** | **1** |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 17 | രക്തം കട്ട പിടിക്കാത്ത അവസ്ഥ | - | - | - | - | - | - | - | 2 | - | 1 | - | - | - | - | - | 3 |
| 18 | അരിവാൾ രോഗം | - | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 19 | സമ്മിശ്ര വൈകല്യം കണ്ണ്), ചെവി മുതലായവ( | 2 | 2 | 1 | 1 | - | 1 | 4 | 4 | 2 | 3 | 3 | 3 | 3 | 3 | 15 | 17 |
| 20 | ആസിഡ് ആക്രമണത്തിന് ഇരയായവർ | - | - | - | - | - | - | - | - | 1 | - | - | - | - | - | 1 | - |
| 21 | വിറയൽ രോഗം | - | - | - | - | - | - | 1 | - | 1 | 1 | 1 | - | - | - | 1 | 3 |
| 22 | ആകെ | 7 | 23 | 24 | 44 | 22 | 27 | 142 | 169 | 93 | 91 | 45 | 50 | 17 | 18 | 350 | 422 |

# 7. വനിത ശിശുവികസനം

കുടുംബശ്രീ യൂണിറ്റുകളിലൂടെയും വനിതാ സംഘങ്ങളിലൂടേയും വനിതകളുടെ ശക്തമായ മുൻനിര കെട്ടിപ്പടുക്കേണ്ടതുണ്ട്. വനിതാ സഹകരണ സംഘങ്ങൾ, വനിതാ പാലുൽപ്പാദന യൂണിറ്റ്, പ്രിൻറിംഗ് പ്രസ്സുകൾ , പലഹാര നിർമ്മാണ യൂണിറ്റുകൾ എന്നിവയിലൂടെ വനിതകളുടെ ജീവിത നിലവാരം ഉയർത്തേണ്ടതാണ്. വിദ്യാലയങ്ങളിലും, പൊതു സ്ഥാപനങ്ങളിലും, പൊതു സ്ഥലങ്ങളിലും വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. സ്ത്രീകൾ കുടുംബനാഥകളായ ദാരിദ്ര്യം അനുഭവിക്കുന്ന ഒരുപാട് കുടുംബങ്ങൾ ഉണ്ട്. അവർക്ക് വ്യത്യസ്ത തലങ്ങളിലുള്ള സഹായങ്ങൾ നല്കിക്ഷേമം ഉറപ്പു വരുത്തേണ്ടതുണ്ട്.

1998-ൽ 27 അങ്കണവാടികളാണ് നഗരസഭ പരിധിയിൽ ഉണ്ടായിരുന്നത്.ആയത് ഇപ്പോൾ 35 അങ്കണവാടികളായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ എല്ലാ അംഗനവാടികൾക്കും കുടിവെള്ള സൗകര്യം ലഭ്യമല്ല

14-ാം പഞ്ചവത്സര പദ്ധതിയിൽ അങ്കണവാടികളുടെ കുടിവെള്ള സൗകര്യത്തിന് പ്രഥമ പരിഗണന നൽകേണ്ടതുണ്ട്. കൂടാതെപഴക്കമുള്ള കെട്ടിടങ്ങൾ സംരക്ഷിതമാക്കേണ്ടതും ഉണ്ട്.

അങ്കണവാടികൾ 1000 ജനസംഖ്യയ്ക്ക് ഒന്ന് എന്ന ക്രമത്തിലാണുള്ളതെങ്കിലും 2,9,11,14,17,5,31,32, എന്നീ 8 വീർഡുകളിൽ ഇപ്രകാരം അങ്കണവാടികൾ നിലവിലില്ല. കൂടാതെ 125-ാം നമ്പർ വെളിയമ്പ്ര അങ്കണവാടിക്ക് സ്വന്തമായി സ്ഥലവും ലഭ്യമായിട്ടില്ല. പഴശ്ശി പ്രൊജക്റ്റിൻറെ ഭാഗമായുള്ള ഇറിഗേഷൻറെ സ്ഥലം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

35 അങ്കണവാടികളായി 600 ൽ ലധികം കുട്ടികൾ പ്രീ സ്കൂൾ വിദ്യഭ്യാസത്തിനെത്തുന്നുണ്ട്. കോവിഡിൻറെ പശ്ചാതലത്തിൽ 2 വർഷത്തോളമായി

ഓഫ്ലൈൻ വിദ്യഭ്യാസം നടക്കുന്നില്ലങ്കിലും ۩ അങ്കണവാടികൾ കുടുംബങ്ങളിലേക്ക് എന്ന പദ്ധതി പ്രകാരം എല്ലാ സേവനങ്ങളും ഗുണഭോക്താക്കൾക്ക് എത്തിക്കുന്നുണ്ട്.

അങ്കണവാടി പോഷകഹാരത്തിനായി നഗരസഭ ഫണ്ടിൻറെ നല്ലൊരു ഭാഗം ചെലൊവഴിക്കുന്നുണ്ട്.ഗുണഭോക്താക്കളുടെ ആധിക്യം ഇതിന്ന് വെല്ലുവിളി ഉയർത്തുന്നുണ്ട്. 1100-ഓളം 6 മാസം മുതൽ 3 വയസ്സു വരെയുള്ള കുട്ടികൾക്കും, 680 ഓളം ഗർഭിണികൾ, 6 മാസം വരെ മുലയൂട്ടുന്നവർ എന്നിവർക്കും പ്രതിമാസം പോശകാഹാരവിതരണം നടത്തുന്നുണ്ട്. 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് മുഴുവൻ അങ്കണവാടികൾക്കും, കെട്ടിടം, ചുറ്റുമതിൽ, ബാക്കി ഫ്രണ്ടിൽ ടോയ്ലറ്റ്, ശിശുസൗഹ്യദം പെയിൻറിംഗ്, ശിശുസൗഹൃദ ഫർണിച്ചറുകൾ,വൈദ്യുതികരണം എന്നിവയെല്ലാ മുള്ള നല്ല മാതൃകാ അങ്കണവാടികളാക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാക്കുകയും,നഗരസഭയിലെ 35 അങ്കണവാടികളും കേരളത്തിൽതന്നെ മാതൃകയാക്കാത്തവിധം നടപ്പിൽ വരുത്തുകയും ചെയ്യുക എന്നുള്ളതാണ്

നഗരസഭയിലെ ഒന്നാം വാർഡിലുള്ള വെളിയന്ത്ര അംഗൻവാടിക്ക് കെട്ടിടം പണിയുന്നതിനായി പഴശ്ശി പദ്ധതിയുടെ സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്ഇതിനോടനുബന്ധിച്ചുള്ള സാങ്കേതികമായ നടപടികൾകൂടി . പൂർത്തികരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്നഗരസഭയുടെ . വികസനഫണ്ടും സെൻട്രൽ ഷെയറും ഉപയോഗിച്ച് അംഗൻവാടികളുടെ പ്രവർത്തനത്തിന് അംഗൻവാടികളികളിൽ ആവശ്യമായ അടിസ്ഥാന .നിലവിൽ ഫണ്ട് ലഭ്യതക്കുറവ് ഇല്ല 24-2023 .സൌകര്യങ്ങൾ നിലവിൽ ഉണ്ട്പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടികളിൽ 20 കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിർവഹണ ഘട്ടത്തിലാണ്കുടിവെള്ള . .പ്രശ്നമുള്ള മറ്റ് സ്ഥലങ്ങളിൽ വരും പദ്ധതികളിൽ സംവിധാനം ഒരുക്കേണ്ടതുണ്ട് ശിശു സൌഹൃദ ടോയ്ലറ്റ് നിർമ്മാണം ,അംഗൻവാടികളിൽ ശിശു സൌഹൃദ പെയ്റ്റിംഗ് .എന്നിവയ്ക്ക് മുൻഗണന നൽകേണ്ടതുണ്ട്

1. നഗരസഭയിൽ നൂട്രീമിക്സ്, ബാഗ്, സോപ്പ്,കോഴിതീറ്റ നിർമ്മാണ യൂണിറ്റ്..
2. വനിതകൾക്ക് ഡ്രൈവിംഗ് പരിശീലന യൂണിറ്റ്.
3. നേഴ്സറി ഗാർഡനിംഗ് പരിശീലന യൂണിറ്റ് .
4. കൗമാരപ്രായക്കാർക്ക് വുമൺ ഫെസിലിറ്റേറ്റർമാരുടെ സേവനം.ജനറൽ ഇന്റസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക
5. നഗരസഭാ വനിതാ ഹോസ്റ്റൽ സമുച്ചയം
6. വനിതകൾക്ക് കൗൺസിലിംഗ് സെന്റർ സ്ഥാപിക്കുക
7. പെൺ കുട്ടികൾക്ക് വേണ്ടി ഇന്റർവ്യൂ മത്സര പരീക്ഷ കേന്ദ്രങ്ങൾ
8. കൗമാരക്കാരായ പെൺകുട്ടികളെയും സ്ത്രീകളെയും ഉൾപ്പെടുത്തി ശുചിമുറികൾ ,കഫേകൾ അടക്കമുള്ള ജെന്റർ പാർലറുകൾ

**9.** സ്ത്രീകൾക്ക് പ്രത്യേക വിശ്രമ കേന്ദ്രങ്ങൾ

**10.** സ്ത്രീ ശിശു സൗഹൃദ നഗരസഭാ പ്രഖ്യാപനം

**11.** സ്ത്രീകളുടെ ശാരീരിക കായിക ക്ഷമത വർധിപ്പിക്കുന്നതിന് ആയോധന കലകളിൽ പരിശീലനം

**12.** സ്ത്രീവിരുദ്ധ പ്രവർത്തനങ്ങളെയും ചിന്തകളെയും ഇല്ലാതാക്കുന്നതിന് സിനിമ നാടക കാമ്പയിൻ

**h\nXm hnI-k\w− AhØm hni-I-e\w**

**ASn-Øm\ hnh-c-§Ä**

| hn`mKw | BsI | സ്ത്രീ | പുരുഷൻ | സ്ത്രീപുരുഷ- A\p-]mXw |
|---|---|---|---|---|
| ]«n-I-PmXn | 829 | 415 | 409 | 50.06%: 49.34% |
| ]«n-I-hÀ¤w | 1152 | 568 | 584 | 49.31%:50.69% |
| മറ്റുള്ളവർ | 42700 | 21347 | 21353 | 49.99%:50.01% |

നിരാലംബർ

| ക്രമ നം | വിഭാഗം | എണ്ണം |
|---|---|---|
| 1 | hn[-h-IÄ | 1762 |
| 2 | `À¯mhv / a¡Ä Dt]-£n-¡-s¸-«-hÀ | 194 |
| 3 | Ahn-hm-ln-X-cmb A½-amÀ | 46 |
| 4 | ജയിൽ മോചിതർ | 4 |
| 5 | ഗുരുതര രോഗബാധിതർ | 127 |

## ഉദ്യോഗസ്ഥരായ വനിതകൾ

| ക്രമ നം | വിഭാഗം | എണ്ണം |
|---|---|---|
| 1 | kÀ¡mÀ Øm]\w | 342 |
| 2 | kÀ¡mÀ CXc Øm]\w | 742 |
| 3 | AkwLSnX taJe | 4254 |

| | | |
|---|---|---|
| | BsI | 5338 |

സ്ത്രീകൾക്ക്അടിസ്ഥാനസൗകര്യംഇല്ലാത്തസ്ഥാപനങ്ങൾ

| ക്രa നം | വിഭാഗം | എണ്ണം |
|---|---|---|
| 1 | kÀ¡mÀ Øm]\w | 0 |
| 2 | kÀ¡mÀ CXc Øm]\w | 12 |
| | BsI | 12 |

ജാഗ്രതാസമിതി - പരാതികൾ

| ക്രa നം | വിഭാഗം | എണ്ണം |
|---|---|---|
| 1 | ]cnlcn¨Xv | 0 |
| 2 | ]cnlcn¡m\pÅXv | 0 |
| 3 | ]cnlcn¡m³ Ignbm¯Xv | 0 |

## പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം,വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | സംരംഭ മേഖല | ബാങ്ക് വായ്പ ലഭ്യമാക്കൽ | നഗരസഭ പരിധി അയൽക്കൂട്ടം | | | | ബാങ്കുകൾ സംരംഭകർക്ക് സമയബന്ധിതമായി വായ്പകൾ ലഭ്യമാക്കുന്നില്ല | ബാങ്ക് പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചു വിഷയത്തിന്റെ ഗൗരവം ചർച്ച ചെയ്യുക | | | |

# വികസന പരിപ്രേക്ഷ്യം

പേര്

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘക്കാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | WCP | കുടുംബശ്രീയിലെ 50% കുടുംബങ്ങളെ സ്വയം തൊഴിൽ നൽകി സംരംഭകരാക്കുക | | സ്വയം തൊഴിൽ സംരഭങ്ങളിലൂടെ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല | ദാരിദ്ര്യ നിർമ്മാർജ്ജനം | ദാരിദ്ര്യലഘൂകരണം/ ദാരിദ്ര്യനിർമ്മാർജ്ജനം | |

# 8.പട്ടികജാതി/പട്ടിക വർഗ്ഗവികസനം

ഇരിട്ടി നഗരസഭ പരിധിയിൽ 14 ഊരുകളിലായി (കോളനികളിലായി )340 പട്ടിക വർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നു.ഇവരുടെ ജനസംഖ്യ 1054 ആണ് പ്രധാനമായും പണിയ സമുദായത്തിൽപ്പെട്ടവരും കരിമ്പാലൻ സമുദായത്തിൽപ്പെട്ടവരും ഇവിടെ അതിവസിക്കുന്നു. നഗരസഭ പരിധിയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ട് നിരവധി പദ്ധതികൾനടപ്പിലാക്കിയിട്ടുണ്ടെങ്കിലുംകോളനികളുടെഅടിസ്ഥാന, പശ്ചാത്തലങ്ങളും, കുടുംബകേന്ദ്രീകൃത വികസനവും പൂർണ്ണതോതിൽ ഇന്നും ലക്ഷ്യ പ്രാപ്തി കൈവരിച്ചിട്ടില്ല .വിവിധ ഊരുകളിലായി സർക്കാർ സഹായം ലഭ്യമാക്കി നിർമ്മാണം നടത്തിയ വീടുകളിൽ താമസിക്കുന്നവർക്ക് കുടുംബത്തിലെ അംഗസംഖ്യക്ക് അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകാത്തതിനാൽ വീടുകളുടെ നവീകരണം നടത്തുന്നതിന് അടിയന്തര ഇടപെടലുകൾ അത്യാവശ്യമാണ്.

കോളനികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി നഗരസഭ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ചില കോളനികളിൽ കുടിവെള്ള പ്രശ്നം ഗൗരവമായി പരിഹരിക്കേണ്ടതായിട്ടുണ്ട് കി.ഫ്ബി പദ്ധതിയുടെ പൂർത്തീകരണത്തോടെ കൂടുതൽ കുടിവെള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് കരുതുന്നു.വിദ്യാഭ്യാസ മേഖലയിൽ പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും നൽകാന കഴിയുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസത്തിലേക്ക് കടന്നുവരുന്നവരിൽ കുറവുണ്ടാകുന്നത് അടിയന്തിര ശ്രദ്ധ പതിക്കേണ്ട വിഷയമാണ് ഉന്നത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ ഊന്നൽ നൽകാൻ ശ്രദ്ധിക്കണം വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയോ താൽപര്യക്കുറവോ ഒരു പൊതു പ്രശ്നമായി ഇന്നും അവശേഷിക്കുന്നു.തൊഴിൽ രഹിതരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതൊടോപ്പം യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകി അനുയോജ്യമായ ഉപകരണങ്ങളും അനുവാദിക്കാവുന്നതാണ്.കൃഷിയിൽ തൽപരരായവർക്ക് വ്യത്യസ്ത കൃഷികൾ ചെയ്യുന്നതിന് പ്രോത്സാഹനം നൽകാവുന്നതാണ് .

1 മുഴുവൻ എസ്സ് ടി കുടുംബങ്ങൾക്കും സൗജന്യ ബയോബിൻ

2. ഊർജ്ജ സംരക്ഷണത്തിൻറെ ഭാഗമായി എസ്.ടി കോളനികളിൽ സൗരോർജ്ജ സ്ട്രീറ്റ് ലൈറ്റ്.

3.എസ്സ് ടി കുടുംബങ്ങൾക്ക് സമ്പൂർണ്ണ കുടിവെള്ള സൗകര്യം

4.എസ്സ്.ടി കോളനികളിലെ യുവതി യുവാക്കൾക്ക് ഗ്രൂപ്പ് സംരംഭം

5.കൃഷിയെ പ്രോത്സാപ്പിക്കുന്നതിന് പണിയായുധങ്ങൾ.

6.പാരമ്പര്യ കലകളെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതി.

7.ചാവശ്ശേരി ടൗൺഷിപ്പ് കോളനികളിലെ ഏകാദ്ധ്യാപക വിദ്യാലയത്തിൽപാചകപ്പുര

8.ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ.

**ലക്ഷ്യങ്ങൾ :-**

1 ഉപരിപഠനത്തിന് സഹായകമാകാൻ പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്പ് ടോപ്പ് മെഡിറ്റേറിയസ് .സ്കോളർഷിപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കും

2 യു.പി ക്ലാസിൽ പഠിക്കുന്ന വിദ്ധ്യാർഥികൾക്ക് പഠന ഉപകരണങ്ങൾ നൽകാനുള്ള പദ്ധതി നടപ്പിലാക്കും.

3 വിദ്യാർഥികളിൽ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ വേണ്ടി കോച്ചിങ്ങ് ക്ലാസുകൾ നൽകും.

4 ഭവനപുനരാധാരണത്തിന് ധനസഹായം നൽകും.

5 വനിതകൾക്ക് തയ്യൽ മിഷീൻ നൽകൽ.

6 പട്ടികജാതി യുവതി യുവാക്കൾ തൊഴിൽ പരിശീലനം നൽകും .

7 പട്ടികജാതി കുടുംബങ്ങൾക്ക് കറവ പശു/ആട് വിതരണം എന്ന പദ്ധതി നടപ്പിലാക്കും.

8 തെയ്യം കാലാകാരൻമാർക്ക് അണിയലം പുതുക്കാനുള്ള ധനസഹായം വിദോപകരണങ്ങൾ എന്നിവ നൽകും .

9 ഹൈസ്കൂൾ ഹയർസെക്കണ്ടറി വിദ്യാർഥികൾക്ക് സൈക്കിൾ നൽകാനുള്ള പദ്ധതി നടത്തും

10 യുവാക്കൾക്ക് ഓട്ടോറിക്ഷ വരാനുള്ള ധനസഹായം നൽകും എന്നവർ ഉൾപ്പെടെ പി.എം എ വൈ (നഗരം) ലൈഫ് ഉൾപ്പെട്ട് അംഗീകരിച്ചു വന്നിട്ടുണ്ട് .

പാർപ്പിട പ്രശ്നത്തിന് പ്രഥമ പരിഗണന നൽകുകയും വിദ്യാഭ്യാസത്തെ ആകർഷകമാക്കുന്നതിന് പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് എല്ലാ വർഷവും സ്കോളർഷിപ്പ് നൽകിവരുന്നു. ആരോഗ്യ പരിരക്ഷ ആവശ്യ സേവനമായും ജീവിത നിലവാരം മാറ്റുന്ന തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയിട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളിലെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പദ്ധതി നടന്നു വരികയാണ്. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വരുമാന ദായകമായ സ്വയം തൊഴിൽ ഗ്രൂപ്പ് പദ്ധതികൾക്ക് നഗരസഭ 2023-24 വർഷത്തിൽ നിരവധി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതികൾ എല്ലാം നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പട്ടിക വർഗ്ഗ ഫണ്ട് ഉപയോഗിച്ച് എസ്.ടി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ്, കുടിവെള്ള കണക്ഷൻ പദ്ധതികളും അന്തിമഘട്ടത്തിലാണ് പ്രമോട്ടർമാരെ കാര്യക്ഷമമായ പ്രവർത്തകയും പദ്ധതി നിർവഹണം പട്ടികജാതി വികസന വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുക വഴി പദ്ധതികൾ പൂർണ്ണമായും ലക്ഷ്യ പ്രാപ്തരായാൽ എത്തിക്കാൻ സാധിക്കുകയുള്ളൂ

| ക്രമ നമ്പർ | കോളനി | ആകെവീട് | സ്ത്രീ | പുരുഷൻ | വാർഡ് | ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | കൂളിപ്പാറ | 7 | 16 | 14 | 12 | 8+ |
| 2 | കുന്നുമ്മൽ | 16 | 26 | 26 | 12 | 16 |
| 3 | അത്തിത്തട്ട് | 4 | 10 | 3 | 12 | 5 |
| 4 | പാടത്തുംപാറ | 8 | 14 | 16 | 18 | 9 |

| | | | | | | |
|---|---|---|---|---|---|---|
| 5 | മഠംപറമ്പ് കോളനി | 6 | 24 | 17 | 14 | 7 |
| 6 | മാഞ്ഞപ്പാറ കോളനി | 2 | 5 | 9 | 14 | 4+ |
| 7 | എടക്കാനം കോളനി | 18 | 37 | 38 | 4 | 19+ |
| 8 | കോട്ടക്കുന്ന് കോളനി | 7 | 25 | 26 | 7 | 7+ |
| 9 | ആക്കപ്പറമ്പ് കോളനി | 5 | 17 | 12 | 7 | 8+ |
| 10 | ചെക്കിക്കുന്ന് കോളനി | 2 | 14 | 10 | 13 | 4+ |
| 11 | അത്തി കോളനി | 2 | 10 | 3 | 11 | 3+ |
| 12 | നിടിയാഞ്ഞിരം | 3 | 8 | 6 | 24 | 5 |
| 13 | മക്കക്കൊഞ്ഞിരം | 23 | | | 4 | |
| 14 | മുഖപറമ്പ് | 11 | | | 29 | |

# പതിനാലാം പഞ്ചവത്സര പദ്ധതി (2022–27) ഫോറം 6

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം,വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | പാർപ്പിടം | | നടുവനാട്,ചാവശ്ശേരി, വെളിയമ്പ്ര,വട്ടക്കയം പുന്നാട് | | | | താമസിക്കാൻ സൗകര്യമില്ല | | | ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുക | |
| 2 | ഭൂമി | | നടുവനാട്,ചാവശ്ശേരി, വെളിയമ്പ്ര,വട്ടക്കയം പുന്നാട് | | | | കൃഷി ചെയ്യാനുള്ള സൗകര്യം | | | മിച്ച് ഭൂമി | |
| 3 | കുടിവെള്ളം | | നിരിയാഞ്ഞിരം,ചാവശ്ശേരി,നടുവനാട്പുന്നാട്,വെളിയമ്പ്ര, എളമ്പ,വളോര | | | | | | | പൈപ്പ് കണക്ഷൻ നൽകുക | |
| 4 | വിദ്യാഭ്യാസം | | ചാവശ്ശേരി,നടുവനാട്,പുന്നാട്, വട്ടക്കയം | | | | വിദ്യാഭ്യാസം നേടുന്നതിന് സാധിക്കുന്നില്ല | | | സാമ്പത്തിക സഹായം നൽകുക | |

## വികസന പരിപ്രേക്ഷ്യം ഫോറം 7

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘക്കാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്ന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | SCP | 80 വീട് നൽകുക | പ്രമോട്ടർമാർ നടത്തിയ സർവ്വെ | വീട് ഇല്ല | 60 | | ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുക |
| 2 | SCP | 25 ഭൂമി നൽകുക | പ്രമോട്ടർമാർ നടത്തിയ സർവ്വെ | സ്ഥലം ഇല്ല | 25 | | ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുക |
| 3 | SCP | 30 ഭവന പുനരുദ്ധാരണം | പ്രമോട്ടർമാർ നടത്തിയ സർവ്വെ | അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 50 | | ഭവന പുനരുദ്ധാരണത്തിന് മുൻസിപാലിറ്റി, വകുപ്പ് തലത്തിൽ പദ്ധതി വെക്കുക |

# 9. ആരോഗ്യം

ഇരിട്ടി മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന ജനങ്ങൾ ആരോഗ്യ സേവനങ്ങൾക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന സർക്കാർ സ്ഥാപനമാണ് ഇരിട്ടി താലൂക്ക് ആശുപത്രി. കൂടാതെ ഇരിട്ടി നഗരസഭാ പരിധിയിലുള്ള ആയുർവ്വേദ, ഹോമിയോ, യുനാനി ചികിത്സാവിധികളും ജനങ്ങൾ പ്രയോജനപ്പെടുത്താറുണ്ട്. 50497 ആളുകളാണ് ഇരിട്ടി മുനിസിപ്പാലിറ്റിയിലെ 33 വാർഡുകളിലായി താമസിക്കുന്നത്. നഗരസഭയിലെ സ്ത്രീ പുരുഷ അനുപാതം 1000:1066 ആണ്.

നഗരവത്കരണവും ജനസംഖ്യാ പെരുപ്പവും പ്രകൃതി വിഭവങ്ങളുടെ മേലുള്ള സമ്മർദ്ദം വർധിപ്പിക്കുകയും അതുവഴി മലിനീകരണവും വിവിധ രോഗങ്ങളും വർധിപ്പിക്കുകയും ചെയ്യും. കേരളത്തിലെ ജനന നിരക്ക് 14 ആണ്. ഇരിട്ടി നഗരസഭയിൽ 60 വയസ്സ് കഴിഞ്ഞവർ 11% വും ഭിന്നശേഷിക്കാർ 1.77% വും ആണ്. വരുന്ന 5 വർഷം കൊണ്ട് മുതിർന്ന പൗരൻമാർ അയ്യായിരത്തിൽ അധികമായിരിക്കും. വ്യത്യസ്തങ്ങളായ ആരോഗ്യ മാനസിക പ്രശ്നങ്ങൾ നേരിടുന്നവരാണ് ഈ വയോജനങ്ങളിൽ ഭൂരിഭാഗവും. ഇവർക്കാവശ്യമായ ചികിത്സയും മറ്റ് കൗൺസിലിങ് സൗകര്യങ്ങളും ഒരുക്കികൊടുക്കേണ്ടതാണ്.

**പകർച്ചവ്യാധികൾ**

കേരളത്തിൻറെ പൊതുജനാരോഗ്യ പ്രശ്നങ്ങളായ പകർച്ചവ്യാധികളും മറ്റ് ജീവിത ശൈലീരോഗങ്ങളും ഇരിട്ടി നഗരസഭയിലെയും പ്രധാന ആരോഗ്യ പ്രശ്നങ്ങളാണ്. 2019 അവസാനത്തോടെ ആഗോള വ്യാപകമായി പടർന്നുപിടിച്ച കോവിഡ്-19 (കൊറോണ വൈറസ്) ഇരിട്ടി നഗരസഭയിലും വർധിച്ച ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പകർച്ചവ്യാധികളിൽ ജലജന്യ രോഗങ്ങളായ വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് എന്നിവ കൂടുതലായി കാണുന്നുണ്ട്. ആയിരം പേരിൽ ഒരു വർഷം 17 പേർക്കെങ്കിലും ജലജന്യ രോഗം പിടിപെടുന്നുണ്ട്. വയറിളക്ക രോഗത്തിൻറെ 90% വും കുട്ടികളിലാണ് കണ്ടുവരുന്നത്. പ്രാണിജന്യ രോഗങ്ങളായ മലേറിയ, ഡെങ്കു എന്നിവയിൽ ഇരിട്ടി നഗരസഭയിൽ ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ഡെങ്കുപ്പനിയാണ്. തദ്ദേശീയ മലമ്പനി നഗരസഭാ പരിധിയിൽ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രാണിജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിന് കാര്യക്ഷമമായ കോതുക് നിയന്ത്രണ പരിപാടികൾ ശക്തിപ്പെടുത്തേണ്ടതാണ്.

**ജീവിതശൈലീരോഗങ്ങൾ**

വർധിച്ചു വരുന്ന ജീവിതശൈലീരോഗികളുടെ എണ്ണം മറ്റൊരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമാണ്. മുനിസിപ്പാലിറ്റിയിൽ 30 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള ആളുകളിൽ 1050 പേർ വിവിധങ്ങളായ ജീവിതശൈലീരോഗത്തിനായി ചികിത്സ തേടുന്നവരാണ്. ഇതിൽ തന്നെ 70% ആളുകൾ വർധിച്ച രക്തസമ്മർദ്ദമുള്ളവരും 25% പ്രമേഹരോഗികളും 5% പൊണ്ണത്തടി ഉള്ളവരുമാണ്. വാർഡ് അടിസ്ഥാനത്തിൽ 25 വയസ്സിന് മേൽ പ്രായമുള്ള മുഴുവൻ ആളുകളെയും എൻ.സി.ഡി സ്ക്രീനിങ്ങിന് വിധേയമാക്കിയാൽ ഈ കണക്കുകൾ ഇനിയും ഉയരും.

ജീവിതശൈലീരോഗങ്ങളുടെ സാധ്യത നേരത്തെ കണ്ടെത്തുന്നതിന് ശരിയായ ബോധവത്ക്കരണ, പ്രചരണ പരിപാടികളും നടത്തി യുവജനങ്ങളിലെരോഗ സാധ്യത

കുറക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. കുട്ടികളിലെ വ്യായാമക്കുറവും തെറ്റായ ആഹാര ശീലങ്ങളും ജീവിതശൈലീരോഗങ്ങളുടെ സാധ്യത വർധിപ്പിക്കുന്നു. യുവജനങ്ങളിൽ വർധിച്ചു വരുന്ന മാനസിക പിരിമുറുക്കം രക്താധിസമ്മർദ്ദത്തിലേക്ക് നയിച്ചേക്കാം.

നവ മാധ്യമ രംഗത്ത് കൂടിവരുന്ന മൊബൈൽ ഫോൺ ഉപയോഗം കുട്ടികളിൽ പോലും കണ്ണിനുണ്ടാകുന്ന കഠിന പ്രയത്നം കുറക്കുന്നതിന് ആവശ്യമായ കൗൺസിലിങ്ങുംപരിശോധനയും ആവശ്യമാണ്.

കൗമാര പ്രായക്കാരിൽ **12%** പേർ വിളർച്ചരോഗമുള്ളവരാണ്. ശരിയായ പോഷക ഗുണങ്ങളുള്ള ഭക്ഷണത്തിൻറെ അപര്യാപ്തതയാണ് വിളർച്ചയിലക്ക് നയിക്കുന്നത്. കൗമാര പ്രായക്കാരുടെ ഹെൽത്ത് സ്ക്രീനിങ് ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യ നിലവാരം മനസ്സിലാക്കി അതിനാവശ്യമായ ചികിത്സാ സൗകര്യം ഒരുക്കേണ്ടതാണ്. സർക്കാർ നൽകുന്ന പ്രതിവാര അയൺഫോളിക് ആസിഡ് ഗുളികകളുടെ ശരിയായ ഉപയോഗവും പോഷക ഗുണങ്ങളുള്ള ഭക്ഷണ ക്രമവും മൂലം വിളർച്ചാ രോഗത്തെ നിയന്ത്രിക്കാവുന്നതാണ്. കൗമാര പ്രായക്കാരിലെ രക്തക്കുറവ് വരും തലമുറയിലും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ കാരണമാകുന്നു.

കൗമാര പ്രായക്കാരിൽ **18%** വും ദന്തരോഗ പ്രശ്നങ്ങൾ അനുഭവിക്കുന്നവരാണ്. കുട്ടികളിൽ പ്രൈമറി തലം മുതൽ ദന്ത പരിശോധനാ സ്ക്രീനിങ് നടത്തി ദന്ത സംരക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായ പദ്ധതികൾ തുടങ്ങേണ്ടതാണ്.

## അതിഥി തൊഴിലാളികൾ

കേരളം നേരിടുന്ന ഒരു പ്രധാന ആരോഗ്യ ഭീഷണി അതിഥി തോഴിലാളികളുമായി ബന്ധപ്പെട്ടതാണ്. ഇവരുടെ ആരോഗ്യം തൊഴിൽ മേഖലയുമായും ജീവിത സാഹചര്യവുമായും ബന്ധപ്പെട്ട് കിടക്കുന്നതാണ് ഇരിട്ടി നഗരസഭാ പരിധിയിലും ധാരാളം അതിഥി തൊഴിലാളികൾ വിവിധയിടങ്ങളിലായി താമസിക്കുന്നുണ്ട്നിലവിൽ ഇരിട്ടി നഗരസഭാ പരിധിയിൽ **490** അതിഥി തൊഴിലാളികൾ കഴിഞ്ഞ മൂന്ന് മാസത്തിലധികമായി താമസിക്കുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം ആളുകളും വ്യത്യസ്തങ്ങളായ ആരോഗ്യ പ്രശ്നം ഉള്ളവരാണ്. ഇവരിൽ അടുത്ത കാലത്തായി ടി.ബി രോഗികളെയും കണ്ടെത്തിയിട്ടുണ്ട്. മദ്യ-മയക്കുമരുന്നുകളുടെ വർധിച്ച ഉപയോഗവും ഇവർക്കിടയിൽ സാധാരണമാണ്. സമയബന്ധിതമായ അരോഗ്യ പരിശോധന നടത്തിയും മെച്ചപ്പെട്ട താമസ സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തും വിവിധങ്ങളായ ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ നടത്തിയും അതിഥി തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കേണ്ടത് സമൂഹത്തിൻറെ ഉത്തരവാദിത്തമാണ്. പലപ്പോഴും പരിമിതവും വൃത്തിഹീനവുമായ സാഹചര്യത്തിലാണ് ഇവർ താമസിക്കുന്നത്. വിവിധ തൊഴിലുകൾക്കായി നമ്മുടെ മുനിസിപ്പാലിറ്റിയിൽ താമസിക്കുന്ന അതിഥി തൊഴിലാളികളെ കൊണ്ട് വരുന്ന തൊഴിലുടമകൾ അവരെ നിർബന്ധമായും നഗരസഭയിൽ രജിസ്റ്റർ ചെയ്യിപ്പിക്കുകയും അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## മാതൃ-ശിശു ആരോഗ്യം

ഇരിട്ടി മുനിസിപ്പാലിറ്റിയിൽ മാതൃ-മരണ നിരക്ക് പൂജ്യമാണ്. ശിശു-മരണ നിരക്ക് **2.1** ആണ്. ശിശു മരണ കാരണങ്ങളിൽ **80%** ത്തിൽ അധികവും ജനിതക വൈകല്ല്യങ്ങളാലാണ്

സംഭവിക്കുന്നത്. ജൻമനാ ഉള്ള ഹൃദ്രോഗവും മരണസാധ്യത വർധിപ്പിക്കുന്നു. ശിശു-മരണ നിരക്ക് ഇനിയും കുറച്ച് കൊണ്ട് വരേണ്ടതിന് കൗമാര പ്രായക്കാരിൽ തൊട്ട് ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തേണ്ടതാണ്. കൗമാര വിവാഹം, ബന്ധുക്കൾ തമ്മിലുള്ള വിവാഹം, **35** വയസ്സിന് ശേഷമുള്ള ഗർഭധാരണം എന്നിവ നിരുത്സാഹപ്പെടുത്തി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കൂട്ടിയും കൗമാര ഗർഭം പരമാവധി കുറച്ചും ശിശു-മരണ നിരക്ക് ഒന്നിൽ താഴെ ആക്കി കുറക്കാവുന്നാണ്.

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൻറെ മാനദണ്ഡങ്ങൾ അനുസരിച്ച് **5000** ജനസംഖ്യക്ക് ഒരു ആരോഗ്യ- ഉപകേന്ദ്രം വേണം. **50000** ത്തിൽ അധികം ജനസംഖ്യ ഉള്ള ഇരിട്ടി നഗരസഭയിൽ **10** ആരോഗ്യ ഉപകേന്ദ്രങ്ങൾ ഉണ്ടായെങ്കിൽ മാത്രമേ ജനങ്ങൾക്ക് ആവശ്യമായ ആരോഗ്യ സേവനങ്ങൾ മെച്ചപ്പെട്ട ഗുണനിലവാരത്തിൽ ലഭ്യമാക്കാൻ കഴിയുകയുള്ളൂ. ഉപകേന്ദ്രങ്ങൾ വർധിപ്പിക്കുന്നതോടൊപ്പം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളും ഉയർത്തേണ്ടതുണ്ട്. കൂടാതെ അർബൻ സബ്സെൻററും സ്ഥാപിക്കുന്നത് നന്നായിരിക്കും.

ഇരിട്ടി താലൂക്ക് ആശുപത്രിയിൽ എല്ലാ വിധ സംവിധാനങ്ങളോടും കൂടി മാതൃ-ശിശു സംരക്ഷണ ബ്ലോക്ക് പൂർത്തിയാക്കിയെങ്കിലും ഗൈനക്കോളജിസ്റ്റ് ഉൾപ്പടെ ആവശ്യമുള്ള ജീവനക്കാരുടെ കുറവ് പ്രസ്തുത ബ്ലോക്ക് ശരിയായി പ്രവർത്തിക്കുവാൻ ഇനിയും സാധിച്ചിട്ടില്ല ഈ ബ്ലോക്ക് പ്രവർത്തനം തുടങ്ങുന്ന പക്ഷം ഇരിട്ടി നഗരസഭയിലെയും സമീപ പ്രദേശങ്ങളിലെയും പാവപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും ഇത് വളരെ പ്രയോജനകരമായിരിക്കും. അതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## മാനസിക ആരോഗ്യം

വർധിച്ച മാനസിക സംഘർഷവും സാമൂഹിക ചുറ്റുപാടുകളും സാധാരണക്കാരിൽ മാനസിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇരിട്ടി മുനിസിപ്പാലിറ്റിയിൽ നടത്തിയ പഠന റിപ്പോർട്ട് അനുസരിച്ച് **5138** ആളുകൾ വ്യത്യസ്തങ്ങളായ മാനസിക പ്രശ്നങ്ങൾക്ക് ചികിത്സ തേടുന്നവരാണ്. ജില്ലാ മാനസിക ആരോഗ്യ പരിപാടിയുടെ ഭാഗമയി ഇരിട്ടി താലൂക്ക് ആശുപത്രിയിൽ മാസത്തിൽ ഒരു ദിവസം സൗജന്യ മാനസിക ആരോഗ്യ ക്ലിനിക്ക് നടത്തി വരുന്നുണ്ട്. മാനസിക രോഗ ചികിത്സക്കപ്പുറം കൗൺസിലിങ്, മാനസിക ഉല്ലാസ പരിപാടികൾ മുതലായവ സംഘടിപ്പിച്ച് വർധിച്ച മാനസിക സംഘർഷമുള്ളവരെ ഒരു പരിധി വരെ സഹായിക്കാവുന്നതാണ്. കോവിഡ് മഹാമാരി പോലുള്ള പുതിയ തരം പകർച്ചവ്യാധികളുടെ ആവിർഭാവം സമൂഹത്തെ ഒന്നാകെ ആശങ്കപ്പെടുത്തിയിട്ടുണ്ട്. ഇത്തരക്കാർക്ക് അനുയോജ്യമായ കൗൺസിലിങ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് നഗരസഭയിൽ പുതുതായി കൗൺസിലിങ് സെൻറർ ആരംഭിക്കാവുന്നതാണ്. സൈക്യാട്രിസ്റ്റിൻറെ സേവനത്തോട് കൂടി മാനസിക ആരോഗ്യ ക്ലിനിക്ക് എല്ലാ ദിവസവും താലൂക്ക് ആശുപത്രിയിൽ ആരംഭിക്കുന്നത് നന്നായിരിക്കും. കൂടാതെ മാനസിക സമ്മർദ്ദമുള്ളവരെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ വിദഗ്ദ കൗൺസിലിങ് സൗകര്യവും ഏർപ്പെടുത്താവുന്നതാണ്.

## സാന്ത്വന പരിചരണം

ഇരിട്ടി നഗരസഭയിൽ പ്രൈമറി, സെക്കണ്ടറി സാന്ത്വന പരിചരണ പരിപാടി വളരെ മികച്ച രീതിയിൽ നടന്നു വരുന്നു. പാലിയേറ്റീവ് പരിചരണം ലഭ്യമാക്കുന്ന **372**

രോഗികളാണ് ഇരിട്ടി നഗരസഭയിൽ ഇപ്പോഴുള്ളത്. ഇതിൽ ഹോം കെയർ ആവശ്യമുള്ളവരും പാലിയേറ്റീവ് ഒ.പി ചികിത്സ തേടുന്നവരും ഉൾപ്പെടുന്നന്നു. ഡയാലിസിസിന് വിധേയമാകുന്ന **25** ആളുകളും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കാൻസർ രോഗികൾ, പക്ഷാഘാതം വന്നവർ എന്നിവരെയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഒരു സർക്കാർ സേവനം എന്നതിനപ്പുറം ഗൗരവമായ സാമൂഹ്യ ഇടപെടലോടു കൂടി നടത്തേണ്ട ഒരു ജനകീയ പദ്ധതിയാക്കി നമ്മുടെ നഗരസഭയിലെ സാന്ത്വന പരിചരണ പരിപാടിയെ മാറ്റി എടുക്കാവുന്നതാണ്.

## അടിസ്ഥാന സൗകര്യം

പ്രതിദിനം **700** ൽ അധികം രോഗികൾ ഇരിട്ടി താലൂക്ക് ആശുപത്രിയുടെ ഒ.പി വിഭാഗത്തിലും **50** ൽ കുറയാത്ത രോഗികൾ കിടത്തി ചികിത്സാ വിഭാഗത്തിലും ചികിത്സ തേടി എത്താറുണ്ട്. ഇതിൽ വലിയൊരു വിഭാഗം, സ്ത്രീകളും വൃദ്ധരുമാണ്. ചികിത്സക്കെത്തുന്ന മുഴുവൻ ആളുകൾക്കും ഗുണ നിലവാരമുള്ള സേവനം ഉറപ്പാക്കേണ്ടതുണ്ട്. കഴിഞ്ഞ ഒരു വർഷത്തിൽ അധികമായി ആധുനിക രീതിയിൽ പണി പൂർത്തീകരിച്ചിരിക്കുന്ന ലക്ഷ്യ മാതൃ- ശിശു സംരക്ഷണ ബ്ലോക്ക് പ്രവർത്തന സജ്ജമാക്കിയാൽ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിരക്ഷ അതുവഴി ഉറപ്പ് വരുത്താവുന്നതാണ്. അതിനാവശ്യമായ ഗൈനക്കോളജിസ്റ്റ് ഉൾപ്പടെ ആവശ്യമുള്ള ജീവനക്കാരെ നിയമിച്ച് പ്രസ്തുത ബ്ലോക്ക് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. അതുപോലെ ഇരിട്ടി താലൂക്ക് ആശുപത്രിയിലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കുടിവെള്ളത്തിൻറെ അപര്യാപ്തത വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഒ.പി ഡിപ്പാർട്ട്മെൻറിലേക്കും കിടത്തി ചികിത്സാ വിഭാഗത്തിലേക്കും ഡയാലിസിസ് യൂണിറ്റിലേക്കും മുഴുവൻ സമയ പ്രവർത്തനത്തിനായി ഇപ്പോൾ നമുക്ക് ലഭിക്കുന്ന വെള്ളം അപര്യാപ്തമാണ്. നിലവിൽ ഇരിട്ടി താലൂക്ക് ആശുപത്രി കനിവ് കിഡ്നി പേഷ്യൻറ്സ് വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ **18** രോഗികൾക്കായി ഡയാലിസിസ് ചികിത്സ നടത്തി വരുന്നത് ഒറ്റ ഷിഫ്റ്റിലാണ്. വെള്ളത്തിൻറെ പ്രശ്നം പരിഹരിക്കപ്പെടുമെങ്കിൽ മാത്രമേ മൂന്ന് ഷിഫ്റ്റ് ആരംഭിച്ച് കൂടുതൽ രോഗികൾക്ക് ഡയാലിസിസ് സേവനം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. ഇരിട്ടി നഗരസഭയിൽ നിന്നും സമീപ പഞ്ചായത്തുകളിൽ നിന്നുമായി **180** ൽ അധികം ഡയാലിസിസ് രോഗികൾ ഡയാലിസിസ് നടത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അയതിനാൽ ആശുപത്രിക്ക് അത്യാവശ്യമായ വെള്ളത്തിൻറെ ദൗർലഭ്യം പരിഹരിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്.

ഇരിട്ടി താലൂക്ക് ആശുപത്രിയിൽ കുട്ടികളുടെ പ്രതിരോധകുത്തിവെപ്പിനായുള്ള പ്രത്യേകമായ ഇമ്മ്യൂണൈസേഷൻ ബ്ലോക്കും ഇപ്പോൾ നിലവിലില്ല. ആശുപത്രിയുടെ കോൺഫറൻസ് ഹാളിലാണ് കുട്ടികൾക്കുള്ള കുത്തിവെപ്പ് സൗകര്യം ഒരുക്കുന്നത്. ആയതിനാൽ ഇരിട്ടി താലൂക്ക് ആശുപത്രിയിൽ പ്രതിരോധ കുത്തിവെപ്പിന് പ്രത്യേകമായി ഒരു ബ്ലോക്ക് അനുവദിക്കേണ്ടതാണ്.

ഇരിട്ടി താലൂക്ക് ആശുപത്രിക്ക് **49** കോടി വകയിരുത്തിയ പുതിയ കെട്ടിടത്തിൻറെ മാസ്റ്റർ പ്ലാൻ കഴിഞ്ഞ രണ്ട് വർഷക്കാലമായി തയ്യാറായിട്ടുണ്ട്. ആധുനിക സജ്ജീകരണത്തോടു കൂടിയ **100** കിടക്കകളുടെ സൗകര്യം ഒരുക്കുന്ന വിധത്തിലുള്ള മാസ്റ്റർ പ്ലാനാണ് തയ്യാറായിട്ടുള്ളത്. പ്രസ്തുത മാസ്റ്റർ പ്ലാനിൻറെ ഫിനാൻഷ്യൽ സാങ്ഷനും ടെണ്ടർ

നടപടികളും എത്രയും വേഗം പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനുള്ള അടിയന്തര നടപടികൾ ബന്ധപ്പെട്ട അധികാരികളോട് കൂടിയാലോചിച്ച് വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്. എല്ലാ വിഭാഗം രോഗികൾക്കും ആശ്രയിക്കാൻ പറ്റുന്നഅതിവിപുലമായ സൗകര്യങ്ങളോടു കൂടിയ ഈ മാസ്റ്റർ പ്ലാൻ എത്രയും പെട്ടന്ന് പൂർത്തീകരിക്കേണ്ട ഉത്തരവാദിത്തം ഇരിട്ടി നഗരസഭയ്ക്ക് ഉണ്ട്.

2022-23 വർഷത്തെ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പു സാമ്പത്തിക വർഷം നഗരസഭയിലെ സബ്സെന്ററുകളുടേയും താലൂക്ക് ആശുപത്രിയുടേയും പരിശോധന സംവിധാനം മെച്ചപ്പെടുത്തുന്നതിന് 30.87 ലക്ഷം രൂപ വകയിരുത്തി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 2021-22 ലെ ഹെൽത്ത് ഗ്രാന്റിൽ നിന്നും തുക വകയിരുത്തി പുന്നാട് അർബൻ പോളി ക്ലിനിക്ക് ആരംഭിക്കുന്നതിന് സാധിച്ചു. പത്തൊമ്പതാം മൈലിൽ അനുവദിച്ച അർബൻ പോളിക്ലിനിക്ക് എത്രയും വേഗം പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്.

ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സ സൗകര്യം ഒരുക്കുന്ന വിധത്തിൽ പുതുതായി സ്ഥലം ഏറ്റെടുത്ത് കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. അതുപോലെ ജീവിതശൈലി രോഗ നിയന്ത്രണ ക്ലിനിക്കും യോഗ പരിശീലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യവും ഒരുക്കേണ്ടതുണ്ട്. പാലിയേറ്റീവ് പരിചരണത്തിന് ആവശ്യമായ ഉപകരണങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കിയാൽ പാലിയേറ്റീവ് രോഗികൾക്ക് ഗൃഹപരിചരണം കൊടുക്കാവുന്നതാണ്. കൂടാതെ പകർച്ചവ്യാധി പ്രതിരോധത്തിനാവശ്യമായ മരുന്നുകളും മറ്റ് സാധന സാമഗ്രികലും ലഭ്യമാക്കേണ്ടതാണ്. നടപ്പു സാമ്പത്തിക വർഷം നാഷ്ണൽ ആയുഷ് മിഷന്റെ 5 ലക്ഷം രൂപ ധനസഹായം ലഭിച്ചത് ഉൾപ്പെടുത്തി ഡിസ്പെൻസറി നവീകരണം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്ന കെട്ടിടത്തിൽ അറ്റകുറ്റപ്പണി നടത്തേണ്ടതായിട്ടുണ്ട്. അതുപോലെ നിലവിലുള്ള ജീവനക്കാരുടെ വേതനം വർധിപ്പിച്ചു കൊടുക്കുകയും പുതിയ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കേണ്ടതുമാണ്.

യുനാനി ഡിസ്പെൻസറി കെട്ടിടം വിപുലീകരിച്ച് ഫാർമസി റൂം വികസിപ്പിക്കുകയും കോൺഫറൻസ് (യോഗ) ഹാൾ ഒരുക്കേണ്ടതുമാണ്. ഡിസ്പെൻസറിയിൽ കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തി ജനങ്ങൾക്ക് കൂടുതൽ ചികിത്സ ഉറപ്പാക്കാവുന്നതാണ്. അതുപോലെ നിലവിലുള്ള കെട്ടിടത്തിൽ ഒരു ടോയ്ലറ്റ് മാത്രമേ ഉള്ളൂ. അധികമായി ഒരു ടോയ്ലറ്റ് കൂടി അനുവദിക്കാവുന്നതാണ്. ഡിസ്പെൻസറിയിൽ ടോക്കൺ സിസ്റ്റം സ്ഥാപിക്കുകയും കമ്പ്യൂട്ടർ സൗകര്യം ഒരുക്കേണ്ടതുമാണ്.

**ആരോഗ്യ നയം**

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ എത്തിച്ചേരണമെങ്കിൽ വളരെ സമഗ്രമായ ഒരു ആരോഗ്യനയം നഗരസഭ രൂപപ്പെടുത്തേൺതുണ്ട്. പ്രാഥമിക ആരോഗ്യ പരിചരണം തന്നെയാണ് ഒരു പ്രദേശത്തിൻറെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുവാൻ ഏറ്റവും നല്ല സമീപനരീതി. ഇതിനായി നിലവിൽ ഉള്ള ആരോഗ്യ സേവന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തേൺതുൺണ്ട്. ഇരിട്ടി നഗരസഭാ പരിധിയിലുള്ള അലോപ്പതി ചികിത്സാ രീതികളോടൊപ്പം ആയുർവ്വേദ, ഹോമിയോ, യുനാനി ചികിത്സാവിധികളെയും സംയോജിപ്പിച്ച് കൊണ്ടുള്ള സമഗ്ര ആരോഗ്യ നയമാണ് രൂപവത്ക്കരിക്കേണ്ടത്.

നിലവിൽ ഇരിട്ടി മുനിസിപ്പാലിറ്റി പ്രദേശത്തെ ആരോഗ്യപ്രശ്നങ്ങളെ അവയുടെ തീവ്രതയുടെ അടിസ്ഥാനത്തിൽ ഇങ്ങനെ പട്ടികപ്പെടുത്താം.

1. ജീവിത ശൈലി രോഗങ്ങൾ
2. കോവിഡ് **19** പോലുള്ള പുതിയ തരം പകർച്ച വ്യാധികൾ
3. ജലജന്യ രോഗങ്ങൾ
4. കൊതുക് ജന്യ രോഗങ്ങൾ
5. സംസ്കരിക്കപ്പെടാത്ത മാലിന്യങ്ങൾ
6. കൗമാരക്കാരിലെ പോഷണ പ്രശ്നങ്ങൾ
7. പ്രതിരോധകുത്തിവെപ്പുകൾ എടുക്കാത്തവർ
8. പട്ടികവർഗ മേഖലയിലെ പ്രശ്നങ്ങൾ
9. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്ത

| COMMUNICABLE DISIEAS REPORT | | | | | | | |
|---|---|---|---|---|---|---|---|
| IRITTY municipality | | | | | | | |
| YEAR | Dengu Fever | LEPTO | C.POX | HP A | TYPHOID | MALARIA | SCRUB TYPHUS |
| 2017 | 85 | 2 | 22 | 8 | 2 | 0 | 0 |
| 2018 | 17 | 4 | 7 | 34 | 1 | 5 | 0 |
| 2019 | 42 | 1 | 15 | 35 | 0 | 2 | 2 |
| 2020 | 121 | 1 | 10 | 4 | 4 | 0 | 1 |
| 2021 | 91 | 4 | 8 | 0 | 2 | 0 | 1 |
| 2022 | 13 | 1 | 4 | 0 | 0 | 1 | 1 |

## പാലിയേറ്റീവ് പരിചരണം

| ക്രമ നം | വിഭാഗങ്ങൾ | Before 2016 | 2016 | 2017 | 2018 | 2019 | 2020 | 2021 |
|---|---|---|---|---|---|---|---|---|
| 1 | ആകെ രജിസ്റ്റർ ചെയ്ത രോഗികൾ | 570 | 70 | 84 | 137 | 96 | 80 | 90 |
| 2 | ഗൃഹ പരിചരണം ആവശ്യമുള്ളവർ | | 134 | 147 | 165 | 153 | 70 | 183 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | ക്യാൻസർ രോഗികൾ | | 23 | 19 | 32 | 23 | 27 | 32 |
| 4 | പക്ഷാഘാതം നട്ടെല്ലിന് ക്ഷതം | | 15 | 13 | 18 | 16 | 20 | 22 |
| 5 | കിഡ്നി പേഷ്യൻറ് ഡയാലിസിസ് | | 10 | 7 | 15 | 19 | 17 | 24 |
| 6 | ഹൃദരോഗികൾ | | 5 | 4 | 4 | 6 | 5 | 5 |
| 7 | അംഗഭംഗം | | 1 | 2 | 0 | 2 | 0 | 3 |
| 8 | കിടപ്പിലായവർ | | 26 | 35 | 40 | 60 | 65 | 70 |
| 9 | മാനസികം | | 2 | 4 | 2 | 1 | 1 | 2 |
| 10 | ബുദ്ധിമാന്ദ്യം | | 2 | 2 | 3 | 1 | 2 | 3 |
| 11 | തീർത്തും കിടപ്പിലായവർ | | 10 | 15 | 22 | 20 | 15 | 14 |

# പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

## പ്രശനവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമനമ്പർ | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം,വിഭാഗം | പ്രശ്നത്തിന്റെ തീവ്രത (ചെയ്യുക) | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ പരിഹരിക്കുന്നതിന്ന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം ? | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | ആരോഗ്യ ആയുർവ്വേദം | ജീവിതശൈലി രോഗങ്ങൾ | ഇരിട്ടി മുൻസിപ്പാലിട്ടിയിലെ പൊതു ജനങ്ങൾ | | | | ജീവിത ശൈലി ആഹാര ശീലങ്ങൾ | ആരോഗ്യ സർവ്വെ മെഡിക്കൽ ക്യാമ്പുകൾ ബോധവൽകരണം | | | വളണ്ടിയർമാരെ പരിശീലിപ്പിക്കുക |
| 2 | ആരോഗ്യ ആയുർവ്വേദം | പകർച്ച വ്യാധികൾ | ഇരിട്ടി മുൻസിപ്പാലിട്ടി | | | | മലിനീകരണം കൊതുക്കളുടെ വർദ്ധനവ് | ശുചിത്വ ബോധവൽകരണം,കൊത്ക് ,മറ്റ് രോഗകാരികളുടെ നയന്ത്രണം | | | |
| 3 | ആരോഗ്യ ആയുർവ്വേദം | കൗമാര രോഗം | സ്കൂൾ വിദ്യാർത്ഥികൾ | | | | ആഹാര ശീലങ്ങൾ | സ്കൂളി ൽ മെഡിക്കൽ ക്യാമ്പ് | | | |
| 4 | ആരോഗ്യ ആയുർവ്വേദം | സ്ഥാപനത്തന്റെ അടിസ്ഥാന സൗകര്യം | വികസന ആശുപത്രിയായി ഉയർന്നു | | | | സ്ഥല ലഭ്യതയിലെ കുറവ് | സ്ഥലം ഏറ്റെടുക്കൽ | | കെട്ടിട നിർമ്മാണം | |

## പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | ആരോഗ്യം/അലോപ്പതി ആരോഗ്യ സ്ഥാപനങ്ങൾ | ഡയാലിസിസ് | | | | | സാമ്പത്തികം, കുടിവെള്ളം | | | | |
| 2 | ആരോഗ്യം/അലോപ്പതി ആരോഗ്യ സ്ഥാപനങ്ങൾ | മാതൃശിശു സംരക്ഷണ ബ്ലോക്ക് | | | | | ജീവനക്കാരുടെ അഭാവം | | | | |

# വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘക്കാല ലക്ഷ്യം 2032– ലെ ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| | ആരേഗ്യം ആയുർവ്വേദം | സബൂർണ ആരേഗ്യം | | വർദ്ധിക്കുന്ന രോഗാതുരത | പൊതുജനാരോഗ്യ മേഖലയിൽ ജീവിതശൈലി രോഗം, പകർച്ച വ്യാധി മദ്ദ് എന്നിവ സബൂർണയായി ഒഴിവാക്കുക | ആരേഗ്യപൂർണമായ ജനത | ആരേഗ്യസർവ്വേ,മെടിക്കൽ ക്യാമ്പുകൾ,യോഗ പരിശീലനം,ആരേഗ്യസ്ഥാപനങ്ങളുടെ മെച്ചപ്പെടുത്തൽ |
| | | | | | | | |
| | ആരേഗ്യം ആയുർവ്വേദം | ആയുർവ്വേദ ഡിസപ്പെൻസറിയെ ആശുപത്രിയായി ഉയർത്തുക | | 5സെന്റ് സ്ഥലത്ത് പ്രവർത്തിക്കുന്ന ഡിസപ്പെൻസറി | | സ്ഥലം ഏറ്റെടുക്കൽ കെട്ടിട നിർമ്മാണം | ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ലക്ഷ്യം പൂർത്തികരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ |
| | | | | | | | |

# 10. ശുചിത്വം മാലിന്യ സംസ്കരണം

കണ്ണൂർ ജില്ലയുടെ കിഴക്കൻ മലയോര മേഖലയിൽ വളപട്ടണം പുഴയുടെ ഭാഗമായ ഇരിട്ടി പുഴയുടെ തെക്കു ഭാഗത്തായി 45.65 ച.കി.മി വിസ്തൃതിയിൽ കുന്നുകളും, വയലുകളും, തോടുകളും, അരുവികളും ഇടകലർന്നതും ബഹു വിളകളാൽ ഹരിതാഭവുമായ പ്രദേശമാണ് ഇരിട്ടി നഗരസഭ. കീഴൂർ, ചാവശ്ശേരി വില്ലേജുകളും, പായം വില്ലേജിലെ എടക്കാനം ദേശവും ചേർന്നതാണ് ഈ നഗരസഭയുടെ ഭൂപ്രദേശം. വടക്ക് ഇരിട്ടി പുഴയും തെക്ക് മുഴക്കുന്ന്, തില്ലങ്കേരി പഞ്ചായത്തുകളും കിഴക്ക് പായം പഞ്ചായത്തും, പടിഞ്ഞാറ് മട്ടന്നൂർ നഗരസഭയും അതിർത്തി പങ്കിടുന്നു. നഗരസഭയുടെ മധ്യഭാഗത്തുകൂടിയാണ് കർണ്ണാടക സംസ്ഥാനത്തെ ബന്ധിപ്പിക്കുന്ന തലശ്ശേരി - കൂർഗ് അന്തർ സംസ്ഥാന പാത കടന്നു പോകുന്നത്. നഗരസഭയുടെ എല്ലാ ഭാഗങ്ങളിലും ജനവാസമുണ്ട്.

2015 നവംബർ 1 മുതലാണ് കീഴൂർ - ചാവശ്ശേരി ഗ്രാമപഞ്ചായത്ത് നഗരസഭയായി പ്രഖ്യാപിക്കപ്പെട്ടത്. തികച്ചും ഗ്രാമീണ സ്വഭാവം നിലനിൽക്കുന്ന നഗരസഭയാണ് നമ്മുടേത്. ഇരിട്ടിയാണ് പ്രധാന നഗരമെങ്കിലും നഗരസഭയുടെ ആസ്ഥാനം പുന്നാട് ആണ്. പുതുതായി രൂപം കൊണ്ട ഇരിട്ടി താലൂക്ക് ആസ്ഥാനവും ഇരിട്ടി നഗരസഭയിൽ ആണ്, കൂടാതെ താലൂക്ക് ആശുപത്രി, ഫയർസ്റ്റേഷൻ, ലേബർ ഓഫീസ്, എ.ഇ.ഒ ഓഫീസ്, സബ്ട്രഷറി, ഡയറി ഡവലപ്മെൻറ് ഓഫീസ്, മൃഗാശുപത്രി, സി.ഡി.പി.ഒ. ഓഫീസ്, ആർ.ടി.ഒ. ഓഫീസ് എന്നിവയെല്ലാം ഇരിട്ടി പട്ടണം കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചു വരുന്നത്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം യാഥാർത്ഥ്യമായതോടെ ത്വരിതഗതിയിലുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഇരിട്ടി നഗരാതിർത്തിയിഞ്ഞ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

വികസിത - വികസ്വര രാഷ്ട്രങ്ങൾ ഉൾപ്പെടെ ലോക രാഷ്ട്രങ്ങൾ ഒന്നടങ്കം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും സങ്കീർണ്ണമായ വെല്ലുവിളിയാണ് ശാസ്ത്രീയ മാലിന്യ സംസ്കരണം. മനുഷ്യൻറെ സ്വാർത്ഥതയും, വിവേകമില്ലാത്ത പ്രവൃത്തികളും മണ്ണിനെയും, വിണ്ണിനെയും, ജലസ്രോതസ്സുകളെയും മലീമസമാക്കിയിരിക്കുന്നു. അനിയന്ത്രിതമായ ജനപ്പെരുപ്പവും, ത്വരിത ഗതിയിലുള്ള നഗരവത്കരണവും, വ്യാവസായിക വളർച്ചയും, ജീവിത രീതിയിൽ വന്ന മാറ്റങ്ങളും, നഗരകുടിയേറ്റങ്ങളും മാലിന്യത്തിൻറെ തോതും, സ്വഭാവവും പാടേ മാറ്റിയിരിക്കുന്നു. എന്നാൽ ഭൂമിയുടെ വിസ്തൃതിയോ യാതൊരു വർദ്ധനവുമില്ലാതെ നിലകൊള്ളുകയും ചെയ്യുന്നു. ജനസാന്ദ്രത വർദ്ധിക്കുന്നു. ആളോഹരി ഭൂലഭ്യതയുടെ തോത് അനുദിനം കുറഞ്ഞുവരുന്നു. പരിസ്ഥിതിയെ തകർക്കുന്നതിന് സ്വാർത്ഥമോഹികളായ മനുഷ്യന് യാതൊരു മടിയുമില്ല. വനനശീകരണവും, അനധികൃത ഖനനങ്ങളും ജൈവ വൈവിധ്യങ്ങളെ കാലയവനികക്കുള്ളിലേക്ക് നയിക്കുന്നു. ജലസ്രോതസ്സുകളെ മാലിന്യ നിക്ഷേപ കേന്ദ്രങ്ങളാക്കി മാറ്റുവാൻ നമുക്ക് യാതൊരു വൈമനസ്യവുമില്ല. മാലിന്യ സംസ്കരണം ഉയർത്തുന്ന വെല്ലുവിളികൾക്ക് നേരെ മുഖം തിരിഞ്ഞു നിൽക്കുന്നത് വരും തലമുറയോടു നാം കാണിക്കുന്ന അക്ഷന്തവ്യമായ ക്രൂരതയായിരിക്കും എന്ന വസ്തുത മുന്നിൽ കണ്ടുകൊണ്ടാണ് ഇരിട്ടി നഗരസഭ മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

**നിലവിലെ മാലിന്യ സംസ്കരണ രീതി**

50,000 ത്തിലധികം ജനസംഖ്യയും പതിനായിരത്തിൽ പരം വീടുകളും രണ്ടായിരത്തോളം കച്ചവട സ്ഥാപനങ്ങളും ഇന്ന് നഗരപരിധിയിൽ ഉണ്ട്. കീഴൂർ വില്ലേജിൽ രണ്ടേക്കർ സ്ഥലം നഗരസഭയ്ക്ക് സ്വന്തമായിട്ടുണ്ട്. അതിൽ 46/1 റീ.സ. നമ്പറിൽപ്പെട്ട 32 സെൻറ് സ്ഥലത്താണ് നഗരസഭയുടെ ട്രഞ്ചിംഗ് യാർഡ് നിലവിൽ പ്രവത്തിച്ചു വരുന്നത്. നഗരസഭയുടെ പ്രാരംഭ ഘട്ടത്തിൽ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന രീതി അത്ര കാര്യക്ഷമമായിരുന്നില്ല. എന്നാൽ 2016 ൽ മാലിന്യ പരിപാലന നിയമത്തിൽ അടിസ്ഥാനപരമായ മാറ്റം വന്നതോടുകൂടി കേന്ദ്രീകൃത മാലിന്യ പരിപാലനത്തെ നിരുത്സാഹപ്പെടുത്തുന്നതിനും വികേന്ദ്രീകൃത മാലിന്യ സംസ്കരണ രീതി പ്രാത്സാഹിപ്പിക്കുന്നതിനുമാണ് ഇരിട്ടി നഗരസഭ ഊന്നൽ നൽകിയിട്ടുള്ളത്. മാലിന്യം ഉല്പാദിപ്പിക്കുന്നവരുടെ നിയമപരമായ ഉത്തരവാദിത്തമാണ് മാലിന്യം സംസ്കരിക്കേണ്ടതും ഈ നയം തന്നെയാണ് നഗരസഭ അവലംബിച്ചിട്ടുള്ളത്. ഗാർഹിക ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ജന ബോധവത്കരണം നടത്തുകയും 1768 കുടുംബങ്ങൾക്ക് ഇതിനോടകം റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ട്. 2019-2020 വർഷത്തെ പ്രോജക്ടിൽ പട്ടിക വർഗ്ഗത്തിൽപ്പെട്ട 100 കുടുംബങ്ങൾക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 100 കുടുംബങ്ങൾക്കും പ്രോജക്റ്റിൽ റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യുന്നതിന് തുക വകയിരുത്തി എങ്കിലും കേവലം 31 പട്ടിക വർഗ്ഗ കുടുംബങ്ങളും 8 പട്ടിക ജാതി കുടുംബങ്ങളും മാത്രമാണ് ഈ പദ്ധതിക്കായി അപേക്ഷ സമർപ്പിച്ചത്. 2020-21 വർഷത്തെ സ്പിൽ ഓവർ പ്രോജക്റ്റിൽ ഈ കുടുംബങ്ങൾക്ക് റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തു. പട്ടിക ജാതി- പട്ടിക വർഗ്ഗ പ്രമോട്ടർമാർ ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്.2021-22 വർഷത്തിൽ 2000 കുടുംബങ്ങൾക്ക് ഉറവിട മാലിന്യ സംസ്കരണ സംവിധാനമായ ബയോബിന്നുകൾ വിതരണം ചെയ്യുന്നതിന് പദ്ധതിയിനത്തിൽ 36 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വ്യാപാര സ്ഥാപനങ്ങൾ വേർതിരിച്ച് സൂക്ഷിക്കുന്ന ജൈവ-അജൈവ മാലിന്യങ്ങൾ ശുചീകരണ വിഭാഗം ജീവനക്കാർ ശേഖരിക്കുകയും നഗരസഭാ വാഹനത്തിൽ ഉ അത്തിത്തട്ട് എന്ന സ്ഥലത്തെ ട്രഞ്ചിംഗ് യാർഡിൽ എത്തിച്ച് വിൻഡ്രോ കമ്പോസ്റ്റ് രീതിയിൽ ജൈവ

വളമാക്കി മാറ്റുകയാണ് നിലവിൽ ചെയ്യുന്നത്. നഗരസഭാ കുടുംബശ്രീയുടെ കീഴിലുള്ള 10 സ്ത്രീകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റാണ് ജൈവ മാലിന്യം വേർതിരിച്ച് വളമാക്കി മാറ്റുന്ന പ്രവൃത്തി നിർവ്വഹിക്കുന്നത്. അടിയന്തിര സാഹചര്യങ്ങളിൽ ശുചീകരണ വിഭാഗം ജീവനക്കാരെയും ഈ പ്രവർത്തനത്തിന് നിയോഗിച്ചു വരുന്നുണ്ട്. കൂടുതൽ മാലിന്യം ഉല്പാദിപ്പിക്കുന്ന (ബൾക്ക് ജനറേറ്റേർസ്) സ്ഥാപനങ്ങൾക്ക് സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയ 11 സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

2017 ഡിസംബർ മുതൽ ഹരിതകർമ്മ സേനാ പ്രവർത്തനം ആരംഭിക്കുകയും വീടുകളിൽ നിന്ന് പ്ലാസ്റ്റിക് ശേഖരിക്കുകയും ആയത് സ്വകാര്യ ഏജൻസിക്ക് കൈമാറുകയും ചെയ്യുന്ന രീതിയാണ് തുടർന്ന് വന്നിരുന്നത്. എല്ലാ വീടുകളെയും ഈ

പ്രവർത്തന പരിധിയിൽ എത്തിക്കുന്നതിന് സാധിച്ചിട്ടില്ല. എന്നാൽ 2019 ൽ സംസ്ഥാന പരിസ്ഥിതി വകുപ്പ് ഒറ്റത്തവണ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തുകയും മാലിന്യ പരിപാലനത്തിൻറെ ഉത്തരവാദിത്വം ഓരോ വ്യക്തികളിലും അധിഷ്ഠിതമാണെന്ന് നിഷ്കർശിക്കുകയും ചെയ്ത സാഹചര്യത്തിൽ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് കൈമാറുന്ന പ്രക്രിയയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഇതിനോടകം ആരംഭിച്ചിട്ടുള്ളതും വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ക്യൂആർ കോഡ് പതിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഹരിതകർമ്മ സേനാംഗങ്ങളെ ഉൾപ്പെടുത്തി നടത്തിവരുന്നു. ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എൽ എൽ പി എന്ന പ്രൈവറ്റ് കമ്പനി 2021 ഏപ്രിൽ 1 മുതൽ നഗരസഭയുമായി കരാറിൽ ഏർപ്പെടുകയും അജൈവ പാഴ്‌വസ്തുക്കൾ ശേഖരിച്ച് സംസ്കരണത്തിന് അയക്കുകയും ചെയ്തു വരുന്നു. വാർഡുതലത്തിൽ പ്രവർത്തന കലണ്ടറും ബോധവത്കരണ നോട്ടീസുകളും വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

എം സി എഫ്, ആർ ആർ എഫ് എന്നിവ നഗരസഭാ തലത്തിൽ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ഫലപ്രാപ്തിയിലെത്തിയിട്ടില്ല. വാർഡുകളിൽ അജൈവ മാലിന്യ ശേഖരണത്തിന് പോർട്ടബിൾ മിനി എം സി എഫുകൾ സ്ഥാപിക്കുന്നതിനും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് ബെയ്ലിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഒഴിവാക്കുന്നതിനും ബദൽ ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി വിളംബര ഘോഷയാത്രയും അനുബന്ധ പ്രവർത്തനങ്ങളും, വാർഡ് തലത്തിൽ ശുചിത്വ സമിതി ഫണ്ടുപയോഗിച്ച് തുണിസഞ്ചി വിതരണവും നടത്തിയിട്ടുണ്ട്. ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴി പൊതുജന ബോധവത്കരണ പ്രവർത്തനവും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ശുചിത്വ മിഷൻ ഐ.ഇ.സി ഫണ്ടുപയോഗിച്ച് 12 ബോർഡുകളും നഗരപരിധിയിലെ വിവിധ ഇടങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. പൊതു ശൗചാലയങ്ങളോടനുബന്ധിച്ചും കൈമാറി കിട്ടിയ സ്ഥാപനങ്ങളായ ആയുർവേദ ആശുപത്രി. ഹോമിയോ ഡിസ്പെൻസറി, നഗരസഭാ കാര്യാലയത്തിൻറെ ചുറ്റുമതിൽ തുടങ്ങിയ സ്ഥലങ്ങളിൽ ബോധവത്കരണ സന്ദേശങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന ഇലക്ഷൻ, അസംബ്ലി ഇലക്ഷൻ എന്നിവ ഹരിത പെരുമാറ്റചട്ടം പാലിച്ച്, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.

ഖര-ദ്രവ, പ്ലാസ്റ്റിക് മാലിന്യ പരിപാലനത്തിൽ നിരവധി പ്രശ്നങ്ങൾ ഇനിയും നാം അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. ഗ്രീൻ ട്രിബ്യൂണലിൻറെ ഒഎ 606/18, 673/18 എന്നീ നമ്പർ വ്യവഹാരങ്ങൾ നിലനിൽക്കുന്നതുകൊണ്ട് ഭാവിയിൽ നമ്മുടെ നഗരസഭയ്ക്കും ഖരമാലിന്യ പരിപാലനത്തിലും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിലും ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ദീർഘ വീക്ഷണത്തോടെയുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതിയും, സീവേജ് - സെപ്റ്റേജ് ട്രീറ്റ്മെൻറ് പദ്ധതികളും നടപ്പിലാക്കുന്നതിന് നഗരസഭ മുൻഗണന നൽകേണ്ടതും ശാസ്ത്രീയ സംവിധാനങ്ങളോടെയുള്ള ട്രഞ്ചിംഗ് യാഡ് ഒരുക്കുകയും വേണം.

ശാസ്ത്രീയ അറവുശാല നമ്മുടെ സംസ്ഥാനത്തെ ഒട്ടുമിക്ക തദ്ദേശ സ്ഥാപന പരിധിയിലും ഇല്ലാ എന്നത് യാഥാർത്ഥ്യമാണ്. അറവു മാലിന്യങ്ങൾ പൊതുസ്ഥലത്തും

ജലസ്രോതസ്സുകളിലും അലക്ഷ്യമായി നിക്ഷേപിക്കപ്പെടുന്നത് തടയുന്നതിന് അറവുശാല സ്ഥാപിക്കുകയും കോഴിമാലിന്യങ്ങൾ നിലവിലുള്ള റെൻററിംഗ് യൂണിറ്റുകൾക്ക് നിർബന്ധമായും നൽകുകയും ചെയ്യുന്നതായാൽ ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകും.

നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ കണ്ടെത്തുന്നതിന് വ്യാപാര സ്ഥാപനങ്ങളിൽ നഗരസഭാ ആരോഗ്യ വിഭാഗം പരിശോധനകൾ സംഘടിപ്പിക്കുകയും 1102 കി.ഗ്രാം പ്ലാസ്റ്റിക് ഉല്പന്നങ്ങൾ പിടിച്ചെടുത്ത് 423233/- രൂപ പിഴയിനത്തിൽ നഗരസഭയിൽ നാളിതുവരെയായി ഒടുക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ പൊതു ഓവുചാലിലും തോടുകളിലും മാലിന്യം വലിച്ചെറിയുന്നവർക്കെതിരെയും മലിനജലം ഒഴുക്കുന്നവർക്കെതിരെയും, പൊതുസ്ഥലത്ത് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ളവ കത്തിക്കുന്നവർക്കെതിരെയും കർശന നിയമ നടപടി തുടർന്നു വരുന്നതാണ്. വീടുകളിലെ ഉറവിട മാലിന്യ സംസ്ക്കരണത്തിനായി 2023-24 വാർഷിക പദ്ധതിയിൽ ബയോബിന്നുകൾ, റിംഗ് കമ്പോസ്റ്റുകൾ എന്നിവ വിതരണം ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നുണ്ട്. നൽകിയിട്ടുണ്ട്

2016 ലെ മാലിന്യ പരിപാലന ചട്ടങ്ങൾക്കും നഗരസഭാ ഉപചട്ടത്തിനും വിധേയമായി ഖര - ദ്രവ മാലിന്യങ്ങളും, അറവു മാലിന്യങ്ങളും സി ആൻറ് ഡി വെയ്സ്റ്റ്, സെപ്റ്റേജ് വെയ്സ്റ്റ്, ഇ വെയ്സ്റ്റ്, അപകടകരമായ മാലിന്യങ്ങൾ എന്നിവ പരിപാലിക്കുന്നതിന് മുന്തിയ പരിഗണന നൽകി പ്രവർത്തിക്കാൻ സാധിച്ചാൽ മാത്രമേ വ്യവസായ വത്കരണവും ത്വരിതഗതിയിലുള്ള നഗരവത്കരണവും ഉണ്ടാക്കിയേക്കാവുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങൾക്കും മണ്ണിനും പ്രകൃതിക്കും അന്തരീക്ഷത്തിനും സർവ്വോപരി നമ്മുടെ ജലസമ്പത്തും മാലിന്യമുക്തമാക്കാൻ സാധിക്കുകയുള്ളൂ. വരും പദ്ധതികളിൽ മേൽ പറഞ്ഞ മാലിന്യ പ്രശ്ന പരിഹാരത്തിന് ഉതകുംവിധം പ്രോജക്റ്റുകൾ തയ്യാറാക്കാം.

**14ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ**

1. ഗാർഹിക ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ എല്ലാ കുടുംബങ്ങളിലും ഏർപ്പെടുത്തുക.
2. നഗരസഭയുടെ ട്രഞ്ചിംഗ് യാർഡ് ചുറ്റു മതിൽ നിർമ്മിച്ചും നവീകരണ പ്രവർത്തനങ്ങൾ നടത്തിയും ശാസ്ത്രീയ മാലിന്യ സംസ്കരണ രീതിയിലേക്ക് മാറ്റുന്നതിന് ഉള്ള നടപടികൾ.
3. മാലിന്യ സംസ്കരണ പ്ലാൻറിൽ മോട്ടോർ, വാട്ടർ ടാങ്ക്, കുടിവെള്ള ലഭ്യത എന്നിവ ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടി.
4. വാർഡുകളിൽ നിന്ന് അജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും വാഹനം വാങ്ങൽ.
5. മുഴുവൻ വാർഡുകളിലും മിനി എം.സി.എഫ്. ഏർപ്പെടുത്തൽ.
6. പ്ലാസ്റ്റിക് ബദൽ ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കൽ.
7. ദ്രവ മാലിന്യ സംസ്കരണ പ്ലാൻറ് ഏർപ്പെടുത്തൽ.
8. ശാസ്ത്രീയ അറവുശാല സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തലും സംവിധാനം ഒരുക്കലും.

9. ശുചീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ശുചീകരണ വിഭാഗം ജീവനക്കാർക്ക് ടോയ്ലറ്റ് സൗകര്യമുള്ള റെസ്റ്റിംഗ് റൂമും സ്റ്റോക്ക് റൂമും ഏർപ്പെടുത്തൽ.

10. ഒ.ഡി.എഫ് നിലനിർത്തുന്നതിന് ചെറുപട്ടണങ്ങൾ ഉൾപ്പെടെയുള്ള പൊതു സ്ഥലങ്ങളിൽ ആവശ്യമായ ശൗചാലയ നിർമ്മാണം, പരിപാലനം.

11. നഗരസഭാ കാര്യാലയത്തിൽ നാപ്കിൻ വെൻറിംഗ് മെഷീനും ഡിസ്ട്രോയറും സ്ഥാപിക്കൽ.

12. ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഹരിത പെരുമാറ്റചട്ടം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പരിശീലനം സംഘടിപ്പിക്കൽ.

13. ഖരമാലിന്യ സംസ്കരണ പ്ലാൻറിൽ ക്രഷിംഗ് മെഷീൻ, മോട്ടോർ ഘടിപ്പിച്ച അരിപ്പ എന്നിവ ഉറപ്പു വരുത്തി കമ്പോസ്റ്റ് നിർമ്മാണം ശാസ്ത്രീയമായി മാറ്റലും.

14. ജല സ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം തടയുന്നതിന് ഫെൻസിംഗ് സംവിധാനം ഏർപ്പെടുത്തലും നിലവിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യലും.

15. സി.സി.ടി.വികൾ സ്ഥാപിച്ച് പൊതു സ്ഥലമാലിന്യ നിക്ഷേപം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ

# പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | ശുചിത്വ മാലിന്യ സംസ്കരണം | ഗാർഹിക മാലിന്യ സംസ്കരണം | നഗരസഭ പരിധി | | √ | | മാലിന്യ സംസ്കരണഉപാധികളുടെ അഭാവം,ജനങ്ങളുടെ നിസ്സഹരണം | മാലിന്യ സംസ്കരണ ഉപാധികൾ എല്ലാ വീടുകളിലും ഉറപ്പാക്കുക | | | |
| 2 | ശുചിത്വ മാലിന്യ സംസ്കരണം | വ്യാപാരസ്ഥാപനങ്ങളുടെമാലിന്യസംസ്ക്കരണം | ടൗണുകൾ | | √ | | മാലിന്യ സംസ്കരണഉപാധികളുടെ അഭാവം,വ്യാപാരികളുടെ മനോഭാവം | ഉറവിടത്തിൽ മാലിന്യങ്ങൾ വേർതിരിച്ച് തന്നെ കൈ മാറുക | | | |
| 3 | ശുചിത്വ മാലിന്യ സംസ്കരണം | അറവ് മാലിന്യ പ്രശ്നങ്ങൾ | നഗരസഭ പരിധി | | √ | | ആധുനിക അറവു ശാലകളുടെ അഭാവം | സ്ഥലം കണ്ടെത്തുന്നതിന് സാധിച്ചിട്ടില്ല. | | | |
| 4 | ശുചിത്വ മാലിന്യ സംസ്കരണം | ട്രഞ്ചിംഗ് ഗ്രൗണ്ട് സുരക്ഷ | അത്തിത്തട്ട് | | √ | | സുരക്ഷിതമായ ചുറ്റുമതില്ല | ചുറ്റുമതിൽ നിർമ്മാണം അടിസ്ഥാന സൗകര്യമൊരുക്കൽ | | | |
| 5 | ശുചിത്വ മാലിന്യ സംസ്കരണം | ഹെൽത്ത് സ്ക്വാഡിന് വാഹനം ഇല്ല | നഗരസഭ പരിധി | | √ | | രാത്രികാല പരിശോധന ഉൾപ്പെടെ നടത്തുന്നതിന് സാധിക്കുന്നില്ല | വാഹന സൗകര്യം ഉറപ്പാക്കുക | | | |

# വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | 'മേഖല/ ഉപമേഖല' | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘക്കാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്ന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ശുചിത്വ മാലിന്യ സംസ്കരണം | ജൈവ അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ വേർതിരിക്കുകയും മാലിന്യ പരിപാലന നിയമപ്രകാരം അജൈവ പാഴവസ്തുക്കൾ ഏജൻസിക്ക് കൈമാറുകയും ജൈവമാലിന്യം സ്വന്തമായി സംസ്ക്കരിക്കുകയും ചെയ്യുന്നതിലൂടെ മാലിന്യ മുക്ത നഗര സൃഷ്ടിയായി മാറുന്നു | | വ്യാപാരസ്ഥാപനങ്ങളുടെയും പൊതു ജനങ്ങളുടെയും സഹകരണം പൂർണ്ണ തോതിൽ എത്തിക്കാൻ സാധിച്ചിട്ടില്ല.50 ശതമാനത്തിൽ താഴെയുള്ളവർ മാത്രമേ പദ്ധതിയുമായി സഹകരിക്കുന്നുള്ളു. | നൂറ് ശതമാനം മാലിന്യമുക്ത നഗര സൃഷ്ടി | ജനകീയ പങ്കാളിത്തത്തോടെ മാലിന്യ പരിപാലനം സാർവത്രികമാക്കുക | 1.മാലിന്യ ശേഖരണത്തിന് ഡിജിറ്റലൈസേഷൻ.<br>2.പൊതുജനങ്ങൾക്ക് മാലിന്യപരിപാലന നിയമങ്ങൾ സംബന്ധിച്ചുള്ള അറിവ് ഉറപ്പ് വരുത്തൽ.<br>3.ഗ്രീൻ ട്രിബ്യൂണൽ നിർദേശത്തിന് വിധേയമായി നഗരസഭ പരിധിയിൽ എസ്,ടി.പി സംവിധാനം ഉറപ്പ് വരുത്തൽ.<br>4.സി.ഡി വേസ്റ്റ്,സെപ്റ്റേജ് വേസ്റ്റ്,ഇ വേസ്റ്റ് തുടങ്ങിയവ സംസ്കരിക്കുന്നതിന് ജില്ലാ കേന്ദ്രങ്ങളുമായുള്ള സഹകരണം |

# 11.വിദ്യാഭ്യാസം,കലയും,സംസ്കാരവും, കായികം,യുവജനകാര്യം

പദ്ധതിയാസൂത്രണങ്ങൾ ഭരണാസിരകേന്ദ്രങ്ങളിൽ രൂപംകോണ്ട് വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കി വന്നിരുന്ന രീതികൾ ജനകീയാസൂത്രണ ആവീർഭാവത്തോടെ ജനകീയമാവുകയും ആസൂത്രണവും നിർവ്വഹണവും പരിപൂർണ്ണ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുകവഴി വികസന പ്രശ്നങ്ങളും സാധ്യതകളും പ്രാദേശികാവശ്യങ്ങളും മറ്റാരേക്കാളും അറിയാവുന്ന പ്രാദേശിക ഗവൺമെൻറുകളിൽ നിക്ഷ്പതമായതോടെ വിവകസ പ്രക്രിയകൾക്ക് പുത്തൻ ഉണർവ്വും ദിശാബോധവും കൈവന്നു പൊതുവിദ്യാഭ്യാസ മേഖലയും കലാകായിക സാംസ്കാരിക മേഖലയും യുവജനകാര്യ മേഖലയും കൈവരിച്ച വികസന നേട്ടങ്ങളും ശ്ലാഘനീയമാണ് . 2015 ൽ കീഴൂർ-ചാവശ്ശേരി പഞ്ചായത്ത് ഇരിട്ടി മുൻസിപാലിറ്റിയായി പരിവർത്തനപ്പെട്ടപ്പോൾ നമ്മുടെ ഗ്രാമീണമേഖലകൾ ഉൾപ്പെടെ പൊതു വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടവും പുരോഗതിയും ചെറുതല്ല.

നഗരസഭാ പരിധിയിലുണ്ടായിരുന്ന രണ്ട് ഹൈസ്കൂളുകളും ഹയർസെക്കൻററി വിദ്യാലയങ്ങളായി മാറി എന്നു മാത്രമല്ല അടിസ്ഥാന വികസന സൗകര്യത്തിലും വിദ്യാഭ്യാസ നിലവാരത്തിലും ജനകീയാമായ മുന്നേറ്റം കൈവരിച്ചു .ഭൗതിക സാഹചര്യങ്ങളുടെ വികസനത്തോടൊപ്പം പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും നമ്മുടെ മികവിൻറെ കേന്ദ്രങ്ങളായി മാറിക്കോണ്ടിരിക്കുന്നു.സെക്കൻററി വിദ്യാഭ്യാസ രംഗത്ത് നാമമാത്രമായ വിജയ നിലവാരം പുലർത്തിയിരുന്ന നമ്മുടെ വിദ്യാലങ്ങൾ ഇന്ന് നൂറുമേനി വിജയം പ്രാപ്തമാകുന്ന നിലയിലേക്ക് എത്തപ്പെടുകയാണ്.നഗര സഭാ പരിധിയിൽ ഓല ഷെഡ്ഡിൽ ഹൈസ്കൂളായി പ്രവർത്തിച്ചിരുന്ന ചാവശ്ശേരി ഹൈസ്കൂൾ ഇന്ന് ആധുനിക സൗകര്യത്തോടെ മെച്ചപ്പെട്ട കെട്ടിടങ്ങളിൽ പരമാവധി അടിസ്ഥാന സൗകര്യങ്ങളോടെ ഹയർസെക്കൻററി വിദ്യാലയമായി പ്രവർത്തിക്കുന്നു. സർക്കാർ മേഖലയിലുള്ള ഉളിയിൽ ഗവ.യു.പി സ്കൂളിൻറെ ഭൗതിക സാഹചര്യവും പഠന നിലവാരവും ഉന്നതശ്രേണിയിലാണ് .

നഗരസഭാ പരിധിയിലുള്ള 14 വിദ്യാലയങ്ങളിൽ 12 എണ്ണവും എയ്ഡഡ് വിദ്യാലയങ്ങളാണെങ്കിലും അടിസ്ഥാവികസനത്തിലും അക്കാഡമിക് നിലവാര മികവിലും ശ്രേദ്ധയമായ നേട്ടവും പുരോഗതിയും കൈവരിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ് എന്നാൽ സുഖാര്യമേഖലയിലുള്ള വിദ്യാലയങ്ങൾക്ക് നാം പ്രതീക്ഷിക്കുന്ന മുന്നേറ്റം കാഴ്ച വെക്കുവാൻ പരിമിതികളുണ്ടെന്നകാര്യവും വിസ്മരിച്ചുകൂടാ നമ്മുടെ പൊതുമേഖല വിദ്യാലയങ്ങൾക്ക് ഭീക്ഷണിയായി ആധുനികസൗകര്യങ്ങളോടെ പ്രവർത്തന സജ്ജമാക്കുന്ന അൺ എയ്ഡഡ് വിദ്യാലങ്ങളും നഗരസഭാ പരിധിയിൽ വിരളമല്ലന്നുള്ളതും നാം പരിഗണിക്കേണ്ട കാര്യമാണ്.

പൊതു വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ പ്രവേശനം മെച്ചപ്പെട്ട രീതിയിൽ പുരോഗമിക്കുന്നു എന്ന് മാത്രമല്ല പഠന നിലവാരവും വിജയ ശതമാനവും ക്രമാനുഗതമായി വർദ്ധിച്ചുക്കോണ്ടിരിക്കുന്നു എന്നതും തർക്കിക്കാത്ത കാര്യമാണ് കഴിഞ്ഞ കാലഘട്ടങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസ രംഗത്ത് നാം വരുത്തിട നൂതനാശയങ്ങളും

സാങ്കേതിക വിദ്യയും അടിസ്ഥാന വികസനവും മെച്ചപ്പെട്ട പാഠ്യതേര പ്രവർത്തനങ്ങളും പോഷകാഹാര പദ്ധതികളും നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്ക് കരുത്തും ഒജസ്സും പ്രധാനം ചെയ്തിട്ടുണ്ട് .എസ്.എസ്.എൽ സി പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ മെച്ചപ്പെട്ട ഉച്ചഭക്ഷണ വിതരണം സൗജന്യ സ്കൂൾ യൂണിഫോം, പോഷാകാഹാര വിതരണം തുടങ്ങി ഒട്ടനവധി പദ്ധതികൾ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞകാലങ്ങളിലുണ്ടായ കൊഴിഞ്ഞുപോക്കുപോലുള്ള പ്രവണതകളെ ഇല്ലാതാക്കി എന്നതും തർക്കമില്ല.

കോവിഡ് മഹാമാരി നമ്മുടെ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തനങ്ങളെ ഗണ്യമായി ബാധിച്ചു എങ്കിലും ഓൺലൈൻ പഠനപ്രവർത്തനങ്ങളും കാര്യക്ഷമമായ ഇടപെടലുകളും വീടാണ് വിദ്യാലയം പദ്ധതിയും ചെറിയ ഒരു ആശ്യാസമായി പരിണമിച്ചിട്ടുണ്ട്.പ്രീ പ്രൈമറി തലം പ്രത്യേകം ഊന്നൽ നൽകി പരിഗണിച്ചു വരുന്നതും ഇംഗ്ലിഷ് ഭാഷ പഠനം 1-ാംതരം മുതൽ ആരംഭിക്കുന്നതും അൺ എയ്ഡഡ് മേഖലകളിലേക്കുള്ള വിദ്യാർത്ഥി പ്രവാഹത്തിൽ വിലങ്ങു തടിയായിട്ടുണ്ട് .ഉന്നത വിദ്യാഭ്യാസ മേഖലയിൽ നമ്മുക്ക് വേണ്ടത്ര ഉണ്ടാക്കാൻ സാധിച്ചില്ല എന്നത് വസ്തുതയാണ് ഇരിട്ടി മഹാത്മഗാന്ധി കോളേജ് ഒഴിച്ചാൽ സർക്കാർ മേഖയിലോ എയ്ഡഡ് മേഖയിലോ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലെങ്കിലും സ്വാശ്രയ മേഖലയിൽ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.ബിരുദബിരുദാനന്തര മേഖയിലും ശാസ്ത്രീയ സാങ്കേതിക രംഗത്തും മലയോര കുടിയേറ്റ മേഖലയുടെ സ്ഥിരാ കേന്ദ്രമായ ഇരിട്ടിയിൽ ഉന്നത നിലവാരത്തിലുള്ള വിദ്യാലയങ്ങൾ നമുക്ക് അനിവാര്യമാണ്.

പൊതു വിദ്യാഭ്യാസ രംഗത്തോടൊപ്പം തുടർ സാക്ഷരത പ്രവർത്തളിലും തുല്യത പഠനത്തിനും നമ്മുക്ക് മുന്നേറ്റം കാഴ്ചവെക്കുവാൻ കഴിഞ്ഞിട്ടുണ്ട് .പട്ടികജാതി പട്ടിക വർഗ്ഗ പുനരധിവാസ കോളനികളുൾപ്പെടെ എണ്ണൂറ്റി പത്തോളം കോളനികൾ സ്ഥിതി ചെയ്യുന്ന ഇരിട്ടി നഗരസഭയിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം ആശാവഹമല്ല എന്നത് ഗൗരവമായി പരിഗണിക്കേണ്ടതാണ്.നമ്മുടെ വിദ്യാലയങ്ങൾ അംഗപരിമിത സൗഹൃദ വിദ്യാലയങ്ങളാക്കി മാറ്റുന്നതോടൊപ്പം പ്രത്യേക പരിഗണന വിഭാഗത്തേയും പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികളേയും സമൂഹത്തിലെ ദുർബല വിഭാഗം വിദ്യാർത്ഥികളേയും പൊതു വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനും കൊഴിഞ്ഞുപോക്ക് പരിപൂർണ്ണമായും ഇല്ലാതാക്കി സമൂഹത്തിൻറെ മുഖ്യധാരയിൽ എത്തിക്കുന്നതിനും നൂതന നടപടികൾ .

പഠന മേഖലയിലെ മുന്നേറ്റത്തോടൊപ്പം പാഠ്യതേര മേഖലയിലും ആശാവഹമായ പുരോഗതി കൈവരിക്കുന്നതിന് പദ്ധതികളും പ്രവർത്തനങ്ങളും അനിവാര്യമാണ് .കലാകായിക കേന്ദ്രങ്ങളും സാംസ്കാരിക സ്ഥാപനങ്ങളും,വായനശാലകളും ഗ്രന്ഥാലയങ്ങളും ആധുനികവൽക്കരിക്കുകയും കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിന് പ്രാപ്തമാക്കേണ്ടതാണ്. വിദ്യാഭ്യാസ മേഖലയിൽ നഗരസഭയുടെ പദ്ധതികൾ നടപ്പിലാക്കുന്നത് ചാവശ്ശേരി ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാളാണ്. വിദ്യാലയങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മരാമത്ത് പ്രവർത്തികൾക്കും ഫണ്ട് വകയിരുത്തിവരുന്നുണ്ട്. സതുടർ സാക്ഷരതാ പ്രവർത്തനങ്ങൾ, കേരളോത്സവം വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, പത്ത് പന്ത്രണ്ട് ക്ലാസുകളിലെ

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യക ക്ലാസുകൾ, സ്പോട്സ് കിറ്റ് വിതരണം എന്നിവ ഈ വർഷത്തെ പ്രധാന പദ്ധതികളാണ്

പഠനം സർഗ്ഗാത്മകത പ്രധാനം ചെയ്യുന്നു.സർഗ്ഗാത്മകത ചിന്തയിലേക്ക് നയിക്കുന്നു. ചിന്ത അറിവു പകരുന്നു, അറിവ് നമ്മളെ മഹാത്മവാക്കുന്നു.മഹാത്മാക്കളെ വാർത്തേടുക്കുവാൻ നമുക്ക് ഒന്നായ് മുന്നേറാം

1. നഗരസഭാ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനം2. നന്മയുള്ള നാലാതരം പദ്ധതി
3. കുട്ടികൾക്ക് നീന്തൽ പരിശീലനം
4. യുവതി യുവാക്കൾക്ക് നീന്തൽ പരിശീലനം
5. യുവതി യുവാക്കൾക്കും കുട്ടികൾക്കും കളരി, തൈക്കോണ്ട, കരാട്ടെ പരിശീലനം
6. യോഗ പരിശീലനം
7. തുല്യതാ തുടർ വിദ്യാഭ്യാസ പദ്ധതി.
8. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി.
9. പഠന വൈകല്യം നേരിടുന്ന കുട്ടികൾക്ക് ക്ലിനിക്ക്
10. സ്കൂൾ ലൈബ്രറികളിലേക്കും പബ്ലിക്ക് ലൈബ്രറികളിലേക്കും പുസ്തകം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ
11. നഗരസഭാ ലൈബ്രറികൾ കമ്പ്യൂട്ടർ വത്കരിക്കൽ
12. സ്കൂളുകളിൽജൈവവൈവിധ്യ ഉദ്യാനം
13. എല്ലാ സ്കൂളിലും വായനാ കോർണർ.
14. കായിക ശേഷി വർദ്ധിപ്പിക്കാൻ ഫുട്ബോൾ കളരി പരിശീലനം.
15. മുനിസിപ്പൽ തലത്തിൽ സപോർട്ട്സ് ടീം .
16. സ്കൂളുകളിൽ ജൈവമാലിന്യസംസ്കരണ പഠന പദ്ധതി.
17. കാർഷിക സംസ്കാരം വളർത്തിയെടുക്കാൻ സ്കൂളിൽ കർഷക ക്ലബ്ബുകൾ.
18. എല്ലാ സ്കൂളിലും ഇംഗ്ലീഷ്, ഹിന്ദി ലാഗ്വേജ് ലാബുകൾ.
19. ഗണിതാഭിരുചി വർദ്ധിപ്പിക്കാൻ ങമവേ ഹമയ കൾ.
20. യുവാക്കൾക്ക് കരിയർ ഫെസിലിറ്റേഷൻ സെൻറർ.
21. നാടൻകലകളെ പ്രൊത്സാഹിപ്പിക്കാൻ ഫോക്ലോർ ക്ലബ്ബുകൾ.
22. ട്രൈബൽ മൾട്ടി ഡെവലപ്പ്മെൻറ് സെൻറർ .
23. ഭിന്നശേഷി കുട്ടികൾക്ക് വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെൻററുകൾ.
24. കേരളോത്സവം സംഘടിപ്പിക്കുക
25. കലാകായിക താരങ്ങൾക്ക് പരിശീലനം നൽകുക
26. പൊതുവിദ്യാലയങ്ങളിലേ പ്രീപ്രൈമറി കുട്ടികളുടെ അഡ്മിഷൻ കുറവാണ് കുട്ടികളെ പൊതു വിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നതിന് വേണ്ടിയുള്ള ഭാവന പൂർണ്ണമായ. പദ്ധതികൾ ഉടൻ നടപ്പിലാക്കുക.
27. ഒരു വാർഡിൽ ഒരു ലൈബ്രറി എന്ന ലക്ഷ്യത്തോടെ നഗരസഭയിലെ 33 വാർഡ്കളിലും ലൈബ്രറി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നേതൃത്വം നൽകുകയും നിലവിൽ പ്രവർത്തിക്കുന്ന ലൈബ്രറിളെ ലൈബ്രറി കൗൺസിൽ അംഗീകരം

നേടിയെടുക്കുന്നതിന്  ആവശ്യമായ സഹായങ്ങൾ ചെയ്യുക ആവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിന്ന് സഹായം നൽകുക.

28. **Carrier and Facilitation Center** ആരംഭിക്കുക തൊഴിലായിമ നിർമാർജനം ചെയ്യുന്നതിന് **Carrier Center** അത്യാവിശ്യമാണ്.

29. സ്കൂൾതലത്തിൽ കുട്ടികൾക് സൗജന്യമായി കൗൺസിൽ നൽകുക .പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ പ്രാപ്തരാക്കുക.

30. നാടൻ കലാരൂപങ്ങളെ പ്രേത്സാഹിപ്പിക്കുന്നതിന് **Folklore Acadamy** സ്ഥാപിക്കും.

31. പുതിയ പ്രഫഷണൽ കോളേജുകൾ ആരംഭിക്കുക 12 കഴിഞ്ഞ കുട്ടികൾക് തുടർ വിദ്ധ്യാഭ്യാസം ഉറപ്പവരുത്തുക.

32. എസ്.സി/എസ്.ടി കോളനികളെ കേന്ദ്രീകരിച്ച്  വിദ്ധ്യാഭ്യാസ മേഖലയേ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക **Coaching Center,Counciling center** എന്നിവ ആരംഭിക്കുക.

33. യുവതലമുറയുടെ കായികശേഷി വർദ്ദിപ്പിക്കുന്നതിനും പ്രേത്സാഹിപ്പിക്കുന്നതിനും യുവജന ക്യാമ്പുകളുടെ പ്രവർത്തനങ്ങൾ കാർഷികമാക്കുന്നതിന് സഹായങ്ങൾ നൽകുക. യുവജനങ്ങൾക് കായിക പരിശീലനങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്ന തരത്തിൽ.

34. ശാസ്ത്രീയ പഠനം സുഖകരമാക്കുന്നതിനും പരിസ്ഥിതി സൗഹൃത വിദ്ധ്യലയം പടുത്തുയുർത്തുക എന്ന ലക്ഷ്യത്തോടെ മുഴുവൻ വിദ്ധ്യലയങ്ങളിലും ജൈവ വൈവിധ്യ പാർക്ക് സ്ഥാപിക്കുന്നതിന് സഹായങ്ങൾ നൽകുക.

# വിദ്യാഭ്യാസം - അവസ്ഥാ വിശകലനം അടിസ്ഥാന വിവരങ്ങൾ

കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം | സ്കൂളിൻറെ പേര് | ആൺകുട്ടികൾ | | | പെൺകുട്ടികൾ | | | ആകെ | | | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ | | മാനസിക വെല്ലുവിളികൾ നേരിടുന്നവർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ജനറൽ | എസ്.സി | എസ്.റ്റി | ജനറൽ | എസ്.സി | എസ്.റ്റി | ജനറൽ | എസ്.സി | എസ്.റ്റി | ആൺകുട്ടികൾ | പെൺകുട്ടികൾ | ആൺകുട്ടികൾ | പെൺകുട്ടികൾ |
| 1 | വെളിയമ്പ്ര എൽ.പി. സ്കൂൾ | 106 | 1 | 3 | 133 | 3 | - | 239 | 4 | 3 | 3 | - | 1 | - |
| 2 | വി.യു.പി.എസ്. കീഴൂർ | 274 | 6 | 11 | 285 | 9 | 14 | 559 | 15 | 25 | 0 | 1 | 2 | 1 |
| 3 | ഉളിയിൽ സൗത്ത് എൽ.പി. സ്കൂൾ | 213 | 4 | 1 | 215 | 2 | 1 | 428 | 6 | 2 | 7 | 8 | - | - |
| 4 | ഇരിട്ടി എച്ച്.എസ്.എസ്. | 451 | 10 | 6 | 503 | 21 | 26 | 954 | 31 | 42 | 45 | 35 | 4 | 1 |
| 5 | ജി.എച്ച്.എസ്.എസ്., ചാവശ്ശേരി | 743 | 15 | 21 | 695 | 16 | 20 | 1438 | 31 | 41 | 13 | 7 | 9 | 3 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 6 | പുന്നാട് എൽ.പി.എസ്. | 46 | - | 1 | 35 | 5 | 3 | 81 | 1 | 1 | - | - | - | - |
| 7 | പി.കെ.കെ.എം.എ.എം. എൽ.പി.എസ്., | 77 | - | - | 82 | 1 | 1 | 159 | 1 | 1 | - | - | - | - |
| 8 | ചാവശ്ശേരി | 70 | - | 14 | 63 | - | 9 | 133 | - | 23 | 1 | 2 | - | 1 |
| 9 | ബി.എം.എൽ.പി.എസ്., വെളിയമ്പ്ര | 271 | 7 | - | 252 | 11 | - | 523 | 18 | - | 4 | 3 | 2 | - |
| 10 | മീത്തലെ പുന്നാട് യു.പി.എസ് | 10 | - | - | 26 | - | - | 36 | - | - | 1 | 2 | 1 | - |
| 11 | ഐ.ഐ.എം.എ., എൽ.പി.എസ്., | 28 | - | - | 27 | - | 1 | 55 | - | - | 1 | 2 | 1 | - |
| 12 | ഇരിട്ടി | 76 | 9 | 2 | 67 | 9 | 1 | 143 | 18 | 3 | 3 | 3 | 1 | 2 |
| 13 | എടക്കാനം എൽ.പി.എസ്. | 48 | - | - | 53 | 3 | - | 101 | 3 | - | 1 | - | 1 | - |
| 14 | പയഞ്ചേരി എൽ.പി.എസ്. | 21 | 2 | 1 | 24 | 2 | 1 | 45 | 4 | 2 | 9 | 5 | 7 | 2 |

## പ്രീപ്രൈമറി സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച വിവരം

| ക്രമ നം. | സ്കൂളിൻറെ പേര് | കളിക്കോപ്പുകൾ | പാർക്ക് | ശിശുസൗഹൃദ ക്ലാസ് മുറി | ശിശുസൗഹൃദ പഠനോപകരണങ്ങൾ | ശിശുസൗഹൃദ ഫർണിച്ചർ | ശിശുസൗഹൃദ ടോയ്ലറ്റുകൾ |
|---|---|---|---|---|---|---|---|
| 1 | വെളിയമ്പ്ര എൽ.പി. സ്കൂൾ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ആവശ്യമുണ്ട് | ആവശ്യമുണ്ട് |
| 2 | വി.യു.പി.എസ്. കീഴൂർ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 3 | ഉളിയിൽ സൗത്ത് എൽ.പി. സ്കൂൾ | ഇല്ല | ഇല്ല | ??????????? | ഇല്ല | ??????????? | ???????????????????? |
| 4 | ഇരിട്ടി എച്ച്.എസ്.എസ്. | | | | | | |
| 5 | ജി.എച്ച്.എസ്.എസ്., ചാവശ്ശേരി | | | | | | |
| 6 | പുന്നാട് എൽ.പി.എസ്. | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 7 | പി.കെ.കെ.എം.എ.എം. എൽ.പി.എസ്., | | | | | | |
| ചാവശ്ശേരി | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | ബി.എം.എ.പി.എസ്., വെളിയമ്പ്ര | കുറച്ച് | ??????? ??????? | 2 | കുറച്ച് | കുറച്ച് | 2 |
| 9 | മീത്തലെ പുന്നാട് യു.പി.എസ് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10 | ഐ.ഐ.എം.എ., എൽ.പി.എസ്., | | | | | | |
| ഇരിട്ടി | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | |
| 11 | എടക്കാനം എൽ.പി.എസ്. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 12 | പയഞ്ചേരി എൽ.പി.എസ്. | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |

**a\pjyhn`h hnhc§Ä**

| ക്രമ നം. | സ്കൂളിൻറെ പേര് | അധ്യാപകർ | | അപ്രൻറീസ് അധ്യാപകർ | | ശുചീകരണ തൊഴിലാളികൾ | | പാചക തൊഴിലാളികൾ | |
|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | ഇനി വേണ്ടത് | നിലവിലുള്ളത് | ഇനി വേണ്ടത് | നിലവിലുള്ളത് | ഇനി വേണ്ടത് | നിലവിലുള്ളത് | ഇനി വേണ്ടത് |
| 1 | വെളിയമ്പ്ര എൽ.പി. സ്കൂൾ | 11 | | | | - | 2 | 1 | 1 |
| 2 | വി.യു.പി.എസ്. കീഴൂർ | 23 | 4 | 4 | | - | 2 | 2 | 1 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | ഉളിയിൽ സൗത്ത് എൽ.പി. സ്കൂൾ | 20 | | | | - | - | 1 | - |
| 4 | ഇരിട്ടി എച്ച്.എസ്.എസ്. | 43 | | | | - | - | 2 | - |
| 5 | ജി.എച്ച്.എസ്.എസ്., ചാവശ്ശേരി | 55 | 3 | | | - | - | 2 | - |
| 6 | പുന്നാട് എൽ.പി.എസ്. | 6 | | | | - | 1 | 1 | - |
| 7 | പി.കെ.കെ.എം.എ.എം. എൽ.പി.എസ്., | | | | | - | - | 1 | - |
| ചാ വ ശ്ശേ രി | 13 | | | | | - | - | 1 | - |
| 8 | ബി.എം.എൽ.പി.എസ്., വെളിയമ്പ്ര | 8 | | | | - | 1 | 2 | - |
| 9 | മീത്തലെ പുന്നാട് യു.പി.എസ് | 24 | | | | - | - | 1 | - |
| 10 | ഐ.ഐ.എം.എ., എൽ.പി.എസ്., | | | | | - | - | - | - |
| ഇ | 5 | | | | | - | - | 1 | - |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| രിട്ടി | | | | | | | | | |
| 11 | എടക്കാനം എൽ.പി.എസ്. | 5 | | | | - | - | 1 | - |
| 12 | പയഞ്ചേരി എൽ.പി.എസ്. | 8 | 1 | | | - | 1 | 2 | - |

സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച വിവരം തുടർച്ച

| ക്രമ നം. | സ്കൂളിൻറെ പേര് | ക്ലാസ്മുറികളുടെ എണ്ണം | | കളിസ്ഥല സൗകര്യംഉണ്ടോ | കളിസ്ഥലം നിർമ്മിക്കാൻ ഭൂമി ലഭ്യമാണോ | ഓഡിറ്റോറിയം ഉണ്ടോ | കുട്ടികൾക്ക് ആവശ്യമായ കളി ഉപകരണങ്ങൾ ലഭ്യമാണോ | സ്റ്റേജ് | മൈക്ക് | കർട്ടൻ | നീന്തൽകുളം | ഫർണിച്ചറുകൾ | സ്കൂൾ വാഹനം ഉണ്ടോ | ചുറ്റുമതിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ളവ | ഇനി വേണ്ടവ | | | | | | | | | | | |
| 1 | വെളിയമ്പ്ര എൽ.പി. സ്കൂൾ | 13 | | ഉണ്ട് | അല്ല | ഇല്ല | അല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ആവശ്യമുണ്ട് | ഉണ്ട് | ഉണ്ട് |
| 2 | വി.യു.പി.എസ്. കീഴൂർ | 22 | 2 | ഉണ്ട് | അല്ല | ഇല്ല | അല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | ഉളിയിൽ സൗത്ത് എൽ.പി. സ്കൂൾ | 17 | | ??????????? | അല്ല | ഇല്ല | അല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ??????????? | ഉണ്ട് | ഉണ്ട് |
| 4 | ഇരിട്ടി എച്ച്.എസ്.എസ്. | 27 | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഭാഗികം |
| 5 | ജി.എച്ച്.എസ്.എസ്., ചാവശ്ശേരി | 36 | 9 | ഉണ്ട് | | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 6 | പുന്നാട് എൽ.പി.എസ്. | 8 | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല |
| 7 | പി.കെ.കെ.എം.എ.എം. എൽ.പി.എസ്., | | | | | | | | | | | | | ഉണ്ട് |
| ചാവശ്ശേരി | 11 | | ഉണ്ട് | | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8 | ബി.എം.എൽ.പി.എസ്., | 9 | 3 | ഇല്ല | ഇല്ല | ഇല്ല | കുറച്ച് | ഇല്ല | ഉ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വെളിയമ്പ്ര | | | | | | | | ണ്ട് | | | | | |
| 9 | മീത്തലെ പുന്നാട് യു.പി.എസ് | 22 | | ഉണ്ട് | ഇല്ല | ഉണ്ട് | ആവശ്യത്തിനില്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10 | ഐ.ഐ.എം.എ., എൽ.പി.എസ്., | | | | | | | | | | | | | ഇല്ല |
| ഇരിട്ടി | 8 | | ഉണ്ട് | | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 11 | എടക്കാനം എൽ.പി.എസ്. | 5 | | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 12 | പയഞ്ചേരി എൽ.പി.എസ്. | 12 | | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ശുചിമുറി സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം. | സ്കൂളിൻറെ പേര് | | | | | | |
|---|---|---|---|---|---|---|---|
| | | ക്ലാസ്മുറികളുടെ എണ്ണം | ടോയ്ലറ്റ് സൗകര്യം | ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ് | ഇനി വേണ്ടവ | നിലവിലുള്ളവ | ഇനി വേണ്ടത് |

| | | നിലവിലുള്ളവ | ഇനി വേണ്ടവ | നിലവിലുള്ളവ | പെൺ | ആൺ | പെൺ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | 7 | - | - | - | - |
| 1 | വെളിയമ്പ്ര എൽ.പി. സ്കൂൾ | 13 | | 7 | 3 | 4 | 4 | - | 2 |
| 2 | വി.യു.പി.എസ്. കീഴൂർ | 22 | 2 | 2 | 5 | 5 | 5 | - | 10 |
| 3 | ഉളിയിൽ സൗത്ത് എൽ.പി. സ്കൂൾ | 10 | 10 | 5 | 15 | 10 | 10 | - | 5 |
| 4 | ഇരിട്ടി എച്ച്.എസ്.എസ്. | 27 | | 18 | 24 | 25 | 10 | - | 5 |
| 5 | ജി.എച്ച്.എസ്.എസ്., ചാവശ്ശേരി | 36 | 9 | 1 | 3 | - | - | - | - |
| 6 | പുന്നാട് എൽ.പി.എസ്. | 8 | | 3 | 6 | - | - | - | - |
| 7 | പി.കെ.കെ.എം.എ.എം. എൽ.പി.എസ്., | | | | 3 | - | - | 1 | - |
| ചാവശ്ശേരി | 11 | | 6 | 6 | 17 | 1 | - | 1 | 2 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 8 | ബി.എം.എൽ.പി.എസ്., വെളിയമ്പ്ര | 9 | 3 | 2 | 1 | - | - | - | - |
| 9 | മീത്തലെ പുന്നാട് യു.പി.എസ് | 22 | | 6 | 1 | - | - | - | 1 |
| 10 | ഐ.ഐ.എം.എ., എൽ.പി.എസ്., | | | | 3 | 5 | 5 | 3 | 5 |
| ഇരി ട്ടി | 8 | | 2 | 1 | 2 | 1 | 1 | - | - |
| 11 | എടക്കാനം എൽ.പി.എസ്. | 5 | | 1 | 12 | - | - | 1 | - |

# വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | ‘മേഖല/ ഉപമേഖല‘ | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്ന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | | കോളേജുകളുടെ വർദ്ധനവ് | പ്രൊഫഷ്ണൽ കോളേജുകൾ | 1 | 10 | പഠന നിലവാരം മെച്ചപ്പെടുത്തുക തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക | Low colleges,Job oriented centre staminas hall തുടങ്ങുക |
| 2 | | സ്പോർട്സ് കോപ്ലക്സ് | കായിക വികസനം | 0 | 10 | കലാകായികശേഷി വർദ്ധിപ്പിക്കുക | |
| 3 | | carrer fecilitation centre | കോച്ചിംഗ് സെന്റർ | 0 | 20 | 5 | |
| 4 | | Hi tech liberary | ലൈബ്രറി | 7 | 33 | വാർഡ് തലത്തിൽ ഒരു ലൈബ്രറി,വായനാശീലം വളർത്തിയെടുക്കുക | നിലവിലെ ലൈബ്രറികൾ Hi tech ആയി ഉയർത്തി ആകർഷിക്കുന്ന രീതിയിലാക്കുക |

## പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം,വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തി | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | | carrer and employmeny fecilitation centre | വാർഡ്തലം | | | √ | തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു | √ | | √ | √ |
| 2 | | free counsiling for children | സ്കൂൾ തലം | | | √ | പ്രശ്നങ്ങളെ അഭിമുഖികരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | √ | | √ | √ |
| 3 | | folklore accadamy | നഗരസഭാതലം | | | √ | നാടൻകലാരൂപങ്ങളെപ്രോത്സാഹിപ്പിക്കുക | | | | |
| 4 | | ഖര/ദ്രാവക മാലിന്യ നിർമ്മാർജ്ജനം | സ്കൂൾ തലം മാലിന്യപ്ലാന്റുകൾ | | | √ | പരിസ്ഥിതി സംരക്ഷണം | √ | | √ | |

## വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | ‘മേഖല/ ഉപമേഖല‘ | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്ന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | | കോളേജുകളുടെ വർദ്ധനവ് | പ്രൊഫഷ്ണൽ കോളേജുകൾ | 1 | 10 | പഠന നിലവാരം മെച്ചപ്പെടുത്തുക തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക | Low colleges,Job oriented centre staminas hall തുടങ്ങുക |
| 2 | | സ്പോർട്സ് കോപ്ലക്സ് | കായിക വികസനം | 0 | 10 | കലാകായികശേഷി വർദ്ധിപ്പിക്കുക | |
| 3 | | carrer fecilitation centre | കോച്ചിംഗ് സെന്റർ | 0 | 20 | 5 | |
| 4 | | Hi tech liberary | ലൈബ്രറി | 7 | 33 | വാർഡ് തലത്തിൽ ഒരു ലൈബ്രറി,വായനാശീലം വളർത്തിയെടുക്കുക | നിലവിലെ ലൈബ്രറികൾ Hi tech ആയി ഉയർത്തി ആകർഷിക്കുന്ന രീതിയിലാക്കുക |

## 12.കുടിവെള്ളം

നമ്മുടെ നഗരസഭയിൽ നേരത്തെ അതി പ്രശ്നമായിരുന്നു കുടിവെള്ള പ്രശ്നം എന്നാൽ ഭരണ സ്മിതിയുടേയും ഗവൺമെൻറ് ഏജൻസികളുടേയും വാട്ടർ അതോററിറികളുടേയും എല്ലാ നിരന്തരമായ ശ്രമഫലമായി ഒരു പരിധിവരെ കുടി വെള്ളക്ഷാമം പരിഹരിക്കപ്പെട്ടിറ്റുണ്ട്

നേരത്തെ മാർച്ച്, ഏപ്രിൽ, മെയ് മാസത്തിനുള്ളിൽ കുടി വെള്ള വാഹനങ്ങളിൽ വിതരണം ചയ്യേണ്ടി വരുന്ന നിരന്തര പ്രശ്നങ്ങൾ ഉണ്ടായിരുന്നു എന്നാൽ ഇപ്പോഴും വാഹനങ്ങളിൽ കൂടി വെള്ളം വിതരണം ചെയ്യേണ്ടി വരുന്നുവെങ്കിലും വലിയ കുറവ് വരുത്തുവാൻ കഴിഞ്ഞിറ്റുണ്ട് പുതിയ കിഫ്ബി പദ്ധതിയും അമൃത പദ്ധതിയും നടപ്പിലാവുന്നതോടെ കുടിവെള്ള പ്രശ്നം പരിഹചരിക്കപെടുമെന്ന് പ്രതീക്ഷിക്കുന്നു

ഇരിട്ടി താലൂക്ക് ആശുപത്രിയിൽ അതിനോട് കൂടി വെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടാനുള്ള പദ്ധതിയും നടപ്പിലായി വരുന്നുണ്ട്

## വാട്ടർ അതോററ്റി പദ്ധതികൾ

നിലവിൽ നഗരസഭയിൽ, ചാവശ്ശേരി ,കീഴൂർ, വില്ലേജുകളിലും പായം വില്ലേജിൻറെ ഭാഗമായി എടക്കാനം പ്രദേശത്തുമായി വരുന്ന ഭാഗങ്ങളിൽ ചില പ്രദേശം കുടിവെള്ളക്ഷാമം നേരിടുന്നവയാണ് അത്തരം പ്രദേശങ്ങളിൽ കിണറുകളും മറ്റും സ്ഥാപിച്ചു പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിച്ചും കുറേ പ്രദേശങ്ങളിൽ പ്രശ്നപരിഹാരം ഉണ്ടായിണ്ടുണ്ട് പൊതു ടാപ്പുകൾ വഴി ജനങ്ങൾ സ്വന്തം നിലയിൽ കണക്ഷൻ തേടി കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വഴി കണ്ടെത്തുന്നനിലയുണ്ട്

ഇരിട്ടി നഗരസഭയും മട്ടന്നൂർ നഗരസഭയും ചേർന്നുള്ള 76 കോടി രൂപമുടക്കിയുള്ള കിഫ്ബി പദ്ധതയിൽപെട്ട കുടിവെള്ള പദ്ധതി പ്രവർത്തനം ദ്രുത ഗതിയിൽ നമ്മുടെ നഗരസഭയിൽ നടത്തിവരുന്നുണ്ട് വാട്ടർ ടാങ്ക് നിർമ്മാണം ,പൈപ്പ് സ്ഥാപിക്കൽ എല്ലാം അന്തിമഘട്ടത്തിലാണ് ഈ പദ്ധതി യാഥാർത്ഥമാവുന്നതൊടെ നമ്മുടെ കുടിവെള്ള ക്ഷാമം മിക്കവാറും പരിഹരിക്കപ്പെടും .

വേനൽക്കാലത്ത് പല പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമാവാറുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ടാങ്കർ ലോറികളിൽ നഗരസഭ കുടിവെള്ളം എത്തിച്ചു നൽകാറുണ്ട്. എന്നാൽ ഈ പ്രശ്നത്തിന് ശ്വാശ്വതമായ പരിഹാരമാണ് നമുക്കാവശ്യം. അതിലേക്കായി കിണർ റീച്ചാർജിംഗിന് നല്ല രീതിയിൽ തന്നെ ഫണ്ട് വകയിരുത്തേണ്ടതുണ്ട്. 2023-24 വർഷത്തിൽ 10 കുടിവെള്ള പദ്ധതികളാണ് നഗരസഭ നടപ്പിലാക്കി വരുന്നത്.

1 എല്ലാ അംഗൻവാടികളിലും കുടിവെള്ളം എത്തിക്കൽ.

2 നഗരസഭാപരിധിയിൽവരൾച്ചഅനുഭവപ്പടുന്നപ്രദേശങ്ങളിൽപൊതുടാപ്പുകളോ, കുടിവെള്ളംഎത്തിക്കാനുള്ളമറ്റ്പദ്ധതികളോനടപ്പിലാകുക.

3 കുളങ്ങൾതോടുകൾനീർകെട്ടുകൾഎന്നിവസംരക്ഷിച്ചവരൾച്ചതടയുകയുംകുടിവെള്ളലഭ്യതഉറപ്പുരുത്തുകയുംചെയ്യുക

4പൊതുകിണറുകൾവൃത്തിയാക്കികുടിവെള്ളക്ഷാമംപരിഹരിക്കുക

# 13.പാർപ്പിടം

ഇരിട്ടിനഗരസഭകീഴുർചാവശ്ശേരിഎന്നീരണ്ട്വില്ലേജുകളുംപായംവില്ലേജിൻറെഎടക്കാനംദേശ വുംഉൾപ്പെടുന്നതാണ് 2015നവംബർ1 മുതൽ നഗരസഭയായി പ്രവർത്തിച്ചുവരുന്നു.പഞ്ചായത്ത് ആയി പ്രവർത്തിച്ചുവന്നിരുന്ന കാലം മുതൽ ഭവന നിർമ്മാണം പരമ്പരാഗത വാസ്തു ശില്പരീതികൾ തന്നെയാണ് പി ന്തുടർന്ന്വന്നതെങ്കിലും ഗൾഫ്മേഖലയുടെ സ്വാധീനവുംഉദ്യോഗസ്ഥരിലും സാധാരണക്കാരിലും ഉണ്ടായിട്ടുള്ള സാമ്പത്തിക അഭിവൃദ്ധിയും മാറ്റങ്ങൾവരൻ ഇടയാക്കിയിട്ടുണ്ട് ഉൽപ്പാദനമേഖലയിലും മറ്റുംമുടക്കിക്രിയാത്മകമായി തിരിച്ചുവിടേണ്ടപണം മരവിപ്പിക്കുന്നതിനുംനിഷ്ക്രിയമായി പോകുന്നതിനും ആർഭാടമായി വീട് നിർമ്മാണരീതി ഇടയാക്കിയിട്ടുണ്ട് എന്നകാര്യംഖേദകരമാണ്. ഇത്തരത്തിലുള്ളപ്രവർത്തനം കാരണംവീട് നിർമ്മാണ സാധനസാമഗ്രികൾക്ക്ക്ഷാമവും വിലവർദ്ധനവുംകൂലിവർദ്ധനവും വലിയരീതിയിൽ ഉണ്ടാക്കുന്നതിന് കാരണമാകുന്നുണ്ട് .വീട്നമ്മുടെ ആവശ്യത്തിന് എന്നതിനപ്പുറം ചിന്തിക്കുന്ന രീതിയാണ് ണ്ട്വരുന്നത്. വീട്നിർമ്മാണത്തിന് ആവശ്യമായക രഭൂമിലഭിക്കാതെവരുന്നത് നമ്മുടെ പ്രദേശങ്ങളിലുണ്ടായിരുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും വീട്നിർമ്മാണത്തിനുപയോഗപെടുത്തുന്ന സാഹചര്യവും ഉണ്ട് .ഭവന നിർമ്മാണരംഗത്ത് വിവിധ ഹൌസിംഗ് സൊസൈറ്റികളെയും ബേങ്കുകളെയുമാണ് ജനങ്ങൾ ആശ്രയിച്ചിരുന്നത്.

എന്നാൽ അമിതമായ പലിശയും ജാമ്യവ്യവസ്ഥിതിയും ബേങ്ക്വായ്പ്പ ലഭിക്കുന്നതിന് തടസ്സമായിരുന്നു.ത് സാധാരണക്കാരെയും പാവപ്പെട്ടവരെയും വളരെ അധികം ബാധിക്കാറുണ്ടായിരുന്നു എന്നാൽ ഒമ്പതാം പഞ്ചവത്സര പദ്ധതി കാലംതൊട്ട് SC ST വിഭാഗങ്ങളെയും ന്യൂനപക്ഷങ്ങളെയും പാവപ്പെട്ടവരെയും ലക്ഷ്യം വെച്ചുകൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകളും ത്രിതലഭരണ സംവിധാനവും നടപ്പിലാക്കിയ ഇന്ദിരആവാസ്യോജന EMS ഭവനപദ്ധതി, പ്രധാനമന്ത്രി ആവാസ് യോജന, ലൈഫ്മിഷൻ, തനത്ഫണ്ട് ക്രഡിറ്റ്കം ലിങ്ക് ലോൺ പദ്ധതി തുടങ്ങിയവയിലൂടെ വീട് നിർമ്മാണ രംഗത്ത് മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട് .ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ തുടക്കത്തിൽ വീട്ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 254 ആയിരുന്നു പിന്നീടത്അധികരിച്ചു വന്നിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സരകാലത്തു് തയ്യാറാക്കിയ DPR ൽ ഉണ്ടായിരുന്ന അർഹത പെട്ട മുഴുവൻ കുടുംബങ്ങൾക്കും വീട്നിർമ്മാണത്തിനുള്ള സഹായം നൽകാൻ സാധിച്ചിട്ടുണ്ട്.1995 കാലഘട്ടത്തിൽ അന്നത്തെ കീഴുർചാവശ്ശേരി ഗ്രാമപഞ്ചായത്തിൽ 13വാർഡുകളിലായി 5511 വീടുകളാണുണ്ടായിരുന്നത്,അതിൽ ഓലകുടിലുകളുടെ എണ്ണം368ഉം മറ്റ്കുടിലുകൾ 550ഉം ആണ്ഉണ്ടായിരുന്നത്.ഓടിട്ടവീടുകളുടെഎണ്ണം3872ഉം കോൺഗ്രീറ്റ്വീടുകളുടെ എണ്ണം716ഉം

ആയിരുന്നു. എന്നാൽ ഇന്ന് ഓലകുടിലുകൾ പൂർണ്ണമായും ഇല്ലാതാവുകയും ഓടിട്ടവീടുകളുടെഎണ്ണംകുറഞ്ഞുവരുകയും കോൺഗ്രീറ്റ് വീടുകളുടെ എണ്ണം വളരെ അധികം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളുടെ എണ്ണം വർദ്ധിക്കാനുണ്ടായ കാരണങ്ങളിൽ പ്രധാനമായും കൂട്ടുകുടുംബവ്യവസ്ഥിതിയിൽനിന്നും അണുകുടുംബ വ്യവസ്ഥിതിയിലേക്ക് ആളുകൾ മാറി എന്നുള്ളതുമാണ് പുതിയ കണക്കനുസരിച്ച്സ്വന്തമായിപാർപ്പിടമില്ലാത്ത കുടുംബങ്ങൾഇനിയും ഉണ്ടാരുന്ന പദ്ധതിയിൽ പാർപ്പിടമേഖലക്ക് പ്രത്യേക പരിഗണന നൽകി വീടില്ലാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്,

1. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുബങ്ങൾക്ക് വീട് റിപ്പയർ പദ്ധതി
2. സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചുള്ള ഭവന പദ്ധതി
3. ഭൂരഹിത- ഭവന രഹിതർക്കുള്ള ഭവന പദ്ധതി
4. ലൈഫ് ഭവന പദ്ധതി വഴി ഭവനരഹിതർക്ക് വീടുകൾ ലഭ്യമാക്കൽ

## 14.പൊതുമരാമത്ത്

പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | പാർപ്പിടം | ആവശ്യമായ ഗുണഭോക്താക്കൾ | ഇരിട്ടി നഗരസഭ | | | | ലൈഫ് പദ്ധതിയിൽ 5 സെന്റ് നിയന്ത്രണം എന്നാൽ ഇരിട്ടി പോലുള്ള മലയോര മേഖലയിൽ 15 സെന്റ് എങ്കിലും വേണം | പദ്ധതി നിർവ്വഹണത്തിന് അധിക തുക വകയിരുത്തുക | ലൈഫ് പദ്ധതിയിൽ സ്ഥല വിസ്തീർണണം 15 സെന്റ് എന്നാക്കി മാറ്റുക | | കൂടുതൽ എൻ.ജി.ഒ, സി.എസ് ആർ ബാങ്കുകളുടെയും ലഭ്യത |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

നാടിൻറെ സ്പന്ദങ്ങൾ വിവിധ പ്രദേശങ്ങളിൽ എത്തിക്കാനുള്ള നാടീവ്യൂഹമാണ് ഗതാഗതമെന്ന് നമുക്ക് പൊതുവേ വിവക്ഷിക്കാം മനുഷ്യ ശരീരത്തിലെ വിവിധ ഭാഗങ്ങളെ ബന്ധപ്പെടാനും അറിയാനും നാടഡിവ്യൂഹത്തിൻറെ പ്രധാന്യംപോലെ ഗതാഗതത്തിനും സ്ഥാനമുണ്ടെന്ന് കണ്ടെറിഞ്ഞവരാണ് നമ്മുടെ മുൻഗാമികൾ സാഹസികത നിറഞ്ഞ അവരുടെ അന്വേഷണങ്ങൾ പുതിയ തലമുറയുടെ വളർച്ചയ്ക്ക് ഏറെ സംഭാവനകൾ നൽകിയിടടുണ്ട്.ആദ്യകാലങ്ങളിൽ കാളവണ്ടികളിലും തോണിയിലുമായിരുന്നു യാത്ര ചെയ്തത് മൈലുകളോളം തലചുമടായി സാധനങ്ങൾ കൊണ്ടുപോകുന്നവർക്ക് ആശ്വാസം നൽകിയിരുന്നത് അക്കാലത്തുണ്ടായിരുന്ന ചുമടു താങ്ങികളായിരുന്നു മര വ്യവാസ കേന്ദ്രമായ വളപട്ടണത്തേക്ക് മരം കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്നത് പാണ്ടികളായിരുന്നു ആശ്രയമെന്ന് ചരിത്ര വസ്തുതകൾ നമ്മുക്ക് മനസിലാക്കി തരുന്നു.ഇതിലൂടെ ഈ നൂറ്റാണ്ടിൻറെ ആദ്യദശകങ്ങൾ ഇരിട്ടി-പാണ്ടിക്കാരുടെയും കാളവണ്ടിക്കാരുടെയും കേന്ദ്രമായിരുന്നു എന്നാണ് അറിവ്.

ഇരിട്ടി നഗരസഭ രൂപീകൃതമായതിനുശേഷം പശ്ചാത്തല മേഖലിയിൽ കൂടുതൽ വികസനങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കണ്ണൂർ അന്തരാഷ്ട്ര വിമാനത്താവളം യഥാർത്ഥ്യമായതും തലശ്ശേരി-വളവുപാറ റോഡ് നവീകരണം പൂർത്തിയായതും നഗരസഭയുടെ വികസനത്തിൽ നല്ലപങ്ക് വഹിച്ചിട്ടുണ്ട്.കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് **55** കി.മി ഉണ്ടായിരുന്ന ടാർ റോഡ് **133** കി.മി ആയും **0.14** കി.മി ഉണ്ടായിരുന്ന കോൺഗ്രീറ്റ് റോഡ് **4** കി.മി ആയും വർദ്ധപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും **40** കി.മി പുതിയ റോഡ് നിർമ്മാനുണ്ട് .ഉൾപ്രദേശ്ശങ്ങളിലെ ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്ന വിധത്തിൽ നടപാതകളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.നിലവിലെ റോഡിൻറെ സംരക്ഷണത്തിന് ഡ്രൈനേജ്,കൾവർട്ട്,സംരക്ഷണഭിത്തി എന്നിവ നിർമ്മിക്കണം കൂടാതെ റോഡുകളുടെ മെയിൻറെനൻസ് നടത്തുന്നതും നഗരസഭയുടെ പ്രധാന വെല്ലുവിളിയാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള മറ്റ് ആസ്ഥികളുടെ സംരക്ഷണം നടത്തുന്നതിനൊപ്പം അറവുശാല, ഓഡിറ്റോറിയം, കളിസ്ഥങ്ങൾ ,പാർക്കുകൾ എന്നിവ നിർമ്മിക്കുന്നതിന് ഇടപെടലുകൾ ആവശ്യമായിട്ടുണ്ട്, നഗരസഭ പൊതുശ്മശാനം ആധുനിക സൗകര്യങ്ങളോടുകുടി വാതക ശ്മശാനം ആക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചത് ഈ പദ്ധതികാലത്ത് പൂർത്തികരിക്കാൻ കഴിയും.

നഗരസഭ പദ്ധതിയിലും നിലാവ് പദ്ധതിയിലും ഉൾപ്പെടുത്തി എൽ.ഇ .ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കൂടുതൽ സ്ഥലങ്ങളിലേക്ക് സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്.ടി.സി റോഡിൻറെ പ്രധാന കേന്ദ്രങ്ങളിൽ മിനിമം/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഉൾപ്രദേശങ്ങൾ അടക്കം പ്രധാന കേന്ദ്രങ്ങളിൽ ഇനിയും സ്ഥാപിക്കേണ്ടതുണ്ട്.

ജലഗതാഗത സൗകര്യ ഉണ്ടായിരുന്നത് എടക്കാനം, വള്ള്യാട്, ഇരിട്ടി ഇരട്ടക്കടവ് എന്നീ പ്രദേശങ്ങളിലാണ്.ഇതിൽ ഇരിട്ടി മുൻസിപാലിറ്റിയെയും പായം പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന ജബ്ബാർക്കടവ് പാലം യാഥാർത്ഥ്യമായതോടെ ആഭാഗത്തെ ഗതാഗത പ്രശ്നത്തിന് പരിഹാരമായി.എടക്കാനം വള്ള്യാട് മേഖലയിൽ തോണി ഇപ്പോഴും ഉപയോഗിച്ചു വരുന്നുണ്ട്. കൂടാതെ നമ്മുടെ മുൻസിപാലിറ്റിയുടെ

തൊട്ടടുത്ത് മട്ടന്നൂർ നഗരസഭയിൽ കണ്ണൂർ വിമാനത്താവളത്തിൻറെ പ്രവർത്തനം യാഥാർത്ഥ്യമായതോടെ വിദേശ യാത്രക്കാർക്കുൾപ്പെടെയുള്ള യാത്രകൾ മെച്ചപ്പെട്ട സാഹചര്യം സൃഷ്ടിക്കപ്പെട്ടു. **2023-24** വാർഷിക പദ്ധതിയിൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ്, മെയിന്റനൻസ് ഗ്രാന്റ് ,തനത് ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് നഗരസഭയിലെ പുതിയ റോഡുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി **4** കോടിയിലധികം രൂപയുടെ പ്രവർത്തികൾ നടന്നുവരുന്നു. കൂടാതെ നഗരസഭയിലെ എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും പദ്ധതി നിർവഹണ ഘട്ടത്തിലാണ്.

1. പുഴയോരങ്ങളിൽ പാർക്കുകൾ സ്ഥാപിക്കുക
2. നഗരസഭയിലെ റോഡുകൾ ഗതാഗതയോഗ്യമാക്കൽ.
3. വീതി കുറഞ്ഞ റോഡുകൾ, വെള്ളകെട്ടുള്ള റോഡുകൾ കോൺക്രീറ്റ് ചെയ്ത് ഗതാഗതയോഗ്യമാക്കൽ.
4. നഗരസഭാ റോഡുകൾക്ക് ഡ്രെയിനേജ്, കൾവർട്ട്.
5. വിട്ട് കിട്ടിയ സ്ഥാപനങ്ങൾ നവീകരിക്കാൻ പ്രത്യേ പദ്ധതി.
6. നഗരസഭ സ്റ്റേഡിയം, അറവ്ശാല, മൽസ്യമാർക്കറ്റ് വൈദ്യുതി ശ്മശാനം.
7. എല്ലാ വാർഡുകളിലും തെരുവ് സോളാർ വിളക്കുകൾ.
8. ഇരിട്ടി ടൗണിൽ പാർക്കിംഗ് സംവിധാനത്തിന് പ്രത്യേക പരിഗണന.
9. നഗരസഭാ പരിധിയിൽ വഴിയോര വിശ്രമ കേന്ദ്രം.
10. നീന്തൽ കുളങ്ങൾ സ്ഥാപിക്കൽ.
11. നഗരസഭയിൽ കിടത്തി ചികിത്സയ്ക്ക് ആയുർവ്വേദ ഹോസ്പിറ്റൽ.
12. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്മാർട്ട് ക്ലാസ്സ് റും സ്ഥാപിക്കൽ
13. തോടുകളിലെ മാലിന്യം മണ്ണും നീക്കം ചെയ്ത് വെള്ളപൊക്കസാധ്യത ഒഴിവാക്കുക.

# വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | 'മേഖല/ ഉപമേഖല' | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്ന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | പശ്ചാത്തലം | മുഴുവൻ സ്ഥങ്ങളിലും വെളിച്ചം | | ഭാഗികമായി മാത്രം ഉൾ പ്രദേങ്ങൾ വെളിച്ചം | നഗരത്തിലെ മുഴുവൻ റോഡുകളിലും സ്ട്രീറ്റ് ലൈറ്റ് | പ്രധാന സ്ഥങ്ങളിൽസ്ട്രീറ്റ് ലൈറ്റ് | കൂടുതൽ തുക അനുവദിക്കുക പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുക |
| 2 | ഗതാഗതം | മുഴുവൻ റോഡുകളും ഗതാഗത യോഗ്യമാക്കുക | | ഭാഗികമായി റോഡുകൾ പൂർത്തീകരിച്ചു | മുഴുവൻ റോഡുകളും ഗതാഗത യോഗ്യമാക്കുക | നിലവിലുള്ള റോഡുകളുടെ നവീകരണം പൂർത്തികരിക്കുക | ലഭ്യമായ ഫണ്ടുകൾ പരമാവധി പ്രയോജനപ്പെടുത്തുക |

# പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | പശ്ചാത്തലം | മുഴുവൻ റോഡുകളുടെയും നവീകരണം | ഇരിട്ടി നഗരസഭ | | √ | | ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തത് | നിലവിലുള്ള റോഡുകളുടെ നവീകരണം | | ആകെ റോഡിന്റെ നീളത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യമാക്കുക | |
| | | | ഇരിട്ടി നഗരസഭ | | √ | | സ്ട്രീറ്റ് മെയ്ൻ ലഭ്യമല്ലാത്തത്,ഫണ്ടിന്റെ അപര്യാപ്തത | കൂടുതൽ തുക അനുവദിക്കുക | | ആവശ്യമായ ഫണ്ട് ലഭ്യമാക്കുക | പൊതുജന പങ്കാളിത്തം |

# 15. നഗരാസൂത്രണം

ഇരിട്ടി നഗരസഭ രൂപം കൊണ്ടതിനുശേഷമുള്ള രണ്ടാമത്തെ പഞ്ചവത്സര പദ്ധതിയാണ് 14ാം പഞ്ചവത്സരപദ്ധതി.തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാന താവളത്തിൻറെ വളർച്ചയും തലശ്ശേരി-കൂർഗ് അന്തർസംസ്ഥാന പാതയും ഇരിട്ടി നഗരത്തെ അതിവേഗം വളരുന്ന നഗരമാക്കി മാറ്റുന്നു.അയൽ സംസ്ഥാനമായ കർണ്ണാടകയിൽനിന്നും വയനാട് ജില്ലയിൽ നിന്നും മലയോര മേഖലകളിൽ നിന്നും ഇരിട്ടി നഗരത്തിലൂടെയാണ് വിമാനത്താവളത്തിലേക്ക് പോകുന്നത് കൂടാതെ പഴശ്ശി ഇറിഗേഷൻ പ്രോജക്ക് നമ്മുടെ നഗരസഭ പരിധിയിൽ ആണ് നിലനിൽക്കുന്നത് തലശ്ശേരി-കൂർഗ്ഗ് റോഡ് ഇരിട്ടി-പേരാവൂർ റോഡ്,19-ാം മൈൽ-പഴശ്ശിറോഡ് എന്നീ പ്രധാന പാതകളെ ആശ്രയിച്ചാണ് നഗരത്തിൻറെ വികസനമാകുന്നത്.

1. ഇരിട്ടി എടക്കാനം ,കീഴൂർ, എടക്കാനം, ഉളിയിൽ ആവിലാട് മുത്തപ്പൻകരി, നരയൻപാറ-മുത്തപ്പൻകരി, ഉളിയിൽ തില്ലങ്കേരി, കൂരൻമുക്ക്-പെരിയത്തിൽ, തുടങ്ങിയ നിരവധി പ്രധാന റോഡുകൾ കൂടി വികസിപ്പിക്കേണ്ടതുണ്ട്.നഗരത്തിലെ പ്രധാന റോഡുകൾ കൂടി വികസിക്കേണ്ടതുണ്ട്.
2. നഗരത്തിലെ പ്രധാന ടൗണുകളുകളായ 19-ാം മൈൽ നടുവനാട്, ഉളിയിൽ, പുന്നാട്, കീഴൂർ, ഇരിട്ടി ടൗൺ എന്നിവിടങ്ങളിലെ പാർക്കിംഗ് സൗകര്യംകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. നഗരത്തിലെ പ്രധാന റോഡുകളായ 19ാംമൈൽ നടുവനാട്, ഉളിയിൽ, പുന്നാട്, കീഴൂർ, ഇരിട്ടി ടൗൺ എന്നിവിടങ്ങളിലെ പാർക്കിംഗ് സൗകര്യം കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇരിട്ടി ബസ്റ്റാൻറ് ബ്ലോക്ക് ഓഫീസ് ബൈപാസ് റോഡ് ,ഇരിട്ടി ബസ്റ്റാൻറ് മേലെസ്റ്റാൻറ് എന്നീ ബൈപാസുകൾ എന്നിവയും വേണം
3. നഗരസഭയിൽ പ്രവർത്തിക്കുന്ന സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത വിവിധ വകുപ്പ് ഓഫീസുകളെ കേന്ദ്രീകരിച്ചുകൊണ്ട് മിനി സ്റ്റേഷൻ,നഗരത്തിൽ ഓഡിറ്റോറിയം,കളിസ്ഥലങ്ങൾ ,പാർക്കുകൾ റസ്റ്റ് ഹൗസുകൾ എന്നിവയും വ്യവസായ സ്ഥാപനങ്ങൾക്ക് ഇൻടസ്ട്രിയൽ റേറ്റ് എന്നിവയും ആധുനിക അറവുശാല,മത്സ്യ മാംസ സംസ്കരണ യൂണിറ്റ് ,വിവിധ ഉൽപന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ എന്നിവയും ഉണ്ടാവേണ്ടതുണ്ട്.
4. ടൂറിസത്തിന് വളരെയേറെ സാധ്യതകളുള്ള പ്രദേശമാണ് ഇരിട്ടി നഗരസഭ,പഴശ്ശി ജലസേചന പദ്ധതിയുടെ സാന്നിധ്യ ടൂറിസം മേഖലയിലെ വളർച്ചയ്ക്ക് വളരെയധികം സഹായകമായ കാര്യമാണ്.ഉയർന്ന പ്രദേശങ്ങയളായ അത്തിയിൽ കരിയടിമല മഞ്ഞകാഞ്ഞിരം വള്ള്യാട് ചാവശ്ശേരി പറമ്പ്, മുത്തപ്പൻക്കരി വള്ള്യാട് സഞ്ജീവനി നഗരവനം എന്നിവ ഉൾപ്പെടുത്തി എക്കോ ടൂറിസം പദ്ധതിയും പഴശ്ശി പ്രോജക്ക് എടക്കാനം വള്ള്യാട് ഇരിട്ടി ജലപാതയും ഉൾപ്പെടുത്തി പാർക്കുകളുംറിക്രിയേഷൻ ക്ലബുകളും നിലവിൽ വന്നാൽ പ്രധാന

വിനോദ കേന്ദ്രമായി മാറുന്നതാണ് കൂടുതൽ വിനോദ സൗകര്യങ്ങൾ വരുന്നതോടെ കണ്ണൂർ വിമാനതാവളം വഴി കൂർഗ്ഗ് മേഖലയിലേക്ക് പോകുന്നതിന് ഹബ് ആയി മാറാൻ കഴിയുന്നതാണ് .

5. നഗരത്തിൽ നിലവിൽ വന്ന ടേക്ക് എ ബ്രേയ്ക്ക് മാതൃകയിൽ നഗരസഭയിലെ പ്രധാന സ്ഥലങ്ങളിൽ വഴിയിട വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുന്നതൊടെ നഗരത്തിലൂടെ സഞ്ചരിക്കുന്ന ദൂര യാത്രകൾക്ക് വിശ്രമ കേന്ദ്രങ്ങളായി മാറാൻ കഴിയും.

6. ഇരിട്ടി താലൂക്ക് ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടെ ഇരിട്ടിയിലും മലയോരമേഖലയിലും ജനങ്ങൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിലവാരത്തിലെ സേവനങ്ങൾ ലഭിക്കുന്നതാണ്. വർദ്ധിച്ചു വരുന്ന മാലിന്യസംസ്കരണത്തിന് നഗരസഭ നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെ ഉറവിട മാലിന്യ സംസ്കരണം സാധ്യമാകുകയും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾമൂലം അജൈവ മാലിന്യത്തിൻറെ സംസ്കരണവും പൂർത്തിയാകുന്നു. ഇതിനോപ്പം ജനങ്ങളുടെ സഹകരണവുമുണ്ടെങ്കിൽ ഇരിട്ടി നഗരസഭയെ മാലിന്യമുക്ത നഗരമാക്കി മാറ്റാൻ കഴിയും.

7. കി.ഫ്.ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ നടന്നു വരുന്ന ഇരിട്ടി മട്ടന്നൂർ കുടിവെള്ള പദ്ധതിയിടെയും അമൃത് 2 ൻറെയും പൂർത്തീകരണത്തോടെ ഈ പഞ്ചവത്സര പദ്ധതി കാലത്ത് നഗരത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാകും .

8. കേരളസർക്കാറിൻറെ നഗരാസൂത്രണ വകുപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെയും വിദ്ധഗ്ദൻമാരുടെയും ജനപ്രതിനിധികളുടെ സഹകരണത്തോടെ ഇരിട്ടി നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നത് അന്തിമ ഘട്ടത്തിലാണ്.ആയത് നടപ്പിലാക്കുന്നതോടെ നമ്മുടെ നഗരവും ആസൂത്രിത നഗരങ്ങളുടെ ഗണത്തിൽ വരും.

9. നഗരസഭാ ആസ്ഥാനമായ ഇരിട്ടിയിൽ ആധുനിക സൗകര്യത്തോടുകൂടി ടൗൺ ഹാൾ, മൾട്ടിലെവൽ കോംപ്ലക്സ്കൾ എന്നിവ നിർമ്മിക്കുക.

10. ആധുനിക സൗകര്യങ്ങളോടെ മൽസ്യ മാംസ പച്ചക്കറി മാർക്കറ്റുകൾ സ്ഥാപിക്കുക

11. നഗരസഭയുടെ നേതൃത്തിൽ ആഴ്ചയിലോ ,മാസത്തിലോ പൊതു ചന്തകൾ സംഘടിപ്പിക്കുക

12. നഗരസഭയിലെ പൊതുഇടങ്ങൾ ഉൾപെടുത്തി വിശ്രമ വിനോദ കേന്ദ്രങ്ങൾ ഇരിട്ടി പാലത്തിനോട് ചേർന്ന സ്ഥലത്ത് നഗര പൂന്തോട്ടവും വാഹന പാർക്കിംഗ് സൗകര്യവും.

13. നഗരസഭയിൽ പുഴയോര ടൂറിസം പദ്ധതിയും നടപ്പാത നിർമ്മാണവും.

14. നഗരസഭയിൽ ഷീ ടോയ്ലറ്റ്.

15. നഗരസഭയിലെ പൊതു ഇടങ്ങൾ ഉൾപ്പെടുത്തി സൗന്ദര്യവൽക്കരണം.

16. വയജോനങ്ങൽക്ക് വിശ്രമകേന്ദ്രം
17. നഗരസഭയിലെ വിവിധ റോഡുകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കൽ.
18. നഗരസഭയുടെ ഉടമസ്ഥതയിൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കൽ നിലവിലുള്ള ഓപ്പൺ ഓഡിറ്റോറിയത്തിന്റെ നവീകരണം

# 2021–22 വാർഷിക പദ്ധതിയിൽ നടപ്പാക്കിവരുന്ന പ്രേജക്ടുകളുടെവിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രേജക്ടിന്റെ നമ്പർ | പ്രേജക്ടിന്റെ പേര് | SO/New | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം(രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1 | 295 | ടേക്ക് എ ബ്രയ്ക്ക് | SO | GEN | 1900000 | | 100000 | | നിർമ്മാണം പൂർത്തീകരിച്ചു വരുന്നു |
| 2 | 176 | ടേക്ക് എ ബ്രയ്ക്ക് | New | GEN | 2000000 | | | | നിർമ്മാണ പ്രവർത്തി ആരംഭിച്ചിട്ടില്ല |
| 3 | 177 | മിനി എം.സി.എഫ് | New | GEN | 100000 | | | | നിർമ്മാണം നടന്നു വരുന്നു.പദ്ധതി നിർവ്വഹണ ഘട്ടത്തിൽ |

# വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | ‘മേഖല/ ഉപമേഖല‘ | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | നഗരാസൂത്രണം | കളിസ്ഥലങ്ങൾ,പാർക്കുകൾ ആഡിറ്റോറിയം,പൊതുശ്മശാന പാർക്കിംഗ് സ്ഥലങ്ങൾ,അറവുശാല,മത്സ്യമാംസ മാർക്കറ്റ് | | | മാസ്റ്റർപ്ലാൻ തയ്യാറാക്കി,മാലിന്യം ഇല്ലാത്ത സ്റ്റാന്റ് സിറ്റിയായി മാറ്റുക | പൊതുശ്മശാനം മത്സ്യമാർക്കറ്റ്,ആഡിറ്റോറിയം,അറവുശാല | കിഫ്ബി ധന സഹായം |

# പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | നഗരാസൂത്രണം | മാസ്റ്റർ പ്ലാൻ ലഭ്യമാക്കുന്നത് | ഇരിട്ടി നഗരസഭ | | | | സമഗ്രമാസ്റ്റർ പ്ലാൻ | മാസ്റ്റർപ്ലാൻ തയ്യാറാക്കുക | | വികസനത്തിന് അപര്യാപ്തമായ ഫണ്ട് | |
| | നഗരാസൂത്രണം | ഗതാഗത സൗകര്യങ്ങൾ | ഇരിട്ടി നഗരസഭ | | | | ആവശ്യമായ പാർക്കിംഗ് സ്ഥലങ്ങൾ ലഭ്യമാക്കാത്തത് | തദ്ദേശഭരണ സ്ഥാപന സ്ഥലങ്ങളിൽ പാർക്കിംഗ് നടത്തുക | | വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഉപയോഗിക്കാതെ കിടക്കുന്നതായ സ്ഥലങ്ങൾ പാർക്കിംഗിന് ലഭ്യമാക്കുക | സ്വകാര്യ ബസ്റ്റാന്റ് പാർക്കിംഗ് പ്രോത്സാഹിപ്പിക്കുക |
| | നഗരാസൂത്രണം | പൊതുമരാമത്ത് | | | | | | | | | |
| | നഗരാസൂത്രണം | കളിസ്ഥലങ്ങൾ,പാർക്ക്,വിനോദ സഞ്ചാരകേന്ദ്രങ്ങൾ | | | | | നിലവിലുള്ള ശ്മശാനം ആധുനികവൽക്കരിക്കണം | ആധുനിക വൽക്കരണം | | | പൊതുസ്ഥങ്ങളുടെയും വിനോദ കേന്ദ്രങ്ങളുടെയും സംരക്ഷണം |

# 16.ജൈവവൈവിധ്യമാനേജ്മെൻ്റ് ,കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം ,പരിസ്ഥിതി സംരക്ഷണം

ജൈവവൈവിധ്യം ഭൂമിയിൽകാണപ്പെടുന്ന സർവ്വ ജീവജാലങ്ങളുടെയും തമ്മിൽത്തമ്മിലുള്ള വിത്യാസങ്ങളും അവയൊരോന്നിലുമുള്ള വിത്യാസങ്ങളും. ഇവയെല്ലാം തമ്മിലുള്ള പ്രവർത്തപ്രതി പ്രവർത്തനങ്ങളുടെയും ആകെ തുകയാണ് ജൈവവൈവിധ്യം. സസ്യങ്ങൾ, ജലജീവികൾ, മൃഗങ്ങൾ, സുക്ഷമാണുക്കൾ, പവിഴപുറ്റുകൾ തുടങ്ങിയ ജീവികളും വനങ്ങൾ, മഴക്കാടുകൾ, മരുഭൂമിരൾ,തണ്ണീർത്തടങ്ങള കുന്നുകൾ, മലകൾ, സമുദ്രം തുടങ്ങിയ ആവാസവ്യവസ്ഥകളുടെ വൈവിധ്യവും ജൈവവൈവിധ്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു.

കുന്നുകളുംതണ്ണീർത്തടങ്ങളും സമതല പ്രദേശങ്ങളും കാവുകളും,കാടുകളും ഉൾപ്പെട്ട ഇരിട്ടി മുൻസിപ്പൽ പ്രദേശം ജൈവവൈവിധ്യങ്ങളുടെ കലവറയാണ്.കാർഷിക സംസ്കാരം പിന്തുടർന്നിരുന്ന പ്രദേശവാസികൾ കാർഷിക വൈവിധ്യം കാത്തു സൂക്ഷിച്ചിരുന്നു. ഭൂപ്രകൃതി,മണ്ണ്,കാലാവസ്ഥ ,വെള്ളത്തിൻറെ ലഭ്യത എന്നിവയ്ക്കനുസരിച്ച് വിവിധങ്ങളായ കാർഷിക വിളകൾ ജൈവവൈവിധ്യം ഉൾക്കൊണ്ട് കൃഷി ചെയ്യാൻ പ്രദേശ വാസികൾ ശ്രദ്ധിച്ചിരുന്നു.

നമ്മുടെ ജൈവവൈവിധ്യം തനതു ആവാസവ്യവസ്ഥകളാലും ജൈവജാതികളാലും സമ്പന്നമാണെങ്കിലും മണ്ണോലിപ്പ് ,മണ്ണിടിച്ചിൽ ,ഉരുൾപൊട്ടൽ,വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിയാലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും കുന്നിടിക്കൽ,നിലം നികത്തൽ,നദികളിൽ നിന്നുള്ള അനധികൃമണലൂറ്റ് അശാസ്ത്രീയമായ ചെങ്കൽ ഖനനം കാവുകളുടെ നശീകരണം അശാസ്ത്രീയമായ കൃഷിരീതികൾ,മലിനീകരണം അമിതമായ രാസവളങ്ങുടെയും കീടനാശിനികളുടെയും ഉപയോഗം അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ എന്നീവമൂലം ജൈവവൈവിധ്യം വൻ ശോഷണം നേരിട്ട്കൊണ്ടിരിക്കുകയാണ് മനുഷ്യരാശിയുടെ നിലനിൽപ്പിൽമറ്റ് ജീവജാലങ്ങളും നിലനിൽക്കണം അതുകൊണ്ട്തന്നെ നമ്മുടെ ജൈവവൈവിധ്യത്തെ പൂർണ്ണമായും അറിയുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിൻറെ ഉത്തരവാദിത്വം നമ്മളിൽ നിക്ഷ്പതമാണ് .

2012 മുതൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പൂർണ്ണമായും ജൈവൈവിധ്യപരിപാലന സമിതികൾ (ബി.എം.സി) രൂപീകരിക്കപ്പെട്ടിട്ടുണ്ട്. കീഴൂർ-ചാവശ്ശേരി പഞ്ചായത്തുതല ബി എം സിയുടെ നേതൃത്വത്തിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട് ഇത് കാലാനുസൃതമായി പരിഷ്കരിക്കുകയും ഡിജറ്റൽ രൂപത്തിലേക്കാക്കി സൂക്ഷിക്കുകയും ചെയ്യേണ്ടത്തദ്ദേക സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ് ഇരിട്ടി മുൻസിപാലിറ്റി ഇതിന് മുൻകൈ എടുക്കേണ്ടതാണ് .

മുനിസിലിറ്റിയുടെ ദുരന്ത നിവാരണസേനയുടേയും റാപ്പിഡ് റെസ്പോൺസ് ടീമിൻറെയും റവന്യു വിഭാഗം ഉദ്യോഗസ്ഥരും ജന പ്രിതിനിധികൾ ഫയർഫോർസ് പോലീസ് സന്നന്ധസംഘടനകൾ എന്നീവരുടെ നേതൃത്വത്തിൽ പ്രളയബാധിതരെ സഹായിക്കാനുള്ള രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും നടത്തി .

നിരവധി കുടുംബങ്ങളെ ബന്ധു വീടുകളിലേക്ക് മാറ്റി വെളിയന്നൂർ ബാഫക്കി മെമ്മോറിയൽ എൽ പി. സ്കൂൾ ,വെളിയന്നൂർ എൽ പിസ്കൂൾ പറയനാട,് പയഞ്ചേരി എൽ പി സ്കൂൾ പുന്നാട് വയോജന കേന്ദ്രം എന്നീവിടങ്ങളിലായി 200 കുടുംബങ്ങളേ മാറ്റി താമസിപ്പിച്ചു പ്രളയ ദുരിദാശ്വാസ ക്യാമ്പിൽ സൗകര്യങ്ങൾ ഒരുക്കികൊടുക്കുവാൻ സാധിച്ചിട്ടുണ്ട് 10/08/2019 ചെയർമാൻ മുൻസിപ്പൽ മീറ്റിംഗ് പ്രളയ മേഖലയായി പ്രഖ്യാപിക്കാൻ പ്രമേയം അവതരിപ്പിച്ച് വിവിധ വകുപ്പുകളുടെ അടിയന്തിര മീറ്റിംഗിൽ നാശനഷ്ട്ടങ്ങൾവിലയിരുത്തി .ക്യാമ്പു പ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ ,ശുദ്ധജല വിതരണം ,ഭക്ഷണ വസ്ത്ര ഔഷധ വിതരണം എന്നിവ മുൻസിപ്പൽ തലത്തിൽ ഏകോപിച്ച് നടത്തുവാൻ സാധിച്ചു50 വീടുകൾക്ക് നാശ നഷ്ടം സംഭവിച്ചിരുന്നു കച്ചവട സ്ഥാപനങ്ങൾക്ക് നഷ്ടം സംഭവിച്ചു കൃഷി നാശവുമുണ്ടായി 17/08/2019 ന് സർക്കാർവക കിറ്റു വിതരണം നടത്തി. നഗരസഭ രൂപീകരിക്കുന്നതിന് മുൻപ് കീഴൂർ ചാവശ്ശേരി പഞ്ചായത്തിന്റെ കാലഘട്ടത്തിൽ ജൈവവൈവിദ്ധ്യ രജിസ്റ്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട് ഇതിന്റെ ഡിജിറ്റലൈസേഷനും പുതുക്കിയ രജിസ്റ്റർ പ്രസിദ്ധീകരിക്കുന്നതിനുമുള്ള സിയുടെ.എം.നടപടികൾ ബിനേതൃത്വത്തിൽ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട് . ജൈവവിധ്യ സംരക്ഷണത്തിന്റെ ഭാഗമായും അതിവേഗം വളരുന്ന നഗരമെന്ന നിലയിലും കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിന്റെ ഭാഗമായി പൊതുസ്ഥലങ്ങളിൽ വെള്ളപ്പൊക്കം .മിയാവാക്കി വനവൽക്കരണത്തിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട് ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ നേരിട്ട നഗരസഭ എന്ന നിലയിൽ നഗരസഭ തലത്തിൽ റസ്ക്യൂ സേന രൂപീകരിക്കുകയാലും കാലികമായും സജീവമാക്കിയും നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

1. നഗരസഭയിലെ കാവ് സംരക്ഷണം.
2. ദുരന്ത നിവാരണ സേനക്ക് പ്രത്യേക പരിശീലനം.
3. ദുരന്തനിവാരണ സേനക്ക് ഉപകരണങ്ങൾ.
4. കാർബൺ ന്യൂട്രൽ നഗരസഭ.

# വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | 'മേഖല/ ഉപമേഖല' | പരിപ്രേക്ഷ്യം വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘക്കാല ലക്ഷ്യം (2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം) | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്ന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | ശുചിത്വ മാലിന്യ സംസ്കരണം | ജൈവ അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ വേർതിരിക്കുകയും മാലിന്യ പരിപാലന നിയമപ്രകാരം അജൈവ പാഴവസ്തുക്കൾ ഏജൻസിക്ക് കൈമാറുകയും ജൈവമാലിന്യം സ്വന്തമായി സംസ്ക്കരിക്കുകയും ചെയ്യുന്നതിലൂടെ മാലിന്യ മുക്ത നഗര സൃഷ്ടിയായി മാറുന്നു | | വ്യാപാരസ്ഥാപനങ്ങളുടെയും പൊതു ജനങ്ങളുടെയും സഹകരണം പൂർണ്ണ തോതിൽ എത്തിക്കാൻ സാധിച്ചിട്ടില്ല.50 ശതമാനത്തിൽ താഴെയുള്ളവർ മാത്രമേ പദ്ധതിയുമായി സഹകരിക്കുന്നുള്ളു. | നൂറ് ശതമാനം മാലിന്യമുക്ത നഗര സൃഷ്ടി | ജനകീയ പങ്കാളിത്തത്തോടെ മാലിന്യ പരിപാലനം സാർവത്രികമാക്കുക | 1.മാലിന്യ ശേഖരണത്തിന് ഡിജറ്റലൈസേഷൻ.<br>2.പൊതുജനങ്ങൾക്ക് മാലിന്യപരിപാലന നിയമങ്ങൾ സംബന്ധിച്ചുള്ള അറിവ് ഉറപ്പ് വരുത്തൽ.<br>3.ഗ്രീൻ ട്രിബ്യൂണൽ നിർദേശത്തിന് വിധേയമായി നഗരസഭ പരിധിയിൽ എസ്,ടി.പി സംവിധാനം ഉറപ്പ് വരുത്തൽ.<br>4.സി.ഡി വേസ്റ്റ്,സെപ്റ്റേജ് വേസ്റ്റ്,ഇ വേസ്റ്റ് തുടങ്ങിയവ സംസ്കരിക്കുന്നതിന് ജില്ലാ കേന്ദ്രങ്ങളുമായുള്ള സഹകരണം |

# അദ്ധ്യായം 3

## മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രൊജെക്ടുകളുടെ വിലയിരുത്തൽ

ജനകീയാസൂത്രണ കാലഘട്ടത്തിന് മുമ്പുണ്ടായിട്ടുള്ള അവസ്ഥയിൽ നിന്ന് എത്രത്തോളം മുന്നോട്ടുപോകുവാൻ കഴിഞ്ഞുവെന്നും ഇന്നും നിലനിൽക്കുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര സാധ്യതകളും എന്തൊക്കെയാണെന്നും ദീര്ഘകാലാടിസ്ഥാനത്തിൽ സുസ്ഥിരമായ വികസന സാധ്യതകൾ എന്തൊക്കെയാണെന്നും വിവിധമേഖലകളിലുള്ള വെല്ലുവിളികൾ,തടസ്സങ്ങൾ എങ്ങിനെ മറികടക്കാൻ കഴിയുമെന്നുള്ള കാര്യങ്ങളാണ് ഇനിയുള്ള ഭാഗങ്ങളിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നത്,

ഉൽപ്പാദനമേഖലക്ക് പ്രാധാന്യം നൽകി കൊണ്ടാണ് കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്, ഉദ്ദേശിച്ചലക്ഷ്യംപൂർണ്ണമായും നേടിയെടുക്കാൻ കഴിഞ്ഞില്ലെങ്കിലും ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും ജൈവ കാർഷിക സംസ്കൃതി രൂപപ്പെടുത്തിയെടുക്കുന്നതിനും യന്ത്രവൽക്കരണത്തിന്റെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്മഴയെമാത്രം ആശ്രയിച്ചിരുന്ന കർഷകർക്ക് . ജലസേചനത്തിലൂടെ വിളവുൽപ്പാദനം സാധ്യമാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്,തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് കാർഷിക കർമ്മസേന രൂപവൽക്കരിക്കേണ്ടതുണ്ട്,

നഗരസഭക്കകത്ത് സമ്പൂർണ്ണ ഭവനം എന്ന ലക്ഷ്യം നേടുന്നതിനുള്ള പ്രയത്നം . നവകേരള മിഷൻ ലൈഫ് പദ്ധതിയുമായി നല്ല തോതിൽ .നടത്തിവരുന്നു ഉപയോഗപ്പെടുത്തുവാൻ കഴിയുന്നുണ്ട്,നിർമ്മാണ മേഖലയിൽ തൊഴിലാളിക്ഷാമവും നിർമ്മാണ മേഖലയിൽ തൊഴിലാളി ക്ഷാമവും നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും ലഭ്യതക്കുറവും പരിഹരിക്കുന്നതിന് സഹകരണ മേഖലയുമായി കൈകോർക്കേണ്ടതുണ്ട്.ഭിന്നശേഷി സൗഹൃദ നഗരസഭ എന്ന ലക്ഷ്യത്തിലേക്ക് എത്താനുള്ള നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനായിട്ടുണ്ട്ശാരീരിക . മാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള സഹായ ഉപകരണങ്ങൾ സ്കോളർഷിപ്പുകൾ പൊതുഇടങ്ങളിലും സ്ഥാപനങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകിയെങ്കിലും ബഡ്സ് സ്കൂൾ പരിശീലന കേന്ദ്രങ്ങൾ എന്നിവ താമസിയാതെ നടപ്പിലാക്കണം,സ്ത്രീ ശാശ്ത്രീകരണ രംഗത്ത് കുടുംബശ്രീവനിതാ കൂട്ടായ്മകൾ എന്നിവ / സജീവമായി തുടരുന്നു,വനിതകളുടെ തൊഴിലും വരുമാനവും വർധിപ്പിക്കുന്ന തൊഴിൽ സംരംഭങ്ങൾ ഇന്ന് നഗരസഭയിലുണ്ട്വയോജനപരിപാലന രംഗത്ത് പകൽ വീടുകളുടെ . കഴിഞ്ഞകാല പ്രകൃതിദുരന്തങ്ങൾ പ്രളയം .പ്രവർത്തനം കൂടുതൽ സജീവമാക്കേണ്ടതുണ്ട് കോവിഡ് മഹാമാരി നേരിടുന്നതിന് സുസജ്ജമായ വളണ്ടിയർ സേനയുടെ രൂപീകരണവും പരിശീലനവും അവരുടെ സേവനങ്ങളും എടുത്തുപറയേണ്ടതാണ്,

യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകൾ നിർദ്ദേശിക്കുന്ന റോഡുകളെല്ലാം നവീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്, നഗരസഭാ പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും ഏകോപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്,നിലാവ് പോലെയുള്ള പദ്ധതിയുടെപ്രവർത്തനം പൂർണ്ണതയിലെത്തിക്കൊണ്ടിരിക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ഇരിട്ടി നഗരസഭയുടെ 2025-26 വാർഷിക പദ്ധതിയിലെ ഓരോ പ്രൊജക്ടുകളും ദ്രുതഗതിയിൽ നിർവ്വഹണം നടന്നുവരികയാണ്. മുൻ വർഷങ്ങളിൽ പൂർത്തീകരിക്കാൻ സാധിക്കാത്ത പദ്ധതികളും ഈ വർഷത്തെ പുതിയ പദ്ധതിയുമുൾപ്പെടെ ആകെ 450 പദ്ധതികളാണ് 2025-26 വർഷത്തിലുള്ളത്. വിവിധ ഫണ്ടിനങ്ങളിലായി ആകെ 34.16 കോടിയാണ് വാർഷിക പദ്ധതിയിൽ നഗരസഭ വകയിരുത്തിയിട്ടുള്ളത്. സർക്കാരിൽ നിന്നുള്ള വിവിധ വികസന ഫണ്ടുകളും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻറുകളും റോഡ് റോഡിതരം പുനരുദ്ധാരണ ഗ്രാൻറുമാണ് പദ്ധതി തയ്യാറാക്കുന്നതിലെ പ്രധാന ഫണ്ട് സ്രോതസ്സുകൾ. ഈ ഫണ്ടുകൾക്ക് പുറമെ ധനകാര്യകമ്മീഷൻറെ ഹെൽത്ത് ഗ്രാൻറും കേരള ഖരമാലിന്യ പദ്ധതി (KSWMP) യുടെ ഭാഗമായുള്ള ലോകബാങ്ക് ധനസഹായവും ശുചിത്വ മിഷൻ, ആയുഷ് മിഷൻ, തനത് ഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവയെല്ലാം പ്രധാന സ്രോതസ്സുകളാണ്. ഓരോ വികസന മേഖലയിലെയും പുരോഗതി ചുവടെ ചേർക്കുന്നു.

## പൊതുഭരണം

നഗരസഭയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നഗരസഭാ ഓഫീസ് സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായാണ് പ്രധാനമായും പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നഗരസഭാ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് പൌരാവകാശ രേഖ പ്രസിദ്ധീകരിച്ച് പ്രധാന പൊതു ഇടങ്ങളിലെല്ലാം എത്തിക്കുന്നതിന് സാധിച്ചു. നഗരസഭയുടെ ഓഫീസ് സജ്ജീകരിക്കൽ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, ഇൻഫർമേഷൻ കേരള മിഷൻ സേവനങ്ങൾക്കുള്ള തുക നൽകൽ എന്നിവ പൂർത്തീകരിച്ചു. നഗരസഭ ഓഫീസിൽ മിനി കോൺഫറൻസ് ഹാൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നഗരസഭയുടെ വിവരങ്ങൾ വിരൽതുമ്പിൽ ലഭിക്കുന്നതിനുള്ള ജിഐഎസ് മാപ്പിംഗ് പദ്ധതി 90 ശതമാനത്തിൽ അധികവും പൂർത്തീകരിച്ചു.

## കൃഷി അനുബന്ധ മേഖലകൾ

കാർഷിക മേഖലയുടെ ഉന്നമനത്തിനായി നഗരസഭ 2025-26 വർഷത്തിൽ 12 പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതികളിലേക്കായി ആകെ 39.40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെൽവിത്ത് വിതരണം, നെല്ല് – വാഴകൃഷികൾക്കുള്ള കൂലിചെലവ്, വീട്ടുവളപ്പിൽ പച്ചക്കറി കൃഷി, കമുകിൻതൈ വിതരണം, കുമ്മായ വിതരണം, ഫലവൃക്ഷത്തൈ വിതരണം, കൂൺകൃഷി പ്രോത്സാഹനം, തീറ്റപ്പുൽ വ്യാപനം പദ്ധതി എന്നിവയാണ് പ്രധാന പദ്ധതികൾ. പദ്ധതികളിലേക്ക് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി നിർവ്വഹണം നടന്നു വരുന്നുണ്ട്. ചില പദ്ധതികൾ നിലവിൽ തന്നെ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. മറ്റുള്ളവ മാർച്ച് അവസാനത്തോടെ പൂർത്തീകരിക്കാൻ സാധിക്കും.

## മൃഗ സംരക്ഷണം

മൃഗ സംരക്ഷണ ക്ഷീരവികസന മേഖലകളിൽ 12 പദ്ധതികളിലായി ആകെ 83.17 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നഗരസഭയിൽ പാൽ ഉല്പാദനം വർദ്ധിപ്പിക്കുക, ജനങ്ങൾക്ക് വരുമാന ദായക മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുക, എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. ക്ഷീരകർഷകർക്ക് എല്ലാ വർഷങ്ങളിലും തുടർച്ചയായി പാൽ ഉല്പാദന സബ്സിഡി, കാലിത്തീറ്റ വിതരണം, ധാതു ലവണ മിശ്രിതം, കാലിത്തൊഴുത്ത് നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നു. പോത്തുകുട്ടി വളർത്തൽ, കിടാരി വളർത്തൽ എന്നിവ കർഷകർക്ക് വരുമാന ദായക പദ്ധതികളാണ്. പോത്തുകുട്ടി വളർത്തൽ നടപ്പിലാക്കി കഴിഞ്ഞു. മറ്റ് പദ്ധതികൾ നിർവ്വഹണം നടന്നു വരികയാണ്.

## ആരോഗ്യം

മലയോര മേഖലയിലെ പ്രധാന പട്ടണമെന്ന നിലയിൽ നഗരസഭയ്ക്ക് കീഴിലുള്ള ഇരിട്ടി താലൂക്ക് ആശുപത്രിയുടെ വികസനം നഗരസഭയുടെ പ്രധാന ഉത്തരവാദിത്വമാണ്. ആരോഗ്യ രംഗത്ത് ഇരിട്ടി താലൂക്ക് ആശുപത്രി സൂപ്രണ്ടാണ് പദ്ധതികൾ നിർവ്വഹണം നടത്തുന്നത്. 28 പദ്ധതികളിലായി 1.07 കോടി രൂപയുടെ പദ്ധതികളാണ് പൊതുമരാമത്ത് പ്രവർത്തികൾ കൂടാതെ തന്നെ വകയിരുത്തിയിട്ടുള്ളത്. അതിൽ തന്നെ 39.14 ലക്ഷം രൂപ നിലവിൽ ചെലവഴിച്ചു കഴിഞ്ഞു. താലൂക്ക് ആശുപത്രി മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാരെ നിയമിക്കൽ
2. ഡയാലിസിസ് യൂണിറ്റിൻറെ പ്രവർത്തനം.
3. പാലിയേറ്റീവ് പദ്ധതി.
4. ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ.
5. ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജനം.
6. താലൂക്ക് ആശുപത്രി, സബ്സെൻററുകൾ എന്നിവിടങ്ങളിലേക്കുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ.
7. ഹെൽത്ത് ഗ്രാൻറിൽ ഉൾപ്പെടുത്തി രോഗ നിർണ്ണയ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ.

## സാമൂഹ്യ നിതി, വനിത, കുട്ടികൾ.

വയോജനങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, കുട്ടികൾ തുടങ്ങിയവ അടിസ്ഥന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി 2025-26 വർഷത്തിൽ 1 കോടിയോളം രൂപയാണ്. നഗരസഭ വകയിരുത്തിയിട്ടുണ്ട്. 17 പദ്ധതിയാണ് ഈ മേഖലയിൽ ക്ഷേമ പ്രവർത്തനങ്ങൾക്ക് മാത്രം നടപ്പിലാക്കുന്നത് ഇരിട്ടി ഐസിഡിഎസ് പ്രൊജക്ട് ഓഫീസിലെ സൂപ്പർവൈസറാണ് പദ്ധതി നിർവ്വഹണം നടത്തി വരുന്നത്. വകയിരുത്തിയ തുകയുടെ 50 ശതമാനത്തോളം ഇതുവരെ ഫണ്ട് ചെലവായിട്ടുണ്ട്.അംഗൻവാടികൾക്കായി പോഷകാഹാര പദ്ധതി, ദൈനദിന ചെലവുകൾ, കലോത്സവം, വാട്ടർ പ്യൂരിഫെയർ, സ്മാർട്ട് ഫർണ്ണിച്ചറുകൾ, വൈഫൈ

കണക്ഷൻ എന്നിവ നടപ്പിലാക്കി. വയോജനങ്ങൾക്കും ഭിന്നശേഷികാർക്കുള്ള മെഡിക്കൽ ക്യാമ്പും ഉപകരണ വിതരണവും അടുത്തു തന്നെ നടത്തുന്നതാണ്. ഭിന്നശേഷിക്കാർക്കുള്ള ബത്തയും സ്കോളർഷിപ്പ് വിതരണവും നടന്നുവരുന്നു. ഇത്തരം പദ്ധതികളോടൊപ്പം തന്നെ ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ, കിടപ്പ് രോഗികളായ വയോജനങ്ങൾക്കുള്ള കട്ടിൽ, ജെൻറർ ഹെൽപ്പ് ഡെസ്ക് എന്നിവയെല്ലാം നടന്നു വരുന്നു.

## ശുചിത്വം മാലിന്യ സംസ്കരണം

പതിനാഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻറെ പരിഗണനയിലും സംസ്ഥാന തലത്തിലും മാലിന്യ സംസ്കരണത്തിന് വലിയ പ്രാമുഖ്യമാണ് നൽകുന്നത്. നഗരസഭയും അത്തരത്തിൽ മാലിന്യ സംസ്കരണ രംഗത്ത് വലിയ തുകയാണ് പദ്ധതികൾക്കായി മാറ്റി വെച്ചിട്ടുള്ളത്. ആകെ 58 പദ്ധതികളിലായി 8.14 കോടി വകയിരുത്തിയിട്ടുള്ളത്.

മാലിന്യ സംസ്കരണ രംഗത്ത് ഹരിത കർമ്മ സേനയും പ്രവർത്തനം ഏറെ ശ്ലാഘനീയമാണ്. ഖരമാലിന്യ പരിപാലനത്തിൻറെ ചാലകശക്തിയാണ് ഹരിത കർമ്മ സേന. ഖരമാലിന്യ പരിപാലനത്തിലേക്കാണ് KSWMP, ശുചിത്വമിഷൻ, ധനകാര്യ കമ്മീഷൻ ഗ്രാൻറ് എന്നിവയാണ് നഗരസഭ പദ്ധതികളിലേക്ക് പ്രധാനമായും ലഭിക്കുന്ന ഫണ്ട് സ്രോതസ്സ് വ്യക്തിഗത റിംഗ് കമ്പോസ്റ്റ് വിതരണം, ബോട്ടിൽ ബൂത്ത്, പെൻ ബോക്സ് സ്ഥാപിക്കൽ, മാലിന്യ നിക്ഷേപം തടയുന്നതിന് സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കൽ, മിനി എംസിഎഫുകൾ സ്ഥാപിക്കൽ, ബിന്നുകൾ സ്ഥാപിക്കൽ തുടങ്ങിയ സാധാരണ പ്രവർത്തനങ്ങൾക്ക് പുറമെ മുത്തപ്പൻകരിയിൽ എംസിഎഫ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വിപുലമായ പദ്ധതികളാണ് നടപ്പിലാക്കുന്നത്. നഗരസഭയിലെ അത്തിത്തട്ട് മാലിന്യ പരിപാലന കേന്ദ്രത്തിൽ വിവിധ പദ്ധതികളിലൂടെ വലിയ മാറ്റം കൊണ്ടു വരുന്നതിന് സാധിച്ചു. നഗരസഭയിലെ ദ്രവ മാലിന്യ സംസ്കരണത്തിന് ശാശ്വത പരിഹാരമെന്ന നിലയിൽ ന്യൂതന മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറ് അടുത്തു തന്നെ യാഥാർത്ഥ്യമാകും. വ്യക്തിഗത, സ്ഥാപനതല ടോയ്ലെറ്റ് നിർമ്മാണം, കിണർ ശുചീകരിക്കൽ, ആസ്പിരേഷണൽ ടോയ്ലെറ്റ് ഉൾപ്പെടെയുള്ള പദ്ധതികൾ നിർവ്വഹണം നടന്നു വരുന്നു. സംസ്ഥാനത്ത് ആദ്യമായി നൂതന മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉള്ള നഗരസഭയായി മാറുന്നതിന് ഇരിട്ടി നഗരസഭയ്ക്ക് സാധിച്ചു. പ്ലാന്റിന്റെ ഔദ്യോഗിതമായുള്ള പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്,

## സ്ട്രീറ്റ് ലൈറ്റ്

നഗരസഭ പരിധിയിൽ ഈ വർഷം 20.15 ലക്ഷം രൂപ മുതൽ മുടക്കിൽ അഞ്ഞൂറിലധികം എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. അതോടൊപ്പം പുന്നാട് ടൌണിൽ 1 മിനിമാസ്സ് ലൈറ്റും സ്ഥാപിച്ചിട്ടുണ്ട്. എം.പി, എം.എൽ.എ ഫണ്ട്

ഉപയോഗിച്ചുള്ള ഹൈമാസ്റ്റ്, സ്ട്രീറ്റ് ലൈറ്റ് എന്നിവയും 2025 -26 ൽ സ്ഥാപിക്കുന്നതിനും സാധിച്ചു.

നഗരസഭാ പരിധിയിൽ വാറൻറി കാലാവധി കഴിഞ്ഞ ലൈറ്റുകൾ നന്നാക്കുന്നതിന് നിലവിൽ പദ്ധതിയുണ്ട്.

## പട്ടികജാതി – പട്ടിക വർഗ്ഗം.

പട്ടിക വർഗ്ഗ വികസനത്തിനായി 2025-26 വർഷത്തിൽ 56.87 ലക്ഷവും പട്ടികജാതി വികസനത്തിന് 24.47 ലക്ഷം രൂപയുമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്.

പട്ടിക വർഗ്ഗ വികസനത്തിന് വികസന ഫണ്ട് (ടിഎസ്പി) ഉപയോഗിച്ച് 18 പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ വിഭാഗം ആളുകളും ഉന്നമനത്തിനായി തൊഴിൽ പരിശീലനം, സ്വയം തൊഴിൽ എന്നിവയ്ക്കുള്ള ഡ്രൈവിംഗ് പരിശീലനം, സോപ്പ് നിർമ്മാണ യൂണിറ്റ്, ബാൻറ് സെറ്റ് എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ പട്ടിക വർഗ്ഗ പദ്ധതികളിൽ നടപ്പാത നിർമ്മാണം, വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്, സ്കോളർഷിപ്പ്, പ്രഭാത ഭക്ഷണം എന്നിവ നടപ്പിലാക്കി വരുന്നു. വീട് റിപ്പയർ പ്രവർത്തി നടപ്പിലാക്കി വരുന്നുണ്ട്. വിവാഹ ധനസഹായം നൽകൽ പദ്ധതികളും നിർവ്വഹണ ഘട്ടത്തിലാണ്.

പട്ടികജാതി വികസനത്തിനും ഫണ്ട് ഉപയോഗിച്ചു 9 പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ്, സ്കോളർഷിപ്പ് എന്നിവയ്ക്ക് പുറമെ ഡ്രൈവിംഗ് പരിശീലനം, പഠനമുറി, വിവാഹ ധനസഹായം, വീട് റിപ്പയർ എന്നിവയും നടന്നു വരുന്നു.

## പൊതുമരാമത്ത് പ്രവൃത്തികൾ

2025-26 വർഷം മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 238 പ്രവൃത്തികൾക്ക് കൂടി ആകെ 201711239/- രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 150 ഓളം പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതും 30 പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതുമാണ്. റീടാറിംഗ് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർവ്വഹണ നടപടികൾ ഉടൻ ആരംഭിക്കുന്നതായിരിക്കും.

വെളിയന്ത്ര അംഗൻവാടി കെട്ടിടം, നടുവനാട് സ്റ്റേഡിയം, വട്ടക്കയം കുളം നിർമ്മാണം, ചാവശ്ശേരി ഹൈസ്കൂക്ൾ മുറ്റം ഇൻറർലോക്ക് പതിക്കൽ, പെയിൻറിംഗ് എന്നിവ പൂർത്തീകരിച്ച പ്രധാന പ്രവൃത്തികളാണ്. 48 റോഡുകൾ ഇതിനോടകം പുതുതായി കോൺഗ്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്.

താലൂക്ക് ആശുപത്രി ഡയാലിസീസ് യൂണിറ്റിനാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് പുതുതായി കിണർ നിർമ്മിച്ച് പമ്പ് ചെയ്യുന്നതിനാവശ്യമായ പൈപ്പ് ലൈൻ പ്രവൃത്തികളും ടാങ്ക് നിർമ്മാണവും പൂർത്തീകരിച്ചിട്ടുള്ളതാണ്. മോട്ടോർ സ്ഥാപിക്കുന്നതിന് ടെണ്ടർ ചെയ്ത് നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസം

നഗരസഭയുടെ **2025-26** വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയിൽ **16** പദ്ധതികളിലായി **56.13** ലക്ഷം രൂപയും കേരളോത്സവത്തിന് **2** ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ചാവശ്ശേരി ഗവ ഹയർസെക്കന്ററി സ്കൂളും ഉളിയിൽ യു പി സ്കൂളും ആണ് നഗരസഭയുടെ ഉടമസ്ഥതയിലുള്ളത്. ഈ സ്കൂളുകളുടെ അടിസ്ഥാന സൌകര്യ വികസനം പഠന പുരോഗതി എന്നിവയാണ് പ്രാധാനമായും നഗരസഭ ലക്ഷ്യമിടുന്നത്. ഇരിട്ടി നഗരസഭയിൽ എല്ലാ വിഭാഗം ജനങ്ങളെയും വായനയിലേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം മുൻ നിർത്തി നഗരസഭ ലൈ്ബ്രറികൾ, അംഗീകൃത വായനശാലകൾ, സ്കൂൾ ലൈബ്രറികൾ എന്നിവിടങ്ങളിലേക്ക് പുസ്തകവും ഫർണിച്ചറും വിതരണം ചെയ്തുകഴിഞ്ഞു. **12** ലക്ഷം രൂപയാണ് ഈ ഇനത്തിലേക്ക് നഗരസഭ ചെലവഴിച്ചത്. ചാവശ്ശേരി ഗവ ഹയർസെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്ററാണ് പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥൻ. വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- എസ് എസ് എൽ സി – പ്ലസ്ടു
- വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ
- ചാവശ്ശേരി - ഉളിയിൽ സ്കൂളുകളുടെ ദൈനംദിന ചെലവുകൾ
- പത്താമുദയം - പത്താം ക്ലാസ് തുല്യത പരിപാടി
- ഹയർസെക്കൻററി തുല്യത പരിപാടി
- ചാവശ്ശേരി ഗവ ഹയർസെക്കന്ററി സ്കൂളിലേക്ക് ബഞ്ചും ഡെസ്കും വാങ്ങൽ
- എസ് പി സി പദ്ധതിക്ക് നഗരസഭ വിഹിതം നൽകൽ
- ചാവശ്ശേരി ഉളിയിൽ സ്കൂളുകളിലേക്ക് ലാപ്പ്ടോപ്പ് വാങ്ങൽ
- വിദ്യാർത്ഥികൾക്ക് കായിക പരിശീലനം
- സ്കൂൾ ലൈബ്രറിക്ക് പുസ്തക വിതരണം
- ചാവശ്ശേരി സ്കൂളിന് ഓഫീസ് സജ്ജീകരിക്കൽ
- ചാവശ്ശേരി സ്കൂളിൽ ക്ലാസ്റൂമുകളിൽ ശബ്ദ സംവിധാനം സജ്ജീകരിക്കൽ
- വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് - ഇക്കോ സെൻസ്

അദ്ധ്യായം 4

# വികസന പരിപ്രേഷ്യം

1991 ലെ 73,74 ഭരണ ഘടന ഭേദഗതി പ്രകാരം 1994 ൽ കേരളത്തിൽ ആവിഷ്കരിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ25 വർഷം പൂർത്തായാക്കിയ അവസരത്തിലാണ് നാം ഉള്ളത്. വൈവിധ്യ മാർന്ന വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുള്ള പ്രാവീണ്യം ആർജ്ജിച്ചു കഴിഞ്ഞു.

പ്രാദേശിക വികസന പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും നിയമപരമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലയാണ്,വിവിധ വികസന സൂചികകളിൽ കേരളത്തിന് ദേശീയ തലത്തിൽ പ്രഥമസ്ഥാനം ലഭിക്കാനുള്ള കാരണങ്ങളിൽ പ്രധാനം പ്രാദേശികാസൂത്രണ പ്രക്രിയയാണ്,

വികസന വിടവുകൾ നികത്തിയും വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ടും നവകേരളം സൃഷ്ടിക്കുക എന്ന പ്രകൃപിത ലക്ഷ്യത്തോടെയാണ് വിവിധ മിഷനുകൾക്ക് സർക്കാർ തുടക്കം കുറിച്ചത്,കൂടുതൽ ഫലപ്രദമായ ഏകോപനവും സംയോജനവുംവിലയിരുത്തൽ രീതികളും നടപ്പിലാക്കാൻ കഴിയും വിധം ലൈഫ് ,ആർദ്രം ,ഹരിത കേരളം ,പൊതു വിദ്യാഭ്യാസ സംരക്ഷണം,എന്നീ മിഷനുകളെയും കേരളാ പുനർനിർമ്മാണ പദ്ധതികളെയുംഉൾപ്പെടുത്തി നവകേരള കർമ്മപദ്ധതി എന്ന പേരിൽ സർക്കാർ മുന്നോട്ടുവെച്ച പൊതുവികസന സമീപനങ്ങളിൽ ഊന്നിയാണ് നഗരസഭാപദ്ധതിപ്രവർത്തനം രൂപപ്പെടുത്തിയിട്ടുള്ളത്.

കാർഷികമേഖലയിൽ നീർത്തടാധിഷ്ഠിത വികസന വളർച്ചയാണ് സ്വീകരിക്കേണ്ടത് . മുഴുവൻ .ഇതിനായി നീർത്തടഅവലോകന രേഖ കാലാനുസൃതമായി പുതുക്കിയിട്ടുണ്ട് ഭൂമിയിലും ജനകീയ ഇടപെടലുകളോടെ പ്രദേശത്തിൻറെ കാലാവസ്ഥക്കും മണ്ണിനും ഇണങ്ങുന്ന ജൈവകൃഷി രീതി അവംലബിക്കാൻ ഉദ്ദേശിക്കുന്നുണ്ടങ്ങളും . .കൃഷിയിലേക്ക് എന്ന സർക്കാർ പദ്ധതിക്ക് അനുസൃതമായാണ് പദ്ധതികൾ ഉണ്ടാക്കുന്നത് മത്സ്യ ക്ഷീരമേഖലകളിൽ ,മൃഗസംരംക്ഷണം,കാർഷികം ഉല്പാദനവും വിവിധ വിളകളുടെ ഉൽപാദനവും വിവിധ വിളകളുടെ ഉൽപ്പന്നക്ഷമതയും വരദ്ധിപ്പിക്കാനും പച്ചക്കറി ,പഴം , മുട്ട എന്നിവയിലുള്ള ഉൽപാദനത്തിലും സ്വയം പര്യാപ്തതകൈവരിക്കുക എന്നലക്ഷ്യത്തോടെയായിരിക്കും സുഭിക്ഷകേരളം പദ്ധതി കൂടുതൽ മികവോടെ .നടപ്പിലാക്കുന്നത്

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സംരംഭകത്വം പ്രോത്സാഹിപ്പിക്കാനുള്ളഫെസിലിറ്റേറ്റിംഗ് ഏജൻസിയായി നഗരസഭ പ്രവർത്തിക്കും. സംസ്ഥാന സർക്കാർ വിഭാവനം ചെയ്യുന്ന 1000 പേരിൽ 5 പേർക്ക് തൊഴിൽ എന്ന പദ്ധതി ഏറ്റെടുക്കും.

കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾഗ്രാമീണ ഉപജീവന ദൗത്യംപ്രവാസികൾക്കായുള്ള പദ്ധതികൾ ,സ്റ്റാർട്ടപ്പ് മിഷനുകൾ എന്നിവയുടെ

സാധ്യതകൾഏകോപിപ്പിച്ച് സൂക്ഷ്മതലസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്ക് രൂപം നൽകും. ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായിവായ്പയും സബ്സിഡിയും ലഭ്യമാക്കുന്ന പ്രൊജക്ടുകൾ രൂപപ്പെടുത്തും. യുവജനങ്ങൾക്ക് അവരുടെ മികവ് അനുസരിച്ച് തൊഴിലവസരം ലഭിക്കുന്നതിന് നൈപുണ്യവികസന പരിശീലനം സംഘടിപ്പിക്കും. ഇതിനായി ഋഋീീ്യ സീീംഹലറഴല ങശശൈീിൻറെ സഹകരണവും കണ്ടെത്തും.പരിസ്ഥിതി സംരംക്ഷണം വനവൽക്കരണം മണ്ണ് -ജല സംരംക്ഷണം തുടങ്ങിയവയ്ക്കുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കും. വിളവിസ്തൃതി വർദ്ധിപ്പിക്കും, ഉൽപാദനക്ഷമതക്കൂട്ടും,ജൈവപച്ചക്കറി പ്രോത്സാഹിപ്പിക്കും, ഇതിനായി ജൈവവള നിർമ്മാണ സാധ്യത കണ്ടെത്തും. ഫലവൃക്ഷതൈകൾ, വിത്ത് വിതരണം എന്നിവ പ്രോത്സാഹിപ്പിക്കും. കാർഷിക കർമ്മസേന രൂപീകിച്ച് അവരുടെ പ്രവർത്തനംകാര്യക്ഷമമാക്കും. ഇവ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കും. പരിസ്ഥിതിയിലും പ്രവർത്ത നത്തിലും ഹരിതനഗരസഭയാക്കി മാറ്റുന്നതിനാവശ്യമായ കാർബൺ ന്യൂട്രൽ സ്ഥിതി നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൽ കണ്ടെത്തുകയും നടപ്പിൽ വരുത്തുകയും ചെയ്യും. നഗരസഭയ്ക്ക് ആവശ്യമായ നടീൽ വസ്തുക്കളും ജൈവവളം ഉൾപ്പെടെയുള്ള ഉൽപ്പാദനോപാദികളും നൂതന കൃഷിരീതികളും കർഷകരിലെത്തിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിക്കും.

കാലാവസ്ഥ വ്യതിയാനത്തിൻറെ ആഘാതം കുറക്കുന്നതിനും പ്രകൃതി ക്ഷോഭം തുടങ്ങിയ ദുരന്തങ്ങൽ കുറക്കുന്നതിനാവശ്യമായ ഹ്രസ്വ-ദീർഘ കാല പദ്ധതികൾ തയ്യാറാക്കുക ഇതിനായി നേരത്തെ തയ്യാറാക്കിയ ദുരന്തനിവാരണ ലഘൂകരണ പദ്ധതി കാലാനുസൃതമായി മാറ്റപ്പെടുത്തുകയും വാർഷിക പദ്ധതികളോടൊപ്പം ചേർന്ന് നടപ്പിലാക്കുകയും ചെയ്യും.കമ്മ്യൂണിറ്റി റെസ്ക്യൂ വളണ്ടിയർമാരെ പരിശീലിപ്പിക്കുകയും ക്ലൈമെറ്റ് റേസ്ലിയൻസ് കേരള എന്ന ലക്ഷ്യത്തോടൊത്തു പ്രവർത്തനം സംഘടിപ്പിക്കും.

സാധ്യമായ എല്ലാ മേഖലകളിലും തൊഴിലുറപ്പ് പദ്ധതിയുമായും കുടുംബശ്രീയുടെയും സംയോജനം ഉറപ്പാക്കികൊണ്ട് വിവിധ സാധ്യത കണ്ടെത്തും. നിലാവ് പോലുള്ള പദ്ധതികളുടെ അറ്റകുറ്റ പ്രവൃത്തികൾ കുടുംബശ്രീയെ ഏൽപ്പിക്കുന്ന കാര്യവും പരിശോധിക്കും.

ജെൻറർ സെൻററിൻറെയും കമ്മ്യൂണിറ്റി ഹ്യൂമൺ ഫെസിലിറ്റേറ്ററുടെയും നേതൃത്വത്തിൽ ജാഗ്രത സമിതികൾ കാര്യക്ഷമമാക്കാനും വനിത വികസനപ്രവർത്തനങ്ങളും ലിംഗ പദവികളും സൗഹൃദപ്രവർത്തനവും ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതികളും കുട്ടികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ തുടങ്ങിയവരുടെ വിവിധ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സമൂഹത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അവരെ അതിൻറെ ഭാഗമാക്കുകയും ചെയ്യും ഇതിനായി ഇവരുടെ പ്രത്യേകഗ്രാമസഭകൾ വിളിച്ച് ചേർത്ത് പ്രശ്നങ്ങൾആരായും. അവർക്കുള്ള ശാരീരിക മാനസിക സാംസ്കാരിക പിന്തുണസംവിധാനങ്ങളും സുരക്ഷിതത്വവും ഉറപ്പാക്കും.

അതിദാരിദ്യം ഇല്ലാതാക്കാൻ സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള പദ്ധതികൾ, വാതിൽപടി സേവനം , എൻറെ തൊഴിൽ എൻറെ അഭിമാനം, തെളിനീരൊഴുകും നവകേരളം തുടങ്ങിയ പദ്ധതികളും അതാതു വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നഗരസഭ നടപ്പിലാക്കും. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തിയായപ്പോൾ

കണ്ടെത്തിയവരെ സർക്കാർ നിർദ്ദേശിച്ച കാലയളവിൽ മൈക്രോപ്ലാനുകൾ തയ്യാറാക്കി അവരെ സംരക്ഷിക്കും. സർക്കാർ നിർദ്ദേശിച്ച സേവന പദ്ധതികളും നഗരസഭ തയ്യാറാക്കുന്ന പദ്ധതികളും ഉൾപ്പെടെ സമൂഹത്തിൽ വികസനത്തിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും സന്നദ്ധപ്രവർത്തകരുടെ സേവനത്തോടെ നടപ്പിലാക്കും. കേരളത്തെ ഒരു വിജ്ഞാനസമ്പത്ത് വ്യവസ്ഥയാക്കി വളർത്തിയെടുക്കുന്നതിനും അഭ്യസ്ഥവിദ്യരുടെ യോഗ്യതക്കും നൈപുണ്യത്തിനും അനുസരിച്ച് തൊഴിൽ ലഭിക്കാൻ സാധിക്കുന്നതിനായി തൊഴിലന്വേഷകരേയും തൊവിൽ ദാദാക്കളെയും ഒരേ ഫ്ളാറ്റ്ഫോമിൽ എത്തിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എൻറെ തൊഴിൽ എൻറെ അഭിമാനം ഈ നഗരസഭയിലും നടപ്പിലാക്കും.

നമ്മുടെ നഗരസഭയിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ, വികസനപ്രവർത്തനങ്ങൾ, ഇന്നത്തെ അവസ്ഥ, നിലനിൽക്കുന്ന പ്രശ്നങ്ങൾ, ദീർഘകാലത്തോടെ നടപ്പിൽ വരുത്തേണ്ട അത്യന്താപേക്ഷിതമായ അടിസ്ഥാന സൗകര്യങ്ങൾ അടിന്തിരമായി ചെയ്തു തീർക്കേണ്ടുന്ന പദ്ധതികൾ നഗരസഭ എന്ന നിലയിൽ വിവിധ വിഷയ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ വിലയിരുത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തതിൻറെ അടിസ്ഥാനത്തിലാണ് നഗരസഭയുടെ വികസന തന്ത്രം ഉൾചേർത്തിട്ടുള്ളത്. ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, സമയബന്ധിതവും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന നവകേരള പരിപാടിയും ആറു സുപ്രധാന ഘടകങ്ങളെ ഉൾചേർത്തുകൊണ്ട് അടിയന്തിര പ്രശ്നപരിഹാര സാധ്യതകൾക്കും ആരംഭിച്ച മിഷനുകളെ കോർത്തിണക്കി പദ്ധതി വിഹിതവും കേന്ദ്രസംസ്ഥാന പദ്ധതികളും മറ്റുമേഖലകളിൽ നിന്നുള്ള സഹായവും സംയോജിപ്പിച്ചുകൊണ്ട് പൊതുജനപങ്കാളിത്തത്തോടെയും സഹകരണത്തോടെയും നടപ്പിൽ വരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

പതിമൂന്നാം പഞ്ചവത്സരപദ്ധതികാലയളവിൽ നഗരസഭ നടത്തിയ സർവ്വേയിൽ കണ്ടെത്തിയ താമസയോഗ്യമല്ലാത്ത വീടില്ലാത്തവർക്ക് ലൈഫ്/പി എം എ വൈ പദ്ധതി പ്രകാരവും,സന്നദ്ധസേനകളെയും ചാരിറ്റബിൾ സംഘങ്ങളേയും, പ്രവാസികളുടെയും സഹകരണസംഘങ്ങളുടെയും സേവനം ഉപയോഗപ്പെടുത്തി 405 കുടുംബങ്ങൾക്ക് പാർപ്പിടസൗകര്യം ഉറപ്പുവരുത്തുന്നതിന് സാധിച്ചു എങ്കിലും ഭൂമിയും വീടും ഇല്ലാത്തവരായി സർവ്വേയിൽ കണ്ടെത്തിയ കുടുംബങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് മേൽപ്പറഞ്ഞ സംവിധാനങ്ങളുടെ സഹായത്തോടെ ആവശ്യമായ നടപടികൾ നഗരസഭ ഈ പഞ്ചവത്സരപദ്ധതികാലയളവിൽ നടപ്പിൽ വരുത്തും.

നമ്മുടെ നഗരസഭയിൽ 2009-ലെ സർവ്വെപ്രകാരം 3101 ബി പി എൽ കുടുംബങ്ങൾ ഉണ്ട്. കണ്ടെത്തിയ ഭവന രഹിതർ, തൊഴിലില്ലാത്തവർ, അഗതികൾ, വൃദ്ധൻമാർ, ഭിന്നശേഷിക്കാർ എന്നിവർക്കെല്ലാം താങ്ങ് നൽകികൊണ്ട് ജീവിക്കാനാവശ്യമായസാഹചര്യങ്ങളും ചികിത്സ സൗകര്യങ്ങളും ആരോഗ്യവും നൽകുന്നതിനാവശ്യമായ പദ്ധതികൾ ഈ കാലയളവിനുള്ളിൽ നടപ്പിലാക്കുന്നുണ്ട്.

അതിവേഗം നഗരവത്ക്കരണം നടന്നുകൊണ്ടിരിക്കുന്ന പ്രദേശമാണ് ഇരിട്ടി നഗരസഭ. മാലിന്യങ്ങൾ വർദ്ധിച്ചുവരാനുള്ള സാധ്യതയും ഇതുതന്നെയാണ്. കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്തുണ്ടായിരിക്കുമ്പോൾ തന്നെ ശുചിത്വ നിലവാരം പുലർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും അഭിനന്ദനാർഹമായ നേട്ടം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള അംഗീകാരം നിർമ്മൽ പുരസ്കാർ **2007-2008** ൽ ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതിയിൽ നിന്നും ഏറ്റുവാങ്ങുകയും ചെയ്തു. എന്നിരുന്നാലും എക്കാലവും ശുചിത്വത്തോടെ നഗരസഭയെ സംരക്ഷിക്കേണ്ട ബാധ്യ ഭരണസമിതിക്കും സമൂഹത്തിനും ഉണ്ട്. ജൈവമാലിന്യങ്ങളെ ഉറവിട സ്ഥാനത്തുവച്ചും അജൈവമാലിന്യങ്ങളെ കേന്ദ്രീകൃതമായി സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു. ഇതിനായി അത്തിത്തട്ടിൽ ടഞ്ചിംഗ് ഗ്രൗണ്ടിൽ ഉപകരണങ്ങൾ സ്ഥാപിച്ചു. ജൈവമാലിന്യ സംസ്കരണവും ജൈവവള നിർമ്മാണവും കുറ്റമറ്റ രീതിയിൽ ദീർഘകാല കാഴ്ചപ്പാടോടെ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിത മിഷനുമായും, ശുചിത്വമിഷനുമായി ചേർന്ന് പ്രവർത്തിക്കുന്നതാണ്. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ആവശ്യമായ പദ്ധതികൾ നഗരസഭ ആരംഭിക്കുന്നതാണ്. പൊതുജനാരോഗ്യരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ മറ്റ് സംസ്ഥാനങ്ങൾക്കു തന്നെ മാത്ൃകയാണ്.

അദ്ധ്യായം 5

# പ്രൊജക്ട് ആശയങ്ങൾ

സംയോജിത നീർത്തട പരിപാലന സമീപനത്തിലൂടെ ഭക്ഷ്യോൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കൃഷി മൽസ്യ കൃഷി മൃഗ സംരക്ഷണം എന്നിങ്ങനെ യുള്ള കൃഷികൾ ഉൾപ്പെടുന്ന സംയോജന കൃഷി സമ്പ്രദായം നടപ്പിൽ വരുത്തി കർഷകന് പരമാവധി വരുമാനം ലഭിക്കുന്ന പദ്ധതികൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങളാണ് വികസന മേഖലയിൽ 2022 -27 പഞ്ചവത്സര പദ്ധതി വർഷത്തിൽ നഗരസഭ വിഭാവനം ചെയ്യുന്നത്.

മണ്ണ് ജല സംരക്ഷണം പരിസ്ഥിതി സംരക്ഷണം വന വൽക്കരണം എന്നിവക്ക് മുൻഗണന നൽകി ഭക്ഷ്യ വിളകളുടെ വിള വിസ്തൃതി ഉൽപ്പാദനം ഉൽപ്പാദന ക്ഷമത ജൈവ വളങ്ങളുടെയും ജൈവ കീടനാശിനികളുടെയും ഉപയോഗത്തിലൂടെ ജൈവ കൃഷി എന്നിവയാണ് നഗരസഭ വിഭാവനം ചെയ്യുന്നത്കൃഷിക്കായി വിനിയോഗിക്കപെടുന്ന ഭൂവിസ്തൃതി വർഷാവർഷം കുറയുന്നത് കാർഷിക മേഖലയുടെ അപചയത്തിന് കാരണമാവുന്നുണ്ട്. അതിന് പരിഹാരമെന്നോണം പാടശേഖര സമിതികളുടെ കാര്യക്ഷമമായ ഊർജ്ജിത പ്രവർത്തനങ്ങൾ,യന്ത്രവൽക്കരണം,മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റൽ കാർഷിക മേഖലയുടെ ഉന്നതിക്ക് പര്യാപ്തമാണ് .

മൃഗസംരക്ഷണ മേഖലയിൽ പാൽ, മുട്ട, മാംസം, എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നഗരസഭ തയ്യാറാക്കുന്നുണ്ട് ,പാലിൻറെ ഉത്പാദനവും ഗുണനിലവാരവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പ്രോത്സാഹിപ്പിക്കുന്നതിന് ക്ഷീര വികസന മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രൊജെക്ടുകൾ അയ്യങ്കാളി തൊഴിലുറപ്പുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കുന്നതിന് നഗരസഭ വിഭാവനം ചെയ്യുന്നുണ്ട് ,നഗരസഭയിലെ മൽസ്യ സമ്പത്തിന്റെ സുസ്ഥിര പരിപോക്ഷണം ജൈവ വൈവിധ്യ സംരക്ഷണം,പരമ്പരാഗത മൽസ്യ തൊഴിലാളികളുടെ സുസ്ഥിര ഉപജീവനം എന്നിവ മൽസ്യ സംരക്ഷണ മേഖലയിലെ വികസനത്തിൻറെ മുഖ്യ ലക്ഷ്യമാണ്, മൽസ്യ വിപണനം ആധുനിക വൽക്കരിക്കുന്നതിനും അത് നടത്തുന്നവർക്കുള്ള അടിസ്ഥാന സൗകര്യം കണ്ടൽ കാടുകൾ ഉൾപെടെ ഉള്ള തീര സംരക്ഷണ ഉദ്യമങ്ങൾ,കാലാവസ്ഥാ വ്യതിയാനം മുൻനിർത്തിയുള്ള പ്രതിരോധ നടപടികൾ,കൃഷി അനുബന്ധ മേഖലയുമായി ചേർന്ന് സംയോജിത പ്രൊജെക്ടുകൾ നടപ്പാക്കൽ എന്നിവയാണ് നഗരസഭ ഉദ്ദേശിക്കുന്നത്,

കാർഷിക വികസനം മൃഗ സംരക്ഷണം ക്ഷീര വികസനം മൽസ്യ വികസനം എന്നീ മേഖലകളിലെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നഗരസഭയിൽ നിന്ന് തന്നെ തയ്യാറാക്കി വിപണി സാധ്യത കണ്ടെത്തുന്നതിനുള്ള വികസന പരിശീലനങ്ങൾ കുടുംബശ്രീ സംവിധാങ്ങളെ ഉപയോഗിച്ചുകൊണ്ട് നടപ്പാക്കുന്നതിന് നഗരസഭ ലക്ഷ്യമിടുന്നുണ്ട്

പരിസ്ഥിതിക്ക് അനിയോജ്യവും ലളിതവുമായ യന്ത്ര വൽക്കരണം പ്രോൽസ്സാഹിപ്പിക്കുന്നതിനും-ഡിജിറ്റൽ വിപണന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും നഗരസഭാ ലക്ഷയമിടുന്നു.

വായ്പ്പാബന്ധിത തൊഴിൽ സംരംഭകത്വ പ്രൊജെക്ടുകളെ പ്രോൽസാഹിപ്പിച്ചുകൊണ്ട് സഹകരണ മേഖലയുടെ സഹായത്തോടെ സൂക്ഷ്മ സംരംഭക വികസനം നഗരസഭ ലഷ്യമിടുന്നുണ്ട് .പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് അക്ഷയോർജ്ജ ഉപകാരങ്ങളുടെ വ്യാപനത്തിനായി അനർട്ടിന്റെ സാങ്കേതിക സഹായത്തോടെ പദ്ധതികൾ നഗരസഭാ ആസൂത്രണം ചെയ്യുന്നു.നിലാവ് പ്രോജക്ടിന്റെ ഭാഗമായി LED ലൈറ്റുകളുടെ വൈദ്യുതോപയോഗം കണക്കാകുന്നതിനായി മീറ്റർ സ്ഥാപിക്കുന്ന പ്രൊജെക്ടുകൾ വിദ്യാഭ്യാസ വികസന പ്രൊജെക്ടുകൾ വിദ്യാകിരണം പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപെട്ടു നഗരസഭാ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ നഗരസഭ പരിപാടി ആസൂത്രണം ചെയ്യുന്നതാണ്. പഠന നിലവാരം ഉയർത്തുക കുട്ടികളുടെ സർഗാത്മക ശേഷി വികസന പരിശീലനം,അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ചു സ്കൂളുകളിൽ അടുക്കള ഡൈനിങ് ഹാൾ ടോയ്ലറ്റ് എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും സന്നദ്ധ സേവകരെയും അധ്യാപകരെയും പങ്കെടുപ്പിച്ചു കുട്ടികൾക്ക് സൗജന്യ പഠന പരിപോഷണം,ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്കു ഭൗതിക സൗകര്യങ്ങൾ പ്രധാനം ചെയ്യൽ ,പൗര ബോധം പരിസ്ഥിതി ബോധം ലിംഗ സമത്വം കാർഷിക അഭിരുചി ശുചിത്വ ബോധം മാലിന്യ സംസ്കരണം- ജല സംരക്ഷണം എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് അപബോധം സൃഷ്ടിക്കുന്നതിനുള്ള പ്രൊജെക്ടുകൾ നഗരസഭ വിഭാവനം ചെയ്യുന്നുണ്ട്.

നവകേരളാ കർമപദ്ധതി 2 ലെ ആർദ്രം പദ്ധതി നഗരസഭയുടെ പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നതാണ് . ജീവിതശൈലി രോഗ പ്രധിരോധ പ്രവർത്തനങ്ങൾ ആയുഷ് ഹെൽത്ത് വെൽനെസ്സ് സെന്ററുകൾ ,സ്ത്രീകളുടെ ആരോഗ്യ പരിപാലനം വയോജനകളുടെ ക്ഷേമവും പാലിയേറ്റിവ് കെയർ സംഭിധാനവും ക്യാൻസർ ,കിഡ്നി ,കരൾ എന്നീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ക്യാമ്പുകൾ ആരോഗ്യ മേഖലയിലെ ബോധവത്കരണ പരിപാടികൾ ദുരന്ത നിവാരണത്തിന്റെ ഭാഗമായി ആരോഗ്യ ജാഗ്രതാ പദ്ധതികൾ ആരോഗ്യ മേഖലയിൽ നഗരസഭ വിഭാവനം ചെയ്യുന്നുണ്ട് .

സ്ത്രീകൾ കുട്ടികൾ തുടങ്ങി പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ക്ഷേമ പുനരധിവാസ പദ്ധതികൾ ബഡ്സ് സ്കൂൾ ,ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ,മദ്യം മയക്കുമരുന്ന് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ അങ്കണവാടികളുടെ പരിപാലനം എന്നിവ നഗരസഭയുടെ പദ്ധതികളിൽ ഉൾപ്പെടുന്നതാണ് .

പാർപ്പിടം കായിക വിനോദ സൗകര്യങ്ങൾ സഹകരണം കലയും സംസ്കാരവും ഗതാഗതം പ്രവാസി ക്ഷേമം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതി രൂപീകരിക്കുന്നതിനും സമയക്രമം പാലിച്ചു നടപ്പിലാക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നു

